


# ക്രിസ്തീയ ന്യായവാദശാസ്ത്രം

## Christian Apologetics


LEADING CHRISTIAN MAGAZINE

ആത്മാഭിഷേകം

2016 ജൂൺ വാല്യം 1 ലക്കം 6




## ക്രിസ്തീയ ന്യായവാദ ശാസ്ത്രം (CHRISTIAN APOLOGETICS)

ആത്യന്തികമായ ദൈവവെളിപ്പാടാണ് ബൈബിൾ. നാമധേയ ക്രിസ്ത്യാനികൾ ബൈബിളിനു പുറത്തും ദൈവവെളിപ്പാടുണ്ട് എന്ന് വിശ്വസിക്കുന്നു. യഥാർത്ഥ ക്രിസ്ത്യാനികൾ (ചർച്ച് ഓഫ് ഇറ്റേണിറ്റിയും വലുതും ചെറുതുമായ സമാന സഭകളും) ബൈബിൾ ആധികാരികമായ ദൈവവെളിപ്പാടാണെന്ന് വിശ്വസിക്കുന്നു. കാരണം ബൈബിളിലെ കേന്ദ്രവിഷയം യേശുക്രിസ്തു വഴിയുള്ള മനുഷ്യന്റെ വീണ്ടെടുപ്പാണ്. വീണ്ടെടുക്കപ്പെടുകയും, വീണ്ടും ജനിക്കുകയും ചെയ്ത മനുഷ്യന് പരിശുദ്ധാത്മപരിപാലനയും, യഹോവ തന്നെയായ, ക്രിസ്തു നൽകുന്നു. മാനസാന്തരപ്പെട്ട് ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കെല്ലാം നിത്യരക്ഷയും ഉറപ്പാണ്. ഈ ആദ്ധ്യാത്മിക വിഷയം ബൈബിളിലാണ് വെളിപ്പെടുത്തിയിരിക്കുന്നത്. മറ്റൊരു ഗ്രന്ഥത്തിലോ, ശാസ്ത്രഗ്രന്ഥത്തിലോ, കുർബ്ബാന-നൊവേന പുസ്തകങ്ങളിലോ മാനവരക്ഷയുടെ മഹത്തായ ആമർമ്മം വെളിപ്പെടുത്തിയിട്ടില്ല.

ദൈവത്തിന്റെയും വചനത്തിന്റെയും സത്യസഭയുടെയും യഥാർത്ഥ ശത്രുവായ സാത്താൻ, വചനത്തെയും സഭയെയും കാലാകാലങ്ങളിൽ ആക്രമിച്ചുകൊണ്ടേയിരിക്കുന്നു. സാത്താൻ ഉപയോഗിക്കുന്നത് മനുഷ്യരെയാണ്. അതും കൂടുതൽ അറിയപ്പെടുന്ന, അധികാരങ്ങളും കഴിവുകളും ഉള്ള പ്രഗത്ഭമതികളെയാണ്. അതുകൊണ്ട് ഒരു താക്കീതുപോലെ ബൈബിൾ ഇങ്ങനെ എഴുതിയിരിക്കുന്നു: "കർത്താവിന്റെ നാൾ അടുത്തിരിക്കുന്നുവെന്നുവെച്ച് നിങ്ങൾ വല്ല ആത്മാവിനാലോ വചനത്താലോ ഞങ്ങൾ എഴുതി എന്ന ഭാവത്തിലുള്ള ലേഖനത്താലോ, സുബോധം വിട്ട് വേഗത്തിൽ ഇളകുകയും ഞെട്ടിപ്പോകയും അരുത്. ആരുംഏതുവിധേനയും നിങ്ങളെ ചതിക്കരുത്, ആദ്യമേ വിശ്വാസത്യാഗം സംഭവിക്കുകയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടു






"കയും വേണം" (2 തെസ്സ.2:2,3).

വല്ല വചനവുമുണ്ട്, വല്ല ആത്മാവുമുണ്ട്. സുബോധം വിട്ട് വേഗത്തിൽ ഇളകുന്നവരുമുണ്ട്. അവരൊക്കെ സത്യവചനം മിഥ്യാ വചനമാണെന്നും സത്യസഭ ചതിക്കുന്ന സഭയാണെന്നും കുപ്രചരണം നടത്തുവാൻ സാധ്യതയുണ്ട്. അതുകൊണ്ടാണ് എതിർക്കേണ്ടവരെ എതിർക്കുവാനും, അംഗീകരിക്കേണ്ടവരെ ദൈവതിരുമുമ്പിൽ സമർപ്പിച്ച് അംഗീകരിക്കുവാനുമായി ആത്മാഭിഷേകം മാസികയിൽ ഈ കുറിപ്പ് എഴുതുന്നത്.

സകല ദുരുപദേശങ്ങളെയും നാം എതിർക്കേണം. കാരണം ദുരുപദേശങ്ങൾപുളിമാവുപോലെ അനേകരെ കുഴപ്പത്തിലാക്കും.

കള്ളപ്രവാചകരെയും നാം എതിർക്കേണം. "കള്ളപ്രവാചകന്മാർ പലരും ലോകത്തിലേയ്ക്ക് പുറപ്പെട്ടിരിക്കുകയാൽ ഏത് ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്ന് ശോധന ചെയ്യുവിൻ" (1 യോഹ.4:1). "കള്ളപ്രവാചകന്മാർ പലരും വന്ന് അനേകരെ തെറ്റിക്കും" (മത്താ.24:11).

ഓരോരോ കാലഘട്ടങ്ങളിലും പ്രത്യേകിച്ച്, അന്ത്യകാലത്തും, വ്യാജോപദേഷ്ടാക്കന്മാരും പ്രസംഗകരുംവർദ്ധിക്കും. ക്രൈസ്തവാദ്ധ്യാത്മികതയിലെ ഭൂരിഭാഗവും "വിശ്വാസത്യാഗ"ത്തിലാകും. വചനത്തോടും വേദപുസ്തകനീതിയോടും വിശ്വസ്ത പുലർത്തുന്നവർ ന്യൂനപക്ഷമാകും. വിശ്വാസികൾ എന്ന് ഭാവിക്കുന്നവർ പോലും പുതിയ വെളിപ്പാടാണ് എന്നു പറഞ്ഞ് ആരെങ്കിലും "ഊതിവീഴ്ത്തുകയോ" "പ്രോസ്പിരിറ്റി തിയോളജി" പ്രസംഗിക്കുകയോ ചെയ്താൽ അങ്ങോട്ടേയ്ക്കോടും. വെള്ളമോ എണ്ണയോ മറ്റുള്ളവരുടെ മേൽ തെളിച്ചുകൊണ്ടോ, ടൗവ്വൽ വീശി ക്കൊണ്ടോ, ടച്ച് എന്നോ പവ്വർ എന്നോ ഫയർ എന്നോ പറഞ്ഞ് കൂട്ടത്തോടെ മറിഞ്ഞുകെട്ടി വീഴാൻ ഭാവിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്താൽ സാത്താൻ തക്കസമയത്ത് അവരെ വീഴിച്ചിരിക്കും. ഇത്തരം പ്രസംഗകരും ശുശ്രൂഷകരും സഭാനേതൃത്വത്തിന്റെ മുൻനിരയിലെത്താൻ സാത്താൻ വേണ്ടതൊക്കെ ചെയ്തിരിക്കും. "കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ. അവർ ആടുകളുടെ വേഷം പൂണ്ട് നിങ്ങളുടെ അടുക്കൽ വരുന്നു. അകമെയോ കടിച്ചുകീറുന്ന ചെന്നായ്ക്കളാകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം. മുള്ളുകളിൽ നിന്ന് മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽ നിന്ന് അത്തിപ്പഴവും പറിക്കാറുണ്ടോ? നല്ല വൃക്ഷമൊക്കെയും നല്ല ഫലം കായ്ക്കുന്നു. ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു. നല്ല വൃക്ഷത്തിന് ആകാത്ത ഫലമോ ആകാത്ത വൃക്ഷത്തിന് നല്ല ഫലമോ കായ്പ്പാൻ കഴിയുകയില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷമൊക്കെയും വെട്ടി തീയിലിടുന്നു. ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ

ഉള്ളടക്കം
content

സത്യദൈവശാസ്ത്രം ****2-15
മൂത്രത്തിൽ കല്ലിന്റെ രോഗം - പൂർണ്ണസൗഖ്യം **** 6
നടുവേദന - പൂർണ്ണസൗഖ്യം **** 11
ഹെർപ്പിസ് എന്ന രോഗം - പൂർണ്ണസൗഖ്യം**** 13
പ്രാർത്ഥനയാൽ കുഞ്ഞിനെ ലഭിച്ചു **** 14
ആരാധനാ കേന്ദ്രങ്ങളും ശുശ്രൂഷകരും**** 16-20
സത്യദൈവശാസ്ത്രം 21-33
ഉപ്പൂറ്റിക്ക് വേദന - പൂർണ്ണസൗഖ്യം**** 25
യൂട്രസ്സിൽ മുഴ - പൂർണ്ണസൗഖ്യം **** 30
കൃപയാൽ കുഞ്ഞിനെ ലഭിച്ചു **** 31
വാർത്തകൾ - 34
പ്രോഗ്രാം കലണ്ടർ- 35

# ക്രിസ്തീയ ന്യായവാദശാസ്ത്രം
# Christian Apologetics



അവരെ തിരിച്ചറിയും. എന്നോട് കർത്താവെ, കർത്താവെ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെയിഷ്ടം ചെയ്യുന്നവനത്രെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്. കർത്താവെ, കർത്താവെ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും, നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോട് പറയും. അന്ന് ഞാൻ അവരോട്: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല. അധർമ്മം പ്രവർത്തിക്കുന്നവരെ എന്നെ വിട്ട് പോകുവിൻ എന്ന് തീർത്തുപറയും" (മത്താ.7:15-23).

കർത്താവിനെ കൂടെക്കൂടെ വിളിക്കരുതെന്ന് പരിശുദ്ധാത്മാവ് ഇവിടെയുദ്ദേശിക്കുന്നില്ല. വീര്യപ്രവർത്തികൾ ആരും ചെയ്യാൻ പാടില്ലായെന്നും ഇവിടെയുദ്ദേശിക്കുന്നില്ല. എല്ലാ വിശ്വാസികളും പ്രത്യേകിച്ച് വരദാനങ്ങൾ ലഭിച്ചവർ അവകളുപയോഗിക്കുന്നതിനേക്കാൾ പ്രാധാന്യത്തോടെ, ദൈവേഷ്ടമനുസരിച്ച് ജീവിക്കണമെന്നാണ് പറയുന്നത്. അതാണ് മർമ്മം. അങ്ങനെ അവരുടെ ഹൃദയം ദൈവത്തിലല്ലാതെയിരിക്കെ വീര്യപ്രവൃത്തികൾ ചെയ്താൽ തന്നെയും താനവരെ തള്ളിക്കളയുമെന്നാണ് ഉദ്ദേശിക്കുന്നത്.

ഭൂതാരാധനക്കാർ ലോകമെങ്ങും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ജ്യോതിഷത്തിലും മന്ത്രവാദത്തിലും ശകുനം നോട്ടത്തിലും, വാസ്തുവിദ്യയിലും ആത്മവിവശതയെന്ന വ്യാജേന (കൗൺസിലിംഗ്സമയം) കഴിഞ്ഞകാലജീവിതത്തിലെ ലൈംഗികാരാജകത്വമുൾപ്പെടെ ചില കാര്യങ്ങൾ അടയാളസഹിതം പറഞ്ഞുകൊണ്ടും, ഊതിവീഴ്ത്തിക്കൊണ്ടും വിശുദ്ധ ചുമയും വിശുദ്ധ ഛർദ്ദിപ്പിക്കൽതുടങ്ങിയവ ചെയ്യിച്ചും, വീട്ടുമുറ്റത്ത് നിന്നോ അടുപ്പിൽനിന്നോ ചില തകിടുകൾ എടുപ്പിച്ചുകാണിച്ചുകൊണ്ടും, ഒക്കെയാണ് "ദൈവാത്മാവിന്റെ നിസ്" എന്ന് വരുത്തിതീർക്കുന്നവരുടെ എണ്ണം അന്ത്യകാലമടുക്കുമ്പോൾ കൂടിക്കൂടി വരികയാണ്. ഇവർ ഭൂതത്തെ ഇറക്കുന്നവരും, മനുഷ്യരുടെ കഴിഞ്ഞകാല സംഭവങ്ങളും വരുംകാല സംഭവങ്ങളും കിളി കിളി പോലെ പറയുന്നവരുമാണെന്ന് പറഞ്ഞറിഞ്ഞ് ആളുകളോടിക്കൂടും. ഇത്തരം മിടുക്കന്മാർ ഒത്തിരി സമ്പാദിക്കും. പക്ഷെ ഇതിന് വിധേയപ്പെടുന്നവർക്ക് അടിസ്ഥാനമാനസാന്തരം കാണുന്നില്ല, സമ്പാദ്യം കൂട്ടുന്ന ശുശ്രൂഷകർക്ക് അധികം ആത്മീയ നിലനിൽപ്പോ, ജനലക്ഷങ്ങൾക്ക് ആത്മീയനില നിൽപ്പിനുള്ള സഭാനിർമ്മാണകുശലതയോ യാതൊന്നും കാണുന്നില്ല.

## വിശ്വാസത്യാഗം

"ആദ്യമേ വിശ്വാസത്യാഗം സംഭവിക്കും" (2 തെസ്സ. 2:3). എന്താണിവിടെ ഉദ്ദേശിക്കുന്നത്? ക്രിസ്തുവിന്റെ സമൃക്കായ ഉപദേശങ്ങളെയും പരിശുദ്ധാത്മാവിന്റെ യഥാർത്ഥമായ പ്രവർത്തനങ്ങളെയും കണ്ടും കേട്ടും വളരുന്ന വിശ്വാസിയും ശുശ്രൂഷകനും അവരെ വളർത്തിയ സഭയിൽ നിന്നും ഗ്രൂപ്പിൽ നിന്നും, താനാണ വരേക്കാൾ വളർന്നതെന്ന ഭാവത്തിൽ, ആദ്യം പിന്മാറ്റത്തിലും ഒടുവിൽ ഒരു പുതിയപ്രസ്ഥാനത്തിന് ജന്മം കൊടുത്തുകൊണ്ടും മാറിപ്പോകുവാൻ പിശാച് നേതൃത്വം കൊടുക്കുമ്പോൾ സംഭവിക്കുന്ന വീഴ്ചയാണ് വിശ്വാസത്യാഗം.

നാം വിശ്വാസത്യാഗികളായി ത്തീരുകയല്ല, നമ്മെ രക്ഷിച്ച ക്രിസ്തുവിനുവേണ്ടിയും അതിന് കളമൊരുക്കിയ സഭയ്ക്കുവേണ്ടിയും പോരാടുകയാണ് നമ്മുടെ ചുമതല. ക്രിസ്തീയ വിശ്വാസപ്രമാണമായ തിരുവചനം ശരിയായി മനസ്സിലാക്കി അതിന് അനുസൃതമായാണ് നാം ജീവിക്കുന്നതെങ്കിൽ, "പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോട് നാം തുല്യരാകുന്നു" (മത്താ.7:24).

ഇവിടെയാണ് ക്രിസ്തീയ ന്യായവാദശാസ്ത്രത്തിന് (ക്രിസ്റ്റ്യൻ അപ്പോളജറ്റിക്സ്) പ്രസക്തി വർദ്ധിക്കുന്നത്. ക്രിസ്തീയ ന്യായവാദശാസ്ത്രത്തിന്റെ നാരായ വേര്, യേശുക്രിസ്തുവിന്റെ ക്രൂശിലെ ബലി, അക്കാര്യത്തിൽ വിശ്വസിക്കുന്നവർക്കുവേണ്ടിയുള്ള പ്രായശ്ചിത്തപകരമരണമാണെന്ന ശക്തമായ




വിശ്വാസമാണ് (യോഹ.3:16,17,18).

**ആ വിശ്വാസത്താൽ മാത്രമാണ് രക്ഷ**

ആ നാരായവേരോടൊപ്പം ആ വൻ വൃക്ഷത്തെ താങ്ങിനിറുത്തുന്നത് ചുറ്റോടുചുറ്റും സഞ്ചരിക്കുന്ന ഇതരവേരുകളാണ്. സാത്താൻ നമ്മെ തോല്പിക്കാതിരിക്കത്തക്കവണ്ണം (2 കൊറി.2:11) യഥാർത്ഥ വിശ്വാസസംരക്ഷണത്തിനുവേണ്ടി സഭയുടെ ശാസനത്തിനും സുവിശേഷപ്രചാരണത്തിനും സ്വയം സമർപ്പിക്കുക എന്നുള്ളത്. “നിങ്ങളുടെ അരയ്ക്ക് സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാനസുവിശേഷത്തിനുള്ള ഒരുക്കം കാലിനു ചെരുപ്പാക്കിയും എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെയൊക്കെയും കെടുക്കുവാൻ തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നിൽപ്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ (എഫേ.6:14-17).

**ബൈബിൾ**

**വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ**

ബിബ്ലിയ (ഗ്രീക്കുപദം) എന്ന പദത്തിന് പുസ്തകങ്ങൾ എന്നേ അർത്ഥമുള്ളു. ബിബ്ലിയയിൽനിന്നാണ് ബൈബിൾ എന്ന പദമുണ്ടായത്. ദൈവശ്വാസീയമായ തിരുവെഴുത്തുകളുടെ സമാഹാരമെന്നേ ബൈബിൾ എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നുള്ളു. ദാനി. 9:2-ൽ “അവന്റെ വാഴ്ചയുടെ ഒന്നാം ആണ്ടിൽതന്നെ, ദാനിയേൽ എന്ന ഞാൻ. യെരുശലേമിന്റെ ശൂന്യാവസ്ഥ എഴുപത് സംവത്സരം കൊണ്ടു തീരും എന്നിങ്ങനെ യഹോവയുടെ അരുളപ്പാട് യിരമ്യാ പ്രവാചകനുണ്ടായ പ്രകാരം ഒരു കാലസംഖ്യാ “പുസ്തകങ്ങളിൽ” നിന്നു ഗ്രഹിച്ചു” എന്നു നാം വായിക്കുന്നുണ്ടല്ലോ. ‘സെപ്റ്റ്വജിന്റ്’ എന്ന ഗ്രീക്കുസപ്തതിയിൽ പുസ്തകങ്ങൾ എന്ന പ്രയോഗത്തിന് പകരം “റ്റാ ബിബ്ലിയാ” എന്നാണ് ഭാഷാന്തരം ചെയ്തിട്ടുള്ളത്. എ.ഡി 5-ാം നൂറ്റാണ്ടുമുതലേ ബൈബിൾ എന്ന് തിരുവെഴുത്തുകളുടെ സമാഹാരത്തെ വിളിച്ചുതുടങ്ങി.

മത്താ. 21:42-ലും, മർക്കോ. 12:11-ലും, 1 തിമോ.3:14-ലും, 1 തിമോ.3:16-ലും, 2 പത്രോ.3:16-ലും തിരുവെഴുത്തുകൾ എന്നോ തിരുവെഴുത്ത് എന്നോ ബൈബിൾ വാക്യങ്ങളെ വിളിച്ചിട്ടുണ്ട്. കൂടുതലും പഴയനിയമഗ്രന്ഥങ്ങളിലെ വചനങ്ങളെയാണ് തിരുവെഴുത്തുകൾ എന്ന് പറയാറ്. ഉടമ്പടിയെ ആണ് നിയമം എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത്. മോശെ സീനായിൽ ചെയ്ത ഉടമ്പടിയെ നമുക്കോർക്കാം. പുറപ്പാടുപുസ്തകം 24-ൽ 3 മുതൽ 8 വരെ തിരുവെഴുത്തുകൾ : “എന്നാറെ മോശ വന്ന് യഹോവയുടെ വചനങ്ങളും ന്യായങ്ങളുമെല്ലാം ജനത്തെയറിയിച്ചു. യഹോവ കല്പിച്ച സകല കാര്യങ്ങളും ഞങ്ങൾ ചെയ്യുമെന്ന് ജനമൊക്കെയും ഏകശബ്ദത്തോടെ ഉത്തരം പറഞ്ഞു. മോശ യഹോവയുടെ വചനങ്ങളൊക്കെയുമെഴുതി അതികാലത്തെഴുന്നേറ്റ് പർവ്വതത്തിന്റെയടിവശത്ത് ഒരു യാഗപീഠവും ഇസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളുടെ സംഖ്യയ്ക്കൊത്തവണ്ണം പന്ത്രണ്ട് തൂണും പണിതു. പിന്നെയവൻ ഇസ്രായേൽ മക്കളിൽ ചില ബാല്യക്കാരെ അയച്ച് അവർ ഹോമയാഗങ്ങളെ കഴിച്ച് യഹോവയ്ക്ക് സമാഗമയാഗങ്ങളായി കാളകളെയുമർപ്പിച്ചു. മോശ രക്തത്തിൽ പകുതിയെടുത്ത് പാത്രങ്ങളിലൊഴിച്ചു. രക്തത്തിൽ പകുതി യാഗപീഠത്തിന്മേൽ തളിച്ചു. അവൻ നിയമപുസ്തകമെടുത്ത് ജനം കേൾക്കെ വായിച്ചു. യഹോവ കല്പിച്ചതൊക്കെയും ഞങ്ങളനുസരിച്ച് നടക്കുമെന്ന് അവർ പറഞ്ഞു. അപ്പോൾ മോശ രക്തമെടുത്ത് ജനത്തിൻമേൽ തളിച്ചു. ഈ സകല വചനങ്ങളും ആധാരമാക്കി യഹോവ നിങ്ങളോട് ചെയ്തിരിക്കുന്ന നിയമത്തിന്റെ രക്തം ഇതു എന്നു പറഞ്ഞു”. ഉടമ്പടിയെയാണ് നിയമം എന്നു വിളിക്കുന്നത്.

ദൈവം തന്റെ ജനത്തോട് ഉടമ്പടി ചെയ്യുന്നതിന്റെ മുമ്പുതന്നെ, വീണ്ടെടുപ്പിന്റെ ബന്ധത്തിൽ, ചരിത്രത്തിലൂടെ പഴയനിയമം ആഖ്യാനം ചെയ്യുകയായിരുന്നു. ഇസ്രായേൽ ജനം ഒരു പുതിയനിയമത്തെയും പ്രതീക്ഷിക്കുന്നുണ്ടായിരുന്നു. “ഞാൻ ഇസ്രായേൽ ഗൃഹ




ത്തോടും യഹൂദാഗൃഹത്തോടും പുതിയൊരു നിയമം ചെയ്യുന്ന കാലം വരുമെന്ന് യഹോവയുടെ അരുളപ്പാട്. ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കുപിടിച്ച് മിസ്രയീം ദേശത്തുനിന്ന് കൊണ്ടുവന്ന നാളിൽ ഞാൻ അവരോട് ചെയ്ത നിയമം പോലെയല്ല; ഞാൻ അവർക്ക് കർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചുകളഞ്ഞുവെന്ന് യഹോവയുടെ അരുളപ്പാട്. എന്നാലീക്കാലം കഴിഞ്ഞശേഷം ഞാൻ ഇസ്രായേൽ ഗൃഹത്തോട് ചെയ്വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു. ഞാൻ എന്റെ ന്യായപ്രമാണം അവരുടെയുള്ളിലാക്കി അവരുടെ ഹൃദയങ്ങളിലെഴുതും. ഞാൻ അവർക്ക് ദൈവമായും അവരെനിക്ക് ജനമായുമിരിക്കും എന്ന് യഹോവയുടെ അരുളപ്പാട്" (യിര.31:31,32,33).

അതുപോലെ തന്നെ മത്തായി 26:28-ൽ ഇതനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിനുള്ള എന്റെ രക്തം എന്നു പറഞ്ഞുകൊണ്ട് ആ പുതിയനിയമത്തെ കർത്താവ് മുൻകൂട്ടിയറിയിക്കുകയാണ്. അതുപോലെതന്നെ 1 കൊറി.11 -ൽ 25-ാം വാക്യത്തിൽ, "അവ്വണ്ണം തന്നെ അവൻ അത്താഴം കഴിഞ്ഞശേഷം പാനപാത്രവുമെടുത്ത് ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമമാകുന്നു. ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ എന്നു പറഞ്ഞു. 2കൊറി.3:14-ൽ "പഴയനിയമം വായിക്കുമ്പോഴൊക്കെയും ആ മൂടുപടം നീങ്ങാതെ ഇന്നുവരെ ഇരിക്കുന്നുവല്ലോ" എന്നാണ് പറഞ്ഞതെങ്കിൽ 2 കൊറി.3:6-ൽ "അവൻ ഞങ്ങളെ പുതുനിയമത്തിന്റെ ശുശ്രൂഷകന്മാർ ആകുവാൻ പ്രാപ്തരാക്കി; അക്ഷരത്തിന്റെ ശുശ്രൂഷകന്മാരല്ല ആത്മാവിന്റെ ശുശ്രൂഷകന്മാരത്രെ; അക്ഷരം കൊല്ലുന്നു; ആത്മാവോ, ജീവിപ്പിക്കുന്നു" എന്നത്രേ പറയുന്നത്. അപ്പോൾ എന്താണ് ആത്മാവിന്റെ ശുശ്രൂഷ? പുതിയനിയമത്തിന്റെ ശുശ്രൂഷയെയാണ് ആത്മാവിന്റെ ശുശ്രൂഷ എന്നു പറയുന്നത്. ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം പരിശുദ്ധാത്മാവിനാൽ ഒരുവന് വീണ്ടുംജനനം അഥവാ ആത്മസ്നാനം ലഭിക്കുമ്പോൾ ക്രിസ്തു ആത്മാവിൽ നിറഞ്ഞ് പ്രസംഗിച്ചതുപോലെ, ക്രിസ്തു ആത്മാവിൽ നിറഞ്ഞ് രോഗികൾക്കും പിശാച് ബാധിതർക്കും വിടുതൽ കൊടുത്തതുപോലെ ക്രിസ്തുശിഷ്യർക്കും ആത്മാനുഭവം കൊടുക്കാൻ കഴിയും. അപ്പൊസ്തല പ്രവർത്തനങ്ങൾ എന്ന ബൈബിൾ ബുക്കിലെല്ലായിടത്തും ഈ ആത്മാവിന്റെ പ്രവർത്തനങ്ങളാണ് നാം കാണുക. പഴയ നിയമത്തിലാകട്ടെ വല്ലപ്പോഴും



എന്റെ പേര് സുകുമാരി. തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കടയ്ക്കടുത്ത് പൂവ്വച്ചൽ താമസിക്കുന്നു. ഞാൻ ഈ സാക്ഷ്യം എഴുതാൻ താമസിച്ചതിന് മാന്യ വായനക്കാരോട് ആദ്യം തന്നെ ക്ഷമ ചോദിക്കുന്നു. 2007 -ലാണ് എന്റെ കല്യാണം കഴിഞ്ഞത്. രണ്ടു പെൺകുട്ടികളുമുണ്ട്. എന്നെ കല്യാണം കഴിക്കുന്നതിനുമുമ്പെ ഭർത്താവിന്റെ പേരിൽ കല്പറ്റ കോടതിയിൽ ഒരു കേസുണ്ടായിരുന്നു. ആ കേസിൽ എന്റെ ഭർത്താവിനെ ഒരു വർഷം ജയിൽശിക്ഷയ്ക്കു വിധിച്ചതുമാണ്. പക്ഷെ കരുണാമയനായ ദൈവം എന്റെ ഭർത്താവിനെ ജയിലിൽ കിടക്കാൻ അനുവദിച്ചില്ല. എങ്ങനെയെന്നു പറയട്ടെ, ലാസ്റ്റ് കേസിനു പോകാൻ ഇറങ്ങാൻ നേരം ഞാൻ ദേവസ്യാസാറിനെ ഫോണിൽ വിളിച്ചു ഞങ്ങളെ രക്ഷിക്കുവാൻ യേശുവിനോടു പ്രാർത്ഥിക്കണമെ എന്നു കരഞ്ഞുപറഞ്ഞു. സാർ പ്രാർത്ഥിച്ചിട്ട്, ദൈവം അത്ഭുതം പ്രവർത്തിക്കുമെന്ന് ഞങ്ങളോട് പറഞ്ഞു. അന്നത്തെ ദിവസം എതിർകക്ഷി കേസ് ഒത്തുതീർക്കാൻ സമ്മതമാമെന്ന് ബന്ധപ്പെട്ടവരെ അറിയിക്കുകയും 17 വർഷങ്ങൾക്കുശേഷം അന്ന് ആ കേസ് തീരുകയും ചെയ്തു. ദൈവമേ നന്ദി. കൂടാതെ എനിക്ക് മൂത്രത്തിൽ കല്ലിന്റെ രോഗം കാരണം വർഷങ്ങളായി അസഹ്യമായ വേദനയായിരുന്നു. പ്രാർത്ഥനയാൽ അതും ദൈവം മാറ്റിത്തന്നു. യേശു ജീവിക്കുന്ന ദൈവം തന്നെ. ഹല്ലേല്ലൂയ്യ. സുകുമാരി,
കാട്ടാക്കട, തിരുവന്തപുരം,Ph:8129578229




വല്ലയിടത്തും മാത്രമാണ് പുതിയനിയമത്തിലെ യേശുക്രിസതുവിനേപ്പോലെയും അപ്പൊസ്തലന്മാരെപ്പോലെയുമുള്ള ശുശ്രൂഷകൾ കാണ്മാൻ പറ്റുന്നുള്ളു. അതാണ് പഴയനിയമ-പുതിയനിയമ ഗ്രന്ഥങ്ങൾ തമ്മിലുള്ള വ്യത്യാസം. അതുകൊണ്ട് അക്ഷരം (പഴയനിയമവ്യവസ്ഥകളും ഫരിസേയ രീതികളും) കൊല്ലുന്നു എന്ന് പഴയനിയമത്തെ ഉദ്ദേശിച്ചും ആത്മാവോ ജീവിപ്പിക്കുന്നുവെന്ന് പുതിയനിയമത്തെ ഉദ്ദേശിച്ചും അപ്പൊസ്തലനായ പൗലോസ് പറയുകയാണ്.

**പഴയനിയമം**

39 പഴയനിയമപുസ്തകങ്ങളെ ന്യായപ്രമാണം, പ്രവാചകന്മാർ, എഴുത്തുകൾ എന്നിങ്ങനെ മൂന്നായി തിരിക്കാം. ന്യായപ്രമാണഗ്രന്ഥങ്ങളെ തോറാ എന്നും പ്രവാചകപുസ്തകങ്ങളെ നെവീം എന്നും എഴുത്തുകൾ എന്നതിന് കെത്തുവീം എന്നും എബ്രായപദങ്ങൾ. ഉല്പത്തി മുതൽ ആവർത്തനം വരെയുമാണ് തോറാ. നെവീം ബുക്കുകളെ രണ്ട് വിഭാഗമാക്കാം. മുൻ പ്രവാചകന്മാർ എന്നും പിൻപ്രവാചകന്മാർ എന്നും. യോശുവാ, ന്യായാധിപന്മാർ, ഒന്നും രണ്ടും ശമുവേൽ, ഒന്നും രണ്ടും രാജാക്കന്മാർ എന്നിവരാണ് മുൻ പ്രവാചകന്മാർ. യേശയ്യാവ്, യിരമ്യാവ്, യെഹസ്ക്കേൽ എന്നിവരും ഹോശേയാ മുതൽ മലാഖി വരെയുള്ള പന്ത്രണ്ട് ചെറിയ പ്രാവാചകന്മാരും ആണ് പിൻ പ്രവാചകന്മാർ.

എഴുത്തുകൾ എന്ന വിഭാഗത്തിൽ വരുന്നവയിൽ (കെത്തുവീം) ആദ്യം കാണുക സങ്കീർത്തനങ്ങളും, സദൃശവാക്യങ്ങളും ഈയ്യോബുമാണ്. ഉത്തമഗീതങ്ങൾ, രൂത്ത്, വിലാപങ്ങൾ, സഭാപ്രസംഗി, എസ്തേർ കൂടാതെ ദാനിയേലും എസ്രായും, നെഹമ്യാവും ദിനവൃത്താന്തങ്ങളുമുണ്ട്. പാരമ്പര്യപ്രകാരം ദിനവൃത്താന്തം വരെ 24 ബുക്കും മിച്ചമുള്ളവ ആദ്യത്തെ 24 -ന്റെ ഭാഗങ്ങളുമായിട്ടാണ് ആദ്യം അറിയപ്പെട്ടത്. ഒടുവിൽ പറഞ്ഞവയെല്ലാം പിന്നീട് കാനോനികമായി വേർപെടുത്തിയെടുത്തതാണ്

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങളും അപ്പൊസ്തലപ്രവർത്തനങ്ങളും ആദ്യം. ലേഖനങ്ങളും വെളിപാടുകളുമൊടുവിൽ. ആദ്യത്തെ അഞ്ച് പുസ്തകങ്ങൾ ചരിത്രപുസ്തകങ്ങളാണ്. റോമാ ലേഖനം മുതൽ യൂദാ ലേഖനം വെരയുള്ള 21 ബുക്കുകൾ ഉപദേശപരമാണ്. ഒടുവിലത്തെ വെളിപാടുപുസത്കം പുതിയനിയമത്തിലെ ഏകപ്രവചനഗ്രന്ഥവുമാണ്. B.C 1492-നും AD 100-നുമിടയ്ക്കുള്ള കാലയളവിലാണ് ഇവ എഴുതിയെന്നാണ് ബൈബിൾ പണ്ഡിതന്മാരുടെ നിഗമനം.

ബൈബിളിലെ എഴുത്തുകാർ നാല്പതോളം പേരാണ്. രാജാക്കന്മാരായിരുന്ന ദാവീദും ശലേമോനും ഭരണതന്ത്രജ്ഞന്മാരായിരുന്നു. സകല ജ്ഞാനത്തിന്റെയും ഉറവിടമാണ് മോശയെങ്കിൽ പുരോഹിതനായിരുന്നു എസ്രാ. പ്രവാചകനായ ആമോസ് ആട്ടിടയനും യോശുവാ സർവ്വസൈന്യാധിപനുമായിരുന്നു. ശമുവേൽ പുരോഹിതനും പ്രവാചകനുമായിരുന്നു. യേശയ്യാവും യിരമ്യാവും യെഹസ്ക്കേലും വലിയ പ്രവാചകന്മാർ തന്നെയായിരുന്നു. പുതിയനിയമത്തിലേയ്ക്കു വരുമ്പോൾ മത്തായിയും യോഹന്നാനും പത്രോസും പൗലോസും അപ്പൊസ്തലന്മരായിരുന്നു. മർക്കോസും ലൂക്കോസും ഇവരുടെ ശിഷ്യന്മാരായിരുന്നു. യാക്കോബും യൂദായും യേശുവിന്റെ അർദ്ധസഹോദരന്മാരായിരുന്നു. ന്യായപ്രമാണത്തിൽ അഗാധപാണ്ഡിത്യമുണ്ടായിരുന്നു പതിനാല് ലേഖനങ്ങളെഴുതിയ പൗലോസ് അപ്പൊസ്തലന്. വൈദ്യനായിരുന്നു ലൂക്കോസ്. പഴയനിയമത്തിലെ രണ്ട് ഖണ്ഡികകൾ അരാമ്യ ഭാഷയിലായിരുന്നു എന്നതൊഴിച്ചാൽ മുഴുവൻ എബ്രായ ഭാഷയിലായിരുന്നു എഴുതപ്പെട്ടത്. പുതിയനിയമം ഗ്രീക്കിലും. ഈജിപ്ഷ്യൻ ഭാഷയിലും യഹൂദ്യ ഭാഷയിലും ലത്തീൻ ഭാഷയിലും, ബാബിലോന്യ അസ്സീറിയൻ പേർഷ്യൻ ഭാഷയിലുമൊക്കെ ബൈബിളിലവിടവിടെയായി പല പദങ്ങളുമുണ്ട്. പുതിയനിയമത്തിൽ പല അരാമ്യ പദങ്ങളുണ്ട്. തലീത്താകുമീ, യെഫാത്താ, "എലോഹീ,




എലോഹീ ലമ്മ ശബക്താനീ”, അബ്ബാ, മാറാനാഥാ, ഗോൽഗോഥ, ഗബ്ബാഥാ, അക്കൽദാമാ. തോമസ് മാർത്താ, മാമോൻ എന്നീ പദങ്ങളൊക്കെ അരാമ്യ ഭാഷാപദങ്ങളാണ്.

**അപ്പോക്രിഫാ**

വേദപുസ്തക കാനോനിൽ ഉൾപ്പെടുത്താത്ത, എന്നാൽ ബൈബിളിന്റെ ലത്തീൻ പതിപ്പിൽ പിന്നീട് കൂട്ടിച്ചേർത്തതുമായ ഗ്രന്ഥങ്ങളാണ് അപ്പോക്രിഫാ എന്നു പറയുന്നത്. ഇവ ഒരിയ്ക്കൽ ഒഴിവാക്കപ്പെട്ടെങ്കിലും ഇവയിൽ ചിലതെടുത്ത് റോമൻ കത്തോലിക്കർ അവരുടെ ബൈബിളിൽ ചേർത്തു. 1546 -ലെ ട്രെന്റ് സൂനഹദോസാണ് ഈ ആത്മീയധിക്കാരം കാണിച്ചത്. ഗോപ്യമായി സൂക്ഷിക്കപ്പെട്ടത് എന്നാണ് ആ പദത്തിന്റയർത്ഥം. നിഗൂഢമായതെന്നും അർത്ഥമുണ്ട്. അപ്പോക്രിഫാ ഗ്രന്ഥങ്ങൾ ദൈവവചനമെന്ന ഭാവത്തിലാണ് രചിക്കപ്പെടുന്നത്. പക്ഷെ കാനോനികനിയമങ്ങൾക്ക് നിരക്കാത്തതും ആണ്.

അത്തനാസ്യോസ് എന്ന സഭാപിതാവ് വ്യാജഗ്രന്ഥങ്ങളെന്നും ഇവയെ വിളിക്കുന്നു.

**ചില അപ്പോക്രിഫാഗ്രന്ഥങ്ങൾ**

ഹാനോക്കിന്റെപുസ്തകം, പന്ത്രണ്ട് പൂർവ്വപിതാക്കന്മാർ, യോസേഫിന്റെ നിയമങ്ങൾ, മോശയുടെ ദർശനങ്ങൾ, അബ്രഹാം, എൽദാദും മൊദാദും, പ്രവാചകനായ ഏലിയാവ്, ബാറൂക്ക്, തോമസിന്റെ സുവിശേഷം, പൗലോസ്-പത്രോസ്-യോഹന്നാൻ-തോമസ് എന്നിവരുടെ യാത്രാവിവരണങ്ങൾ, ഡിഡാക്കേ, ക്ലമന്റ്-ഇഗ്നേഷ്യസ്-പോളികാർപ്പ്-ഹെർമാസ് എന്നിവരുടെ ലേഖനങ്ങൾ, ശലേമോന്റെ വിജ്ഞാനം, തോബിത്, ജൂഡിത്ത്, മക്കബായരുടെ ഒന്നും രണ്ടും പുസ്തകങ്ങൾ, എസ്രായുടെ ഒന്നും രണ്ടും പുസ്തകങ്ങൾ, പ്രഭാഷകൻ, എക്ളീസിയാറ്റിക്കസ്. കൊറിന്ത്യർക്കെഴുതിയ മൂന്നാം ലേഖനം, ലവോദിക്യാക്കാർക്കുള്ള ലേഖനം.

കർത്താവായ യേശുവും അപ്പൊസ്തലന്മാരും ഈ ഗ്രന്ഥങ്ങളെ അംഗീകരിച്ചിട്ടില്ല. ഒരു ബുക്ക് കാനോനികമാകണമെങ്കിൽ യേശു, അപ്പൊസ്തലന്മാർ, ആദിമസഭയിലെ വിശുദ്ധരായ സഭാപിതാക്കന്മാർ ഇവരൊക്കെ അവയെ അംഗീകരിച്ചതായി അവരുടെ എഴുത്തുകളിൽ നിന്നും നമുക്ക് മനസ്സിലാകണം. ക്രിസ്തു വഴിയുള്ള പാപമോചനത്തിലേക്കും, വീണ്ടെടുപ്പിലേയ്ക്കും പരിശുദ്ധാത്മാനുഭവത്തിലേയ്ക്കും ആശയങ്ങൾ വഴി നടത്തുന്നതായിരിക്കണം.

**അപ്പോക്രിഫയിലെ അബദ്ധങ്ങൾ**

1. വിവാഹമോചനത്തെ ന്യായീകരിക്കുന്നു (എക്ലിസിയാസ്റ്റിക്സ് 25:26).
2. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും യാഗവും ശരിയാണ് (2 മക്കബ.12:43-46).
3. അടിമകളോട് ക്രൂരത കാണിക്കാം (എക്ലിയാസ്റ്റിക്സ് 33:25-28).
4. ശിക്ഷ നൽകുന്നത് പാപത്തിന് പരിഹാരമാണ് (എക്ലിസിയാസ്റ്റിക്സ് 3:20).

**അപ്പോക്രിഫാ സുവിശേഷങ്ങൾ**

1. യേശുവിന്റെ ശൈശവ ബാല്യകാല ജീവിതസുവിശേഷം
2. യേശുവിന്റെ പീഢാസഹനവും ക്രൂശിതമരണവും വളരെ കൂടുതൽ ഉയർത്തി കാണിക്കുന്ന സുവിശേഷം.
3. പത്രോസിന്റെ സുവിശേഷം.
4. നിക്കോദിമോസിന്റെ സുവിശേഷം.
5. എബിയോന്യരുടെ സുവിശേഷം.
6. എബ്രായരുടെ സുവിശേഷം.
7. ഹവ്വായുടെ സുവിശേഷം.

അപ്പൊസ്തല പിതാക്കന്മാരുടെ മറ പറ്റി ദൈവവചനത്തിൽ കൃത്രിമത്വം കലർത്തുന്ന പൈശാചിക രചനകളെയാണ് അപ്പോക്രിഫാ ഗ്രന്ഥങ്ങളെന്നു പറയുന്നത്.

**യേശുവിന്റെ ദൈവത്വം വചനാനുസരണം ആധികാരികമോ?**

സത്യക്രിസ്ത്യാനിത്വത്തിലെ ഒരു സുപ്രധാന ഉപദേശമാണ് മനുഷ്യജഢത്തിൽ വന്ന ദൈവമാണ് യേശു എന്നത്. ക്രിസ്ത്യാനിത്വം അമൂല്യവും ആധികാരികവും ആകുന്നതും അത് നിത്യതയോളം സഞ്ചരിക്കുന്നതും ക്രിസ്തുവിന്റെ ദൈവത്വം തിരുവചനത്തിൽ നിറഞ്ഞുനിൽക്കുന്നതുകൊണ്ടാണ്. ക്രിസ്തുവിന്റെ ദിവ്യത്വത്തെക്കുറിച്ചല്ല ദൈവീകത്വത്തെപ്പറ്റിയാണ് നാം വിശ്വസിക്കേണ്ട




ത്. ബൈബിൾ തന്നെയും യേശുക്രിസ്തുവിന്റെ ജീവിതം, നമ്മുടെ പകരക്കാരനായുള്ള ക്രൂശിതമരണം, ഉയിർപ്പ്, പരിശുദ്ധാത്മപ്രേഷണം, വീണ്ടുംവരവ്, ന്യായവിധി മുതലായ കാര്യങ്ങളേക്കുറിച്ചുള്ള പ്രാമാണിക രേഖയാണ്.

അതു മാത്രമല്ല, താൻ സത്യ ദൈവത്തിൽ നിന്നുള്ള, മനുഷ്യജഢത്തിൽ വന്ന സത്യദൈവമാണ് എന്ന് യേശുക്രിസ്തു തന്നെയും പഠിപ്പിച്ചു. എന്നതു മാത്രവുമല്ല, പഴയനിയമപ്രവചനങ്ങളിലുടനീളം ഒരു പ്രവചനനിവർത്തിയായും ഈ ആശയം മുഴച്ചുനിൽക്കുന്നു.

**യഹോവ താനാണെന്നുള്ള ക്രിസ്തുവിന്റെ അവകാശവാദം**

യഹോവ എന്ന പദമാണ് പഴയനിയമത്തിൽ ദൈവം എന്നതിന് പകരം ഉപയോഗിക്കാറ്. ദൈവത്വത്തിന്റെ ആഴത്തെ കാണിക്കുന്ന വാക്കാണ് യഹോവ. പുറ.20:7-ൽ "നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുതെന്ന്" പ്രമാണമുണ്ടാകാനുള്ള കാരണം തന്നെ ഭയത്തോടും വിറയലോടും അത്ര അത്യാവശ്യമുള്ളയിടത്തേ ഈ യഹോവ എന്ന പദമുപയോഗിക്കാവൂ എന്നതിനാലാണ്. 'ഞാനാകുന്നവൻ ഞാനാകുന്നു' എന്നയർത്ഥമാണീ വാക്കിനുള്ളത്. ഈ വാക്കിന് ഇതുവരെയും ഒരു പൂർണ്ണനിർവ്വചനമുണ്ടായിട്ടില്ല എന്നുവേണം, പറയുവാൻ. ഏശ.44:6-ൽ "ഞാൻ ആദ്യനും അന്ത്യനുമാകുന്നു. ഞാനല്ലാതെ മറ്റൊരു ദൈവവുമില്ല" എന്നുണ്ടല്ലോ. ഏശ.42:8-ൽ "ഞാൻ യഹോവ അതുതന്നെ എന്റെ നാമം; ഞാനെന്റെ മഹത്വം മറ്റൊരുത്തനും എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടുകൊടുക്കുകയില്ല" എന്നാണല്ലോ കാണുന്നത്. "ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും കൊടുക്കുകയില്ല" (യെശ.42:8) എന്നും ബൈബിൾ സാക്ഷ്യപ്പെടുത്തുന്നു.

ഈ തിരുവെഴുത്തുകൾ പരിശോധിക്കുന്ന ഒരാൾക്ക്, യഹോവ തന്റെ മഹത്വം മറ്റാർക്കും കൊടുക്കുകയില്ലെന്നുതന്നെ വ്യക്തമാകുകയാണ്.

102-ാം സങ്കീർത്തനം 25 മുതൽ 27 വരെയുള്ള വചനങ്ങളും എബ്രായലേഖനം 1-ൽ 10 മുതലുള്ള വചനങ്ങളും നമുക്കൊന്ന് താരതമ്യം ചെയ്യാം. "പൂർവ്വകാലത്ത് നീ ഭൂമിക്ക് അടിസ്ഥാനമിട്ടു. ആകാശം നിന്റെ കൈകളുടെ പ്രവർത്തിയാകുന്നു. അവ നശിക്കും. നീയോ നിലനിൽക്കും. അവയെല്ലാം വസ്ത്രം പോലെ പഴകിപ്പോകും. ഉടുപ്പു പോലെ നീ അവ മാറ്റും. അവ മാറിപ്പോകുകയും ചെയ്യും, നീയോ അനന്യനാകുന്നു. നിന്റെ സംവത്സരങ്ങൾ അവസാനിക്കുകയുമില്ല (25:27). കർത്താവെ നീ പൂർവ്വകാലത്ത് ഭൂമിക്ക് അടിസ്ഥാനമിട്ടു. ആകാശവും നിന്റെ കൈകളുടെ പ്രവർത്തിയാകുന്നു. അവ നശിക്കും; നീയോ നിലനിൽക്കും. അവയെല്ലാം വസ്ത്രംപോലെ പഴകിപ്പോകും"(1:10,11).

പഴയനിമത്തിലെ മാറ്റമില്ലാത്ത യഹോവ പുതിയനിയമത്തിലേക്കു വരുമ്പോൾ ക്രിസ്തു തന്നെ. പഴയനിയമത്തിലെ യിര. 17:10-ഉം വെളി.2:23-ഉം ഒരുമിച്ച് വായിക്കാം. "യഹോവയായ ഞാൻ ഹൃദയത്തെ ശോധന ചെയ്ത് അന്ത:രംഗങ്ങളെ പരീക്ഷിച്ച് ഓരോരുത്തന് അവനവന്റെ നടപ്പിനും പ്രവർത്തിയുടെ ഫലത്തിനും തക്കവണ്ണം കൊടുക്കുന്നു" (യിര.17:10). "ഞാൻ ഉൾപ്പൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവനെന്ന് സകല സഭകളും അറിയും. നിങ്ങളുടെ പ്രവർത്തിക്ക് തക്കവണ്ണം ഞാൻ നിങ്ങൾക്ക് ഏവർക്കും പകരം ചെയ്യും" (വെളി.2:23). പഴയനിയമത്തിലെ യഹോവ പറഞ്ഞതു തന്നെ പുതിയനിയമത്തിലെ ക്രിസ്തുവും അതുപോലെ ചെയ്യുന്നു. ഏശ.60:19-ഉം ലൂക്കോ.2:30-ഉം ചേർത്ത് വായിക്കാം. (ഇനി പകൽ നേരത്ത് നിന്റെ വെളിച്ചം സൂര്യനല്ല, നിനക്ക് നിലാവെട്ടം തരുന്നത് ചന്ദ്രനുമല്ല) "യഹോവ നിന്റെ നിത്യപ്രകാശവും നിന്റെ ദൈവവും നിനക്ക് തേജസ്സുമാകുന്നു" (ഏശ.60:19). "ജാതികൾക്ക് വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി" (ലൂക്ക.2:30). "യഹോവ ഇടയനാകുന്നു" (സങ്കീ.23:1). "ഞാൻ നല്ല ഇടയനാകുന്നു" (യോഹ.10:11). "യഹോവ സകല ജാതികളുടെയും




ന്യായാധിപൻ'' (യോവേ.3:12), "യേശുക്രിസ്തു ന്യായാധിപൻ". (യോഹ.5:22-27) "യഹോവ നിത്യപ്രകാശം'' (ഏശ.60:19) ''ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു'' (യോഹ.8:12) "യഹോവ മണവാളൻ'' (ഏശ.62:5, ഹോശ.2:16) മത്താ.25:1-ൽ "ക്രിസ്തു മണവാളൻ". "ആദ്യനും അന്ത്യനും" (ഏശ.42:8) "ആദ്യനും അന്ത്യനും" (വെളി.1:17).

സങ്കീർത്തനം 110:1-ൽ "യഹോവ എന്റെ കർത്താവിനോട് അരുളിച്ചെയ്യുന്നത്; ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലതുഭാഗത്തിരിക്കുക" ഇവിടെ പിതാവ് പുത്രനോട് സംസാരിച്ചിരിക്കുന്നു. മാത്രമല്ല ക്രിസ്തുവിന്റെ സത്താസമത്വത്തിലൂടെയുള്ള ദൈവത്വത്തെയാണിവിടെ നാം കാണുക. മത്താ.22:41-45 വരെയുള്ള വാക്യങ്ങൾ കുറിയ്ക്കാം. "പരീശന്മാർ ഒരുമിച്ചുകൂടിയിരിക്കുമ്പോൾ യേശു അവരോട് ക്രിസ്തുവിനെക്കുറിച്ച് നിങ്ങൾക്കെന്തു തോന്നുന്നു. അവൻ ആരുടെ പുത്രൻ എന്നു ചോദിച്ചു. ദാവീദിന്റെ പുത്രൻ എന്ന് അവർ പറഞ്ഞു. അവൻ അവരോട് എന്നാൽ ദാവീദ് ആത്മാവിൽ അവനെ കർത്താവ് എന്നു വിളിക്കുന്നതെങ്ങനെ? ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം എന്റെ വലതുഭാഗത്തിരിക്ക എന്ന് കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു, എന്ന് അവൻ പറയുന്നുവല്ലോ".

ഇനി അപ്പൊസ്തലപ്രവർത്തികൾ 2:34,35 കുറിയ്ക്കാം. "ദാവീദ് സ്വർഗ്ഗാരോഹണം ചെയ്തില്ലല്ലോ. എന്നാൽ അവൻ: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലതു ഭാഗത്തിരിക്കുക എന്ന് കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു. ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെത്തന്നെ ദൈവം കർത്താവും ക്രിസ്തുവുമാക്കിവെച്ചു എന്ന് യിസ്രയേൽഗൃഹമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ".

## ക്രിസ്തുവിന്റെ ദൈവീകനാമങ്ങൾ

ഏശ.9:6-ൽ "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ ഇരിക്കും, അവൻ അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്ന് പേർ വിളിക്കപ്പെടും. യോഹ. 20-ന്റെ 28-ൽ തോമസ് അവനോട്: എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവെ എന്ന് ഉത്തരം പറഞ്ഞു. ജഡപ്രകാരം ക്രിസ്തുവും അവരിൽ നിന്നല്ലോ ഉത്ഭവിച്ചത്. അവൻ സർവ്വത്തിനും മീതെ **ദൈവമായി** എന്നേയ്ക്കും വാഴ്ത്തപ്പെട്ടവൻ'' (റോമ.9:5). എബ്രാ.1:8 "പുത്രനോടൊ ദൈവമേ, നിന്റെ സിംഹാസനം എന്നും എന്നേയ്ക്കുമുള്ളത്; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നേരുള്ള ചെങ്കോൽ. തീത്തോ.2:12 നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും **മഹാദൈവവും** നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാത്തുകൊണ്ട് ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും ജീവിച്ചുപോരേണ്ടതിന് അത് നമ്മെ ശിക്ഷിച്ചു വളർത്തുന്നു. യോഹ.20:28-ൽ തോമസ് അവനോട് എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവെ എന്നുത്തരം പറഞ്ഞു.

പുറ.3:13,14 -ലെ കാര്യങ്ങൾ ഇനിയെഴുതട്ടെ. "മോശെ ദൈവത്തോട് ഞാൻ ഇസ്രായേൽ മക്കളുടെ അടുക്കൽ ചെന്ന്: നിങ്ങളുടെ പിതാക്കന്മാരുടെ ദൈവം എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നു പറയുമ്പോൾ, അവന്റെ നാമം എന്തെന്ന് അവർ എന്നോട് ചോദിച്ചാൽ ഞാൻ അവരോട് എന്തു പറയണമെന്ന് ചോദിച്ചു. അതിന് ദൈവം മോശെയോട്: ഞാൻ ആകുന്നവൻ ഞാനാകുന്നു; ഞാൻ ആകുന്നു എന്നുള്ളവൻ എന്നെ നിങ്ങളുടെയടുക്കൽ അയച്ചിരിക്കുന്നു, എന്നിങ്ങനെ നീ യിസ്രായേൽ മക്കളോട് പറയണമെന്ന് കല്പിച്ചു".

യഹോവ എന്ന നാമരൂപത്തിന്റെ ഒരു ക്രിയാരൂപമാണ് ഞാൻ




ആകുന്നു എന്നത്. യേശുക്രിസ്തുവും സ്വയംഭൂ എന്നർത്ഥമുള്ള ഞാൻ ആകുന്നു എന്ന പ്രയോഗം നടത്തിയിട്ടുണ്ട്. യോഹന്നാൻ 8-ാം അദ്ധ്യായത്തിൽ "ഞാനോ സത്യം പറയുന്നതുകൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല. നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ച് ബോധം വരുത്തുന്നു? ഞാൻ സത്യം പറയുന്നു എങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കാത്തതെന്ത്? ദൈവസന്തതി ആയവൻ ദൈവവചനം കേൾക്കുന്നു. നിങ്ങൾ ദൈവസന്തതിയല്ലാത്തതുകൊണ്ട് കേൾക്കുന്നില്ല. യഹൂദന്മാർ അവനോട്: നീ ഒരു ശമര്യൻ; നിനക്ക് ഭൂതമുണ്ടെന്ന് ഞങ്ങൾ പറയുന്നത് ശരിയല്ലയോ എന്നു പറഞ്ഞു. അതിന് യേശു: എനിക്ക് ഭൂതമില്ല. ഞാൻ എന്റെ പിതാവിനെ ബഹുമാനിക്കുകയത്രേ ചെയ്യുന്നത്. നിങ്ങളോ എന്നെ അപമാനിക്കുന്നു. ഞാൻ എന്റെ മഹത്വം അന്വേഷിക്കുന്നില്ല; അന്വേഷിക്കുകയും വിധിക്കുകയും ചെയ്യുന്നവൻ ഒരുവനുണ്ട്. ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു: എന്റെ വചനം പ്രമാണിക്കുന്നവൻ ഒരു നാളും മരണം കാണുകയില്ല എന്നുത്തരം പറഞ്ഞു. യഹൂദന്മാർ അവനോട്; നിനക്ക് ഭൂതമുണ്ടെന്ന് ഇപ്പോൾ ഞങ്ങൾക്ക് മനസ്സിലായി; അബ്രഹാമും പ്രവാചകന്മാരും മരിച്ചു. നീയോ എന്റെ വചനം പ്രമാണിക്കുന്നവൻ ഒരുനാളും മരണം ആസ്വദിക്കുകയില്ല എന്നു പറയുന്നു. ഞങ്ങളുടെ പിതാവായ അബ്രഹാമിനേക്കാൾ നീ വലിയവനോ? അവൻ മരിച്ചു. പ്രവാചകന്മാരും മരിച്ചു. നിന്നെത്തന്നെ നീ ആരാക്കുന്നു എന്ന് ചോദിച്ചതിന് യേശു: ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തിയാൽ എന്റെ മഹത്വം ഏതുമില്ല. എന്നെ മഹത്വപ്പെടുത്തുന്നത് എന്റെ പിതാവാണ്, അവനെ നിങ്ങളുടെ ദൈവം എന്ന് നിങ്ങൾ പറയുന്നു; എങ്കിലും നിങ്ങൾ അവനെ അറിയുന്നില്ല, ഞാനോ അവനെ അറിയുന്നു. അവനെ അറിയുന്നില്ല എന്നു ഞാൻ പറഞ്ഞാൽ നിങ്ങളേപ്പോലെ ഭോഷ്ക് പറയുന്നവനാകും. എന്നാൽ ഞാൻ അവനെ അറിയുന്നു, അവന്റെ വചനം പ്രമാണിക്കുകയും ചെയ്യുന്നു. നിങ്ങളുടെ പിതാവായ അബ്രഹാം എന്റെ ദിവസം കാണുമെന്നുള്ളതുകൊണ്ട് ഉല്ലസിച്ചു; അവൻ കണ്ട് സന്തോഷിച്ചുമിരിക്കുന്നു എന്നുത്തരം പറഞ്ഞു. യഹൂദന്മാർ അവനോട് : നിനക്ക് അമ്പത് വയസ്സായിട്ടില്ല; നീ അബ്രഹാമിനെ കണ്ടിട്ടുണ്ടോ എന്നു ചോദിച്ചു. യേശു അവരോട്, ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: അബ്രഹാം ജനിച്ചതിനു മുമ്പേ ഞാൻ ഉണ്ട് എന്നു പറഞ്ഞു. അപ്പോൾ അവർ അവനെ എറിയുവാൻ കല്ലെടുത്തു.



എന്റെ പേര് ജിൽജിത്ത്. ഞാൻ കോട്ടയത്തിനടുത്ത് ഏറ്റുമാനൂരാണ് താമസിക്കുന്നത്. ഹൈദരാബാദിൽ MRF-ൽ എഞ്ചിനീയറായി ജോലി നോക്കി വരുന്നു. പെട്ടെന്നാണ് എനിക്ക് നടുവേദന അനുഭവപ്പെട്ടത്. ഡോക്ടേഴ്സിനെയൊക്കെ കാണിച്ചു. മരുന്ന് കഴിച്ചെങ്കിലും വേദന കൂടിക്കൂടി വന്നു. ഒരാഴ്ച ബെഡ്ഡിൽ നിന്നെഴുന്നേൽക്കാൻ പോലും വയ്യാതെ കിടപ്പിലായിപ്പോയി. ടോമിച്ചൻ പാസ്റ്റർ നേതൃത്വം കൊടുക്കുന്ന കോട്ടയത്തുള്ള ആത്മാഭിഷേകം സഭയിൽ ആരാധനയ്ക്ക് പോകുന്നയാളാണ് ഞാൻ. പാസ്റ്ററോട് വിവരം പറഞ്ഞപ്പോൾ അദ്ദേഹം എനിക്കുവേണ്ടി പ്രാർത്ഥിച്ചു. നല്ല ആശ്വാസം ലഭിച്ചു. അങ്ങനെയിരിക്കെ കഴിഞ്ഞ ഏപ്രിൽ 13-ാം തീയ്യതി ആലപ്പുഴ YWCA ഓഡിറ്റോറിയത്തിൽ ദേവസ്യാ സാർ ധ്യാനിപ്പിക്കുന്നുണ്ടെന്നറിഞ്ഞ് ഞാനവിടെപ്പോയി. സാർ എനിക്കുവേണ്ടി പ്രാർത്ഥിച്ചു. ആ നിമിഷം തന്നെ പൂർണ്ണ സൗഖ്യം ലഭിച്ചു. ഇതുവരെയും വേദനയുടെ ഒരു ലാഞ്ചനപോലുമില്ല. യേശുവെ ജീവിക്കുന്ന ദൈവമെ അങ്ങേയ്ക്കാരാധന. ദൈവം ഈ പ്രാർത്ഥനാടീമിനെ അനുഗ്രഹിച്ച് വളർത്തട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ജിൽജിത്ത്
ഏറ്റുമാനൂർ, കോട്ടയം
Ph:8500449325




"യേശുവോ മറഞ്ഞ് ദേവാലയം വിട്ടുപോയി". (യോഹ.8:45-59).

അബ്രഹാം ജനിച്ചതിനു മുമ്പേ ഞാനുണ്ട് എന്നു പറഞ്ഞതിൽ നിന്നും ത്രീത്വത്തിലെ പിതാവിന്റേതിനു തുല്യമായ തന്റെ യഥാർത്ഥ അസ്ഥിത്വത്തെപ്പറ്റി യേശു പ്രതിപാദിക്കുകയായിരുന്നു.

"മനുഷ്യപുത്രൻ സർവ്വശക്തന്റെ വലതുഭാഗത്തിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും എന്ന് യേശു പറഞ്ഞു" (മർക്കോ.14:62).

നിങ്ങൾ ആരെ അന്വേഷിക്കുന്നു എന്ന ചോദ്യത്തിന് നസ്രായനായ യേശുവിനെ എന്ന് അവർ ഉത്തരം പറഞ്ഞപ്പോൾ: അത് **ഞാൻ തന്നെ** എന്ന് യേശു പറഞ്ഞു. അവനെ കാണിച്ചുകൊടുക്കുന്ന യൂദായും അവരോടുകൂടെ നിന്നിരുന്നു. ഞാൻ തന്നെ എന്ന് അവരോട് പറഞ്ഞപ്പോൾ അവർ പിൻവാങ്ങി നിലത്തുവീണു. നിങ്ങൾ ആരെ തിരയുന്നു എന്ന് അവൻ പിന്നെയും ചോദിച്ചതിന് അവർ : നസ്രായനായ യേശുവിനെ എന്ന് പറഞ്ഞു ഞാൻ തന്നെ എന്ന് നിങ്ങളോട് പറഞ്ഞുവല്ലോ. എന്നെ ആകുന്നു നിങ്ങൾ തിരയുന്നതെങ്കിൽ ഇവർ പൊയ്ക്കൊള്ളട്ടെ എന്ന് യേശു ഉത്തരം പറഞ്ഞു.

പിതാവ് മരിച്ചവരെ ഉണർത്തി ജീവിപ്പിക്കുന്നതുപോലെ പുത്രനും താൻ ഇച്ഛിക്കുന്നവരെ ജീവിപ്പിക്കുന്നു (യോഹ.5:21). പഴയനിയമപ്രകാരം ദൈവം മാത്രമാണ് മരിച്ചവരെ ഉയിർപ്പിക്കുന്നത് (1 ശമു.2:6, ആവ.32:39). മാത്രമല്ല ന്യായവിധിയും ദൈവത്തിനുമാത്രമെ അവകാശപ്പെടുവാൻ കഴിയൂ (സങ്കീ.2:7, യോവേ. 3:12, ആവ.32:35). എന്നാൽ പുതിയനിയമപ്രകാരം പുത്രനും വിധിക്കുന്നു. "എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിന്, പിതാവ് ആരെയും ന്യായം വിധിക്കാതെ ന്യായവിധിയെല്ലാം പുത്രന് കൊടുത്തിരിക്കുന്നു" (യോഹ.5:22). യോഹ.14:1-ൽ ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻഎന്ന് കർത്താവ് പറഞ്ഞല്ലോ.

ലൂക്കോ.24:27-ൽ "മോശതുടങ്ങി സകല പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നേക്കുറിച്ചുള്ളത് അവർക്ക് വ്യാഖ്യാനിച്ചുകൊടുത്തുവെന്ന് നാം ശ്രദ്ധവെച്ചു വായിക്കുമ്പോൾ തന്നെപ്പറ്റിയുള്ള പ്രവചനനിവർത്തിയും തന്റെ ദൈവത്വത്തെപ്പറ്റിയും അവിടുന്ന് പഠിപ്പിക്കുകയായിരുന്നു. "യേശു അവളോട്: നിന്നോട് സംസാരിക്കുന്ന ഞാൻ തന്നെ മശിഹാ എന്നു പറഞ്ഞു" (യോഹ.4:26) എന്ന തിരുവെഴുത്തും ക്രിസ്തുവിന്റെ ദൈവത്വത്തെ അരക്കിട്ടുറപ്പിക്കുകയാണ്.

1 കൊറി.8:5,6 വാക്യങ്ങളിൽ "എന്നാൽ ആകാശത്തിലോ ഭൂമിയിലോ ദേവന്മാർ എന്നു പേരുള്ളവർ ഉണ്ടെന്നു വരികിലും പിതാവായ ഏകദൈവമേ നമുക്കുള്ളൂ. അവൻ സകലത്തിനും കാരണഭൂതനും നാം അവനായി ജീവിക്കേണ്ടതുമാകുന്നു. യേശുക്രിസ്തു എന്ന ഏക കർത്താവും നമുക്കുണ്ട്. അവൻ മുഖാന്തരം സകലവും അവൻ മുഖാന്തരം നാമും ആകുന്നു". യേശു ഏകകർത്താവാണെങ്കിൽ പിതാവാം ദൈവത്തെ എത്രയോ ഇടങ്ങളിൽ കർത്താവ് എന്ന് പറഞ്ഞിരിക്കുന്നു. യേശുവും പിതാവും ഒന്നാണ്.

1 കൊറി.12:3-ൽ "പരിശുദ്ധാത്മാവിൽ അല്ലാതെ, യേശു കർത്താവ് എന്ന് പറയുവാൻ, ആർക്കും കഴിയുകയില്ല". ഫിലി.2:5-11-ൽ "യേശുക്രിസ്തുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണമെന്ന് വിചാരിക്കാതെ ദാസരൂപം എടുത്ത് മനുഷ്യസാദൃശ്യത്തിലായി തന്നെത്താനൊഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി, മരണത്തോളം ക്രൂശിതമരണത്തോളംതന്നെ അനുസരണമുള്ളവനായിത്തീർന്നു. അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നൽകി. അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാലൊക്കെയും




മടങ്ങുകയും എല്ലാനാവും യേശു ക്രിസ്തു കർത്താവെന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറയുകയും ചെയ്യേണ്ടി വരും".

പഴയനിയമത്തിലെ യഹോവയ്ക്ക് സമസ്ഥാനീയമായ പ്രയോഗമായ "കർത്താവ്" എന്ന വിളിക്ക് തികച്ചും യേശുക്രിസ്തു യോജിച്ചിരിക്കുന്നതായി എത്രയോ ഉദ്ധരണികൾ ഇനിയും കണ്ടെത്തുവാൻ കഴിയും. യഹോവ, അഡോണായി എന്നീ ദൈവീകനാമങ്ങളെ പരിഭാഷപ്പെടുത്തിയിരിക്കുന്നത് കർത്താവ് എന്ന മലയാളപദം കൊണ്ടാണ്. കുരിയോസ് എന്ന ലത്തീൻ പദത്തിന്റെ നേർ തർജ്ജിമയാണ് കർത്താവ്. കർത്താവായ യേശു എന്നത് വിശ്വാസപ്രമാണത്തിന്റെ കാതലായ വസ്തുതയാണ്. അപ്പൊസ്തലപ്രവർത്തനങ്ങൾ 2:36-ൽ "ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെത്തന്നെ ദൈവം കർത്താവും ക്രിസ്തുവുമായി വെച്ചു എന്ന് ഇസ്രായേൽജനമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ".

വെളി.19:16-ൽ ക്രിസ്തു രാജാധിരാജാവും, കർത്താധികർത്താവും ആണ്. തന്റെ പുനരുത്ഥാനത്തോടെയാണ് ക്രിസ്തുവിന്റെ ദൈവത്വം സംശയമെന്യേ തെളിഞ്ഞതെന്നു പറയാം. റോമ.1:5-ൽ "ജഡം സംബന്ധിച്ച് ദാവീദിന്റെ സന്തതിയിൽ നിന്ന് ജനിക്കുകയും മരിച്ചിട്ട് ഉയിർത്തെഴുന്നേൽക്കുകയാൽ വിശുദ്ധിയും ആത്മാവ് സംബന്ധിച്ച് ദൈവപുത്രൻഎന്ന് ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നവനാലല്ലോ" എന്നിടത്ത് ആ ഉയിർത്തെഴുന്നൽപ്പിന്റെ 'പവർ' നാം കണ്ടെത്തുന്നു. അപ്പൊ.2:36-ൽ "ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെത്തന്നെ ദൈവം കർത്താവും ക്രിസ്തുവും ആക്കിവെച്ചുവെന്ന് യിസ്രായേൽ ജനമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ" എന്നു വായിക്കുന്നു. ക്രൂശിതനായ ദൈവം കർത്താവും ക്രിസ്തുവും ആക്കിയെന്ന് വായിക്കുമ്പോൾ ഉയിർത്തിരുന്നുവെന്ന് സ്പഷ്ടമാണല്ലോ.

## ക്രിസ്തു ആരാധന സ്വീകരിച്ചു

നമുക്കറിയാം, ആരാധനയ്ക്കർഹൻ ദൈവം മാത്രമാണ് എന്നും പഴയനിയമമാണെങ്കിൽ ദൈവത്തെയല്ലാതെ മറ്റാരെയും ആരാധിക്കുവാൻ അനുവദിക്കുന്നില്ല. പുറ.20-ൽ 1-4 വരെയും ആവ.5-ൽ 5,6 വാക്യങ്ങളിലും യഹോവയായ ഞാനല്ലാതെ, മറ്റൊരു ദൈവം നിനക്കുണ്ടാകരുതെന്ന് ഉറപ്പിച്ചു കല്പിച്ചു.മനുഷ്യരോ (അപ്പൊ.14:15) ദൂതന്മാരൊ (വെളി.22:8,9) പ്രപഞ്ചത്തിലുള്ള ജീവജാലങ്ങളോ ആകാശഗോളങ്ങളോ വസ്തുക്കളോ ജീവി



ഞാൻ പ്രതാപ്. തിരുവനന്തപുരം മാരായിമുട്ടം എന്ന സ്ഥലത്ത് താമസിക്കുന്നു. കഴിഞ്ഞ ഏപ്രിൽ മാസത്തിൽ എന്റെ ശരീരത്തിന്റെ ചില പ്രത്യേക ഭാഗങ്ങളിൽ മാത്രം തീകൊണ്ട് പൊള്ളിയതുപോലെ ചെറിയ കുമിളകൾ കണ്ടു തുടങ്ങി. ഡോക്ടറെ കാണിച്ചപ്പോൾ ഇത് ഹെർപ്പിസ് എന്ന രോഗമാണ്. വളരെ ശ്രദ്ധിക്കണം. കണ്ണിലൊക്കെ വന്നാൽ കാഴ്ച പോകും. ചികിത്സിച്ചാലും 6 മാസമൊക്കെ കഴിഞ്ഞാലെ മാറുകയുള്ളു എന്നൊക്കെ പറഞ്ഞു. എനിക്കാണെങ്കിൽ ഭയങ്കര വേദനയും. ഈ സമയത്താണ് പണ്ട് പരുത്തിപ്പാറയിൽവെച്ച് എനിക്കുവേണ്ടി പ്രാർത്ഥിച്ച ദേവസ്യാസാറിനെ എനിക്കോർമ്മവന്നത്. ഞാൻ അപ്പോൾതന്നെ സാറിനെ ഫോണിൽ വിളിച്ചു. സാർ പ്രാർത്ഥിച്ചിട്ട് 3 ദിവസംകൊണ്ട് സുഖപ്പെടുമെന്ന് പറഞ്ഞു. ഞാൻ അതു വിശ്വസിച്ച് വീട്ടിലേക്കു പോയി. പിറ്റേദിവസം മുതൽ എന്റെ രോഗം കുറഞ്ഞു. മൂന്നുദിവസംകൊണ്ട് പൂർണ്ണമായി സുഖപ്പെട്ടു. യാതൊരു വേദനയുമില്ല. സുഖപ്പെടുത്തിയ യേശുവെ അങ്ങേയ്ക്ക് ആയിരം നന്ദി.

പ്രതാപ്

മാരായിമുട്ടം, തിരുവനന്തപുരം

Ph: 9961125826




കളോ യാതൊന്നുമൊ ബൈബിൾ പ്രകാരം, ആരാധിക്കപ്പെടരുത്. ആരാധനയ്ക്കുയോഗ്യൻ പരിശുദ്ധനും സർവ്വത്തെക്കാളും ഉയർന്നവനും ആയിരിക്കണം. കൊളോ 1:15 അനുസരിച്ച് ക്രിസ്തു ആദ്യജാതനാണ്. യോഹ.1:1 അനുസരിച്ച് (1 യോഹ.1:1) ക്രിസ്തു ആദി മുതലേ ഉള്ളവനാണ്. മീഖാ 5:2 അനുസരിച്ച് ക്രിസ്തു പണ്ടേയുള്ളവനാണ്. ഏശ.9:6, എബ്രാ.1:11 എന്നീ തിരുവചനങ്ങളനുസരിച്ച് യേശു എന്നേയ്ക്കുംനിലനിൽക്കുക തന്നെ ചെയ്യും. അതായത് ദൈവീക സ്വഭാവമായി **നിത്യത** ക്രിസ്തുവിനുള്ളതുകൊണ്ട് ക്രിസ്തു തന്നിൽ വിശ്വസിക്കുന്ന എല്ലാവരുടെയും ന്യായവിധി ക്യാൻസൽ ചെയ്യുന്നു.

“ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടിയുണ്ട് എന്ന് അരുളിച്ചെയ്തു” (മത്താ.28:20). ദൈവീകസ്വഭാവമായ നിത്യതയ്ക്കൊപ്പം ക്രിസ്തു സർവ്വവ്യാപിയാണ് എന്നാണിതിന്റെ ആശയം. യോഹ.16:30-ൽ “നീ സകലവും അറിയുന്നുവെന്നും ആരും നിന്നോട് ചോദിപ്പാൻ ആവശ്യമില്ലായെന്നും ഞങ്ങളിപ്പോൾ അറിയുന്നു. ഇതിനാൽ നീ ദൈവത്തിന്റെ പക്കൽ നിന്ന് വന്നിരിക്കുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു”. അതെ, യേശു സകലതും അറിയുന്നു. അഥവാ സർവ്വജ്ഞാനിയാണ്. കൊളൊ.2:3 അനുസരിച്ച് “അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങളൊക്കെയും ഗുപ്തമായിട്ടിരിക്കുന്നു”. യോഹ.2:24, 4:29, 1:48, ലൂക്കോ.6:18, 11:17, മത്താ.16:21, യോഹ.12:33, 13:1, യോഹ.21:17 തുടങ്ങിയ വചനങ്ങളെല്ലാം ക്രിസ്തു സർവ്വജ്ഞാനിയാണെന്ന് തെളിയിക്കുന്നു. ക്രിസ്തു സർവ്വശക്തനുമാണ്. ഹെബ്രാ.1:3 അനുസരിച്ച് ക്രിസ്തു തന്റെ ശക്തിയുള്ള വചനത്താൽ സകലതും താങ്ങി നിറുത്തുന്നുവെങ്കിൽ അതിന്റെയർത്ഥം അവൻ സർവ്വശക്തനാണെന്നല്ലേ? ഭൂതങ്ങളുടെമേലും ക്രിസ്തുവിനധികാരം (മർക്കോ.5:11-15). രോഗങ്ങളുടെമേലും ക്രിസ്തുവിനധികാരം (ലൂക്കോ.4:38-41) മരണത്തിന്മേലും ക്രിസ്തുവിനധികാരം (മത്താ.9:11-25) പ്രകൃതിയുടെമേലും ക്രിസ്തുവിനധികാരം (മത്താ.2:19, യോഹ.2:3-11). ഇതെല്ലാം അവന്റെ സർവ്വശക്തിയുടെ തെളിവുകൾ തന്നെ.

ഇപ്രകാരം ക്രിസ്തു സകലത്തിന്റെയും മേൽ അധികാരമുള്ളവനായതുകൊണ്ട് എല്ലാ ആരാധനയ്ക്കും സ്തുതിസ്തോത്രങ്ങൾക്കും അവകാശമുള്ളവനാണ്. മത്താ.8:2-ൽ രോഗസൗഖ്യം ലഭിക്കാൻ ഒരു കുഷ്ഠരോഗി വന്ന് അവനെ നമസ്ക്കരിച്ച് (ആരാധിച്ച്)



എന്റെ പേര് സിനി. ഭർത്താവ് സോൾഡിൻ. ഞങ്ങൾ എറണാകുളം ജില്ലയിൽ വെണ്ണലയിലാണ് താമസിക്കുന്നത്. ചർച്ച് ഓഫ് ഇറ്റേണിറ്റിയുടെ പാലാരിവട്ടം സഭയിൽ മെമ്പറാണ്. ഞങ്ങളുടെ വിവാഹം കഴിഞ്ഞ് 3 വർഷമായിട്ടും കുഞ്ഞുങ്ങളുണ്ടായില്ല. ഞങ്ങൾക്ക് യാതൊരു നിരാശയും തോന്നിയിരുന്നില്ല. എന്നാലും കുഞ്ഞുങ്ങളുണ്ടാകണമെന്ന ആഗ്രഹം ഞങ്ങൾക്കുണ്ടാരുന്നു. അങ്ങനെയിരിക്കെ ഞങ്ങളുടെ ആത്മീയ ലീഡറായിരിക്കുന്ന ദേവസ്യാസാറിനെ ഒരു ദിവസം ഫോണിൽ വിളിച്ച് ഞങ്ങൾ പ്രാർത്ഥിച്ചു. അടുത്ത മാസം തന്നെ കുഞ്ഞിനെ ഉദരത്തിൽ ലഭിക്കുമെന്ന് സാർ പറഞ്ഞു. അത്ഭുതമെന്ന് പറയട്ടെ സാർ പറഞ്ഞതുപോലെ തന്നെ ഞാൻ ഗർഭം ധരിച്ചു. ഇക്കഴിഞ്ഞ മെയ്മാസം 2-ാം തിയതി ഒരു പെൺകുഞ്ഞിനെ കർത്താവു ഞങ്ങൾക്കു തന്നു. എന്റെ പ്രഗ്നന്റു സമയത്ത് കുഞ്ഞ വയറ്റിൽ കമിഴ്ന്നാണ് കിടന്നിരുന്നത്. സാർ പറഞ്ഞു അത് സമയമാകുമ്പോഴേക്കും അതു ശരിയായിക്കൊള്ളുമെന്ന്. അതുപോലെതന്നെ സംഭവിച്ചു. പന്നെ സാർ പറഞ്ഞു നോർമ്മൽ ഡെലിവറിയായിരിക്കുമെന്ന്. അതും അങ്ങനെതന്നെ. അനുഗ്രഹിച്ച കർത്താവിന് ആരാധന. സാറിനും ടീമിനും ഒത്തിരി നന്ദി.

സിനി, വെണ്ണല, എറണാകുളം
Ph:9567599468




കർത്താവെ നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയുമെന്നു പറഞ്ഞ് ആരാധിച്ചപ്പോൾ ക്രിസ്തു ആ നമസ്ക്കാരം സ്വീകരിക്കുകയായിരുന്നു. അവനെ യേശു സുഖപ്പെടുത്തുകയും ചെയ്തു. മത്താ.14:33-ൽ അവർ പടകിൽ കയറിയപ്പോൾ കാറ്റ് അമർന്നു. പടകിലുള്ളവർ "നീ ദൈവപുത്രൻ സത്യം" എന്നു പറഞ്ഞ് അവനെ നമസ്ക്കരിച്ചു. മത്താ.15:25-ൽ ഒരു കനാന്യസ്ത്രീ കർത്താവെ എന്നെ സഹായിക്കണമേ എന്ന് പറഞ്ഞ് അവനെ നമസ്ക്കരിച്ചു. (യേശു ആ ആരാധന സ്വീകരിച്ച് ആ സ്ത്രീയുടെ പതറാത്ത വിശ്വാസം കണ്ട് ദൂരെയിരിക്കുന്ന മകളുടെ ഭൂതത്തെ ഇറക്കി വിടുകയാണുണ്ടായത്). മത്താ.20-ന്റെ 20-ൽ സെബദിപുത്രന്മാരുടെ അമ്മ പുത്രന്മാരുമായി അവന്റെയടുക്കൽ വന്ന് നമസ്ക്കരിച്ച് എന്നു നാം വായിച്ചറിയുന്നു. ആരുടെയും നമസ്ക്കാരം (ആരാധന) അവൻ സ്വീകരിക്കാതിരുന്നില്ല. മത്താ.28:16,17-ൽ "എന്നാൽ ശിഷ്യന്മാർ ഗലീലയിൽ യേശു അവരോട് കല്പിച്ചിരുന്ന മലയ്ക്കു പോയി അവനെ കണ്ടപ്പോൾ അവർ നമസ്ക്കരിച്ചു" എന്നുണ്ടല്ലോ. ആരാധനയൊക്കെയും അവൻ സ്വീകിരിക്കാനുള്ള കാരണം അവൻ യോഗ്യനായ ദൈവമായതിനാലാണ്. ശിഷ്യനായ തോമസിന്റെ നമസ്ക്കാരം "എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവെ" എന്ന് പറഞ്ഞുകൊണ്ടായിരുന്നു.

ക്രിസ്തു ദൈവം തന്നെ. ഞാനും പിതാവും ഒന്നാണെന്ന് അവിടുന്ന് പറഞ്ഞു (യോഹ.10:30). പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രവർത്തനങ്ങൾ ഉള്ളവർക്ക് ഇക്കാര്യത്തിൽ യാതൊരു സംശയവും തോന്നുകയില്ല. മുസ്ലീം സഹോദരങ്ങൾക്കും യഹോവാസാക്ഷികൾക്കും ഇത് മനസ്സിലാകാത്തത് അവർ ആത്മാഭിഷേകത്തിന് ശ്രമിക്കാത്തതുകൊണ്ടാണ്.

**ക്രിസ്തുവിന്റെ കല്പനകളുടെ ആധികാരികത**

മത്താ.28:18-ൽ "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു". സകല അധികാരവും ലഭിച്ചതാണെന്നതിനപ്പുറം സകല അധികാരവും ഉള്ളവൻ തന്നെയാണ് യേശു. ആ ആധികാരകശബ്ദം ഒന്നു കേട്ടേ! "കൊല ചെയ്യരുത് എന്നും ആരെങ്കിലും കൊല ചെയ്താൽ ന്യായവിധിക്ക് യോഗ്യനാകും എന്നും പൂർവ്വന്മാരോട് അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട് പറയുന്നത് സഹോദരനോട് കോപിക്കുന്നവനെല്ലാം ന്യായവിധിക്ക് യോഗ്യനാകും. സഹോദരനോട് നിസ്സാരാ എന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുമ്പിൽ നിൽക്കേണ്ടി വരും".

നമുക്കറിയാം ഒരാൾ മറ്റൊരാളെ ഉപദ്രവിക്കുകയോ കൊല്ലുകയോ ചെയ്യുന്നത് വൈരാഗ്യത്തിലേയ്ക്ക് നയിക്കുന്ന കോപം ഉണ്ടായിക്കഴിയുമ്പോഴാണ്. യേശു കൊല്ലരുതെന്നല്ല, പറയുന്നത്. കൊലപാതകത്തിലേയ്ക്ക് നയിക്കുന്ന ആന്തരികമനുഷ്യന്റെ അധമഹൃദയ വികാരം മാനസാന്തരപ്പെടണമെന്നതാണ്. അങ്ങനെ കൊല്ലുക എന്ന പാപം ഉണ്ടാകാതിരിക്കും എന്നതാണ്.

അതുപോലെ മത്താ.5:27-ലേയ്ക്ക് ഒന്നു പോകാം. "വ്യഭിചാരം ചെയ്യരുതെന്ന് അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ; ഞാനോ നിങ്ങളോട് പറയുന്നത് സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ട് അവളോട് വ്യഭിചാരം ചെയ്തുപോയി". വ്യഭിചാരപാപത്തിലേയ്ക്ക് സ്ത്രീപുരുഷന്മാരെ നയിക്കുന്ന ദുർമ്മോഹം ഹൃദയത്തിലുണ്ടാകൻ സാധ്യതയുള്ള ആദികാരണമായ നോട്ടത്തെയും സംസാരത്തെയും തിരുത്തി വ്യഭിചാരമെന്ന പാപത്തെ സ്വീകരിക്കാതിരിക്കാൻ മാനസാന്തരസ്വഭാവത്തോടെ കഴിയുവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

യോഹ.12-ൽ 44-48 വാക്യങ്ങളിൽ അവിടുന്ന് പറയുന്നു : "എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല എന്നെ അയച്ചവനിൽത്തന്നെ വിശ്വസിക്കുന്നു. എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു. എന്നിൽ വിശ്വസിക്കുന്നവൻ ആരും ഇരുളിൽ വസിപ്പാതിരിക്കാൻ ഞാൻ വെളിച്ചമായി ലോകത്തിൽ വന്നിരി

ശേഷം 21-ാം പേജിൽ

## ചർച്ച് ഓഫ് ഇറ്റേണിറ്റി CHURCH OF ETERNITY

## അജപാലന നിർവ്വാഹക സമിതി Pastoral Council



President.
Apostle. Devasia
Mullakkara sir

Apostle & Prophet
Pr. Soajn
Now Church Of Eternity
Kuwait
Mob: 0096597711237

General Secretary
Pr. Abraham
Now Church Of Eternity
Ponkunnam
Mob: 994726 7701

Sr. Vice President
Pr. Yesudas
*(Church Prophet)*
Now Church Of Eternity
Thiru valla
Mob: 9446 74 5148

Sr. Vice President
Pr. Tomichan
*(Church Prophet)*
Now Church Of Eternity
Kottayam, Pala
Mob: 9744655214

Acting President
Pr. George Kudippara
Now Church Of Eternity-
Trivandrum
Mob: 9446 718242

Working President
Rev. Watson Daniel (Adv)
Now Church Of Eternity
Bathery, Wayanad
Mob: 9446952562

Vice President
Pr. Raj Mohan
Now Church Of Eternity
Delhi
Mob: 09958328119

### Church Of Eternity Academic deans



Pr. Suresh
Now Church of Eternity
Ernakulam
Mob: 9388487301

Pr. Yohannan Daniel(M.Div)
Now Church Of Eternity
Pilathara
Mob: 09447192773

Pr. Saimon
Now Church of Eternity
Karukachal
Mob: 9387841020



Administrator
Pr. Johny
Now Church Of Eternity
Kozhikode
Mob: 9961854203

Treasurer
Pr. Tony
Now Church Of Eternity
Mundakkayam
Mob:9388608345

Office. Secretary
Pr.Joyichan
Now Church Of Eternity
Perambra
Mob:9048222384

Secretary
Pr. Shaju
Now Church Of Eternity
Thissur
Mob:9446988562

Secretary
Pr. Jose
Now Church Of Eternity
Kollam
Mob:9847872731



Secretary
Pr. Sibichan
Now Church Of Eternity
Ettumanoor
Mob:9947260420

Secretary
Pr. George
Now Church Of Eternity
Mananthavady
Mob:9495326295

Secretary
Pr. babychan
Now Church Of Eternity
Perumbavoor
Mob:9947142748

Joint. Secretary
Pr. Biju
Now Church Of Eternity
Adimaly
Mob: 9495876219

Joint. Secretary
Pr. Stanly
Now Church Of Eternity
Pulingome
Mob:9447374860

Joint. Secretary
Pr. Saji
Now Church Of Eternity
Palakkad
Mob: 9447695624

Joint. Secretary
Pr. Francis
Now Church Of Eternity
Kanjagad
Mob: 9645707908

Worship Leader
Pr. Biju Kundara
Now Church Of Eternity
Punaloor
Mob:9447248425

Worship Leader
Pr. TD Thomas
Now Church Of Eternity
Thalassery
Mob:9539002341



Pr. Samson
Now Church Of Eternity
Abbassiya
Mob:0096566311234

Pr. Lal Kumar
Now Church Of Eternity
Yemen
Mob: 00967777741554

Pr. Tomy Mannoor
Now Church Of Eternity
Mahbula
Mob: 0096596035928

Pr. Jiji
Now Church Of Eternity
UAE
Mob: 00971503631158

Dr. Viji(Pastor)
Now Church Of Eternity
Kuwait, English Ministry
Mob: 0096566394954

Sr.Molly Socrates
Church Of Eternity
Chennai
Mob: 09444928484

Pr. Deepu
Now Church Of Eternity
Ernakulam(English)
Mob: 9745971555

Media Head
Pr. Jeemon
Now Church Of Eternity
Aluva
Mob:9947375738

## കണ്ണൂർ ജില്ല

## ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ. കെ. എ. സ്റ്റാൻലി**
Mob:9447374860,
9847786950
**പുളിങ്ങോം**
ആത്മാഭിഷേകം വചനാശ്രമം
ഞായർ 9 am- 2.00pm (ആരാധന)



**പാ. ജോസ്**
Mob:9495066596
**കരുവഞ്ചാൽ**
സൂരജ് മെഡിക്കൽസിന്റെ മുകൾ നില
പുതിയ ബസ്സ്റ്റാൻഡ്
ഞായർ 3 pm- 5.00pm (ആരാധന)



**പാ. ദീപു കൈപ്പൻപ്ലാക്കൽ**
Mob:9947787042
**കണ്ണൂർ**
ഹോട്ടൽ ഇന്ത്യാ ഹൗസ്
പഴയബസ്സ്റ്റാന്റിന് സമീപം
ഞായർ 10 am- 1.00 pm (ആരാധന)



**പാ. യോഹന്നാൻ**
Mob: 9447192773
**പിലാത്തറ**
വ്യാപാര ഭവൻ
ഞായർ 10 am- 2pm (ആരാധന)



Mrs.&Mr. ടി.ഡി.
തോമസ്(പാസ്റ്റർ)
Mob:9526044009
9746979922
**തലശ്ശേരി**
കേരള ഹോട്ടൽ & റസ്റ്റോറന്റ്
അസോസിയേഷൻ റൂം.
ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ്.
ഞായർ 10 am- 1.00 pm (ആരാധന)



**പാ: ബിജോയി**
**അയിലുക്കുന്നേൽ**
Mob:9495696466
**വലിയപറമ്പ്**
ടി.ടി. മാത്യുഭവനം
മൃഗാശുപത്രിക്ക് സമീപം
ഞായർ 10.00 am 1.00 pm(ആരാധന)
**ശ്രീകണ്ഠപുരം,** ലൈബ്രറി ഹാൾ,
Near Royal Auditorium.
ഞായർ 3.00 pm- 5.00 pm(ആരാധന)



**പാ: ടി.ടി.മാത്യു**
Mob:**9446262926**
**ഇരിട്ടി** വ്യാപാര ഭവൻ,
അപ്പോളോ
ടെക്സ്റ്റൈൽസ് ബിൽഡിംഗ്
ഞായർ 10 am- 2 pm (ആരാധന)
**കൊട്ടിയൂർ, നീണ്ട നോക്കി**
ഞായർ 2.30 pm- 4.30 pm (ആരാധന)

## കാസർഗോഡ് ജില്ല



**പാ. ഫ്രാൻസിസ്(അപ്പച്ചൻ)**
Mob: 9400784917
9645707908
**കാഞ്ഞങ്ങാട്**
വ്യാപാരഭവൻ
ഞായർ 9 am-12 noon(ആരാധന)
**പെരിയ, ബേക്കൽ**

## വയനാട് ജില്ല



Rev.Watson Daniel
(Adv.)
Mob:9446952562
**ബത്തേരി**
ഐഎംഎ ഹാൾ
ഞായർ 10 am-12 noon (ആരാധന)

## ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ.തോമസ്**
Ph:9495787779
**മീനങ്ങാടി**
**ഹൗസ് ഓഫ് ഹോപ്പ്**
**ബസ്സ് സ്റ്റാന്റിന് എതിർവശം**

**കല്ലുപാടി**
സാജൻ ഭവനം വെള്ളി 6 pm to 9 pm
Ph: 9447263310



**പാ.ജോർജ്ജ് കുട്ടി മലയിക്കൽ**
Mob:9495326295
**മാനന്തവാടി**
കബനി ടൂറിസ്റ്റ്ഹോം
വള്ളിയൂർക്കാവ് റോഡ്
ഞായർ 9.30 am 12.30 pm (ആരാധന)



**പാ.വർഗീസ്**
Mob: 9526676084
8547963084
**പനമരം**
വ്യാപാരഭവൻ
ഞായർ 10.00 am to 1.00 pm (ആരാധന)



**പാ: മത്തായി പൊട്ടനാനിക്കൽ**
Mob:9747757609
**പുൽപ്പള്ളി**
CO.Operative college
ഞായർ 9.30 am to 12 noon (ആരാധന)
ഞായർ 2.30 pm to 5 pm കാവിങ്കൽ തങ്കമ്മ (ചെറുപള്ളി)
1-ാം തിങ്കൾ : പ്രാർത്ഥന-ഒഫള്ളി-കർണ്ണാടക
**പാടിച്ചിറ** വീനീഷ്ഭവനം
ചൊവ്വ 5.30 pm- 7.30 pm(പ്രാർത്ഥന)
**പുൽപ്പള്ളി 73** സിബിച്ചൻ ഭവനം
ബുധൻ 5 pm- 7 pm (പ്രാർത്ഥന)
**ഭൂദാനം** പാ.മത്തായി ഭവനം, വെള്ളി
10.00 am- 1.00 pm (ഉപവാസ പ്രാർത്ഥന)

Mrs.&Mr. ഡോ.ഫെർഡിനന്റ് ദാനം (പാസ്റ്റർ)




Mob:9446648411
**മേപ്പാടി**
രാജൻഭവനം
നെടുംപാല
ഞായർ 10.30 am- 1.00 pm (ആരാധന)
**കൽപറ്റ** ലൂഥറൻ ചർച്ച് (Opp.പഴയബസ്സ്റ്റാന്റ്)
ഞായർ 2.30 pm- 5.00 pm (ആരാധന)

### കോഴിക്കോട് ജില്ല



**പാ: ജോണി പാറപ്പുറത്ത്**
Mob:9961854203
**കോഴിക്കോട്**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, പിടിഉഷാറോഡ്
(അമലാപുരി പള്ളിക്കെതിർവശത്തുള്ള കെട്ടിടത്തിന്റെ ഒന്നാംനിലയിൽ
ഞായർ 10.00 am to 1.00 pm (ആരാധന)
ശനി: 10.30 am 2.00 pm (ഉപവാസപ്രാർത്ഥന)

**തിരുവമ്പാടി,** ആത്മാഭിഷേകം പ്രയർ ഹാൾ, 2nd floor ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയം ചർച്ച് റോഡ്,
ഞായർ 3 pm- 5.30 pm (ആരാധന)



**പാ: ജോണി പാറപ്പുറത്ത്**
Mob:9961854203
**വടകര**
കോൺവന്റ് റോഡ്
വിജയ ഹോട്ടലിനു മുകളിൽ
ആരാധനയും,പ്രാർത്ഥനയും
വെള്ളിയാഴ്ച 10 am to 1 pm



**പാ.റോയ്**
Mob:9961259509
9645439869
**താമരശ്ശേരി**
വ്യാപാരഭവൻ
മിനികോൺഫ്രൻസ്ഹാൾ
ഞായർ 2 pm - 5 pm (ആരാധന)



**പാ.അബ്രഹാം കൈപ്പൻപ്ലാക്കൽ**
Mob:9947267701
**പേരാമ്പ്ര**
സാഗർ ഓഡിറ്റോറിയം,
സാഗർ ഹോട്ടലിന് മുകളിൽ
മീൻമാർക്കറ്റിന് സമീപം
ഞായർ 9.30 am to 1 pm (ആരാധന)

### പാലക്കാട് ജില്ല



**പാ:സജി ചെരുവുംകാലാ**
Mob:9447695624
**പാലക്കാട്**
തൃപ്തി ഹാൾ
ജില്ലാ ഹോസ്പിറ്റലിന് സമീപം
ഞായർ 10.00 am to 1.00 pm (ആരാധന)



**പാ.സ്കറിയ**
Mob:9995014257
**വളാഞ്ചേരി**
ജനത ടൂറിസ്റ്റ്ഹോം
ഞായർ 10 am to 1 pm (ആരാധന)

### തൃശൂർ ജില്ല



**പാ.ഷാജു സഖറിയാസ്**
Mob:9446988562
**തൃശ്ശൂർ**
ചേംബർ ഓഫ് കൊമേഴ്സ് ഹാൾ (A/C), പാലസ് റോഡ്,
സ്വപ്നാതീയേറ്ററിന് സമീപം
ഞായർ 10 am- 2 pm (ആരാധന)
**ചാലക്കുടി**
ഞായർ: 2.30 pm- 5 pm (ആരാധന)
**കുന്നംകുളം**
P.V.S പ്ലാസാ ഓഡിറ്റോറിയം
ഞായർ: 2.30 pm- 5 pm (ആരാധന)

### മലപ്പുറം ജില്ല



Pr.N.P Chackochan
Mob:9847866077
**പെരിന്തൽമണ്ണ**
Tee Tee Plaza
Tourist Home,
Near Moulana Hospital
ഞായർ 10 am- 1 pm (ആരാധന)



**പാ.ജോസ് കീച്ചേരിയിൽ**
Mob: 9539936979
**നിലമ്പൂർ**
വ്യാപാരഭവൻ, (കീർത്തിപ്പടി)
ഞായർ 10.30 am to 1 pm
(ആരാധന)

### എറണാകുളം ജില്ല





**പാ:സുരേഷ്** Mob:9388487301
**പാ.ദീപു** Mob:9745971555
**പാ.ബിനു** Mob:9947217398

**എറണാകുളം**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ
പാലാരിവട്ടം സർക്കിൾ, മാർക്കറ്റ് റോഡ്,
മാർജിൻ ഫ്രീ സൂപ്പർമാർക്കറ്റിന് മുകളിൽ
(കാർഷിക വികസന ബാങ്കിന് സമീപം)
ഞായർ 10.00 am- 12.00 noon (ആരാധന)



**പാ. മത്തായി മാത്യു (ബേബിച്ചൻ)**
Mob:9947142748
**പെരുമ്പാവൂർ**
വ്യാപാര ഭവൻ
ഞായർ 10 am- 1 pm (ആരാധന)
**പറവൂർ** വ്യാപാരഭവൻ,
മിനികോൺഫ്രൻസ്ഹാൾ
ഞായർ: 2.30 pm- 5.30 pm (ആരാധന)



**പാ.ജോയി**
Mob:8086726173
**കാലടി**
വി.ഐ.പി. ഷോപ്പിംഗ് കോംപ്ലക്സ്
(പ്രൈവറ്റ് ബസ്സ്റ്റാന്റിനു സമീപം).
ഞായർ 10.00 am - 1 pm
(ആരാധന)
വ്യാഴം: 10.30 am 2.00 pm (ഉപവാസപ്രാർത്ഥന)



**പാ.എം.സി.പൗലോസ്**
Mob:9446688679
**അങ്കമാലി**
സീനായ് ഷോപ്പിംഗ് സെന്റർ,
മുൻസിപ്പൽ ഓഫീസ്റോഡ്
KSRTC ക്കു സമീപം
ഞായർ 10 AM - 1 PM (ആരാധന)
വെള്ളി: 10 am - 5 pm (ഉപവാസ പ്രാർത്ഥന)
ബുധൻ: 5 pm - 8 pm (പുരുഷ കൂട്ടായ്മ)
ശനി: ഭവന പ്രാർത്ഥന



**പാ. അനിൽ എസ്**
Mob:9747900499, 9495166724
**മൂവാറ്റുപുഴ**
പാലപ്പുറം ബിൽഡിംഗ്
ഞായർ: 10 am - 1 pm (ആരാധന)
**കോതമംഗലം** ടി.എം. ജേക്കബ് മെമ്മോറിയൽ ഹാൾ
ഞായർ: 8am -10pm (ആരാധന)



**പാ. ജോസഫ് ഐരാപുരം**
Ph:9447055141
**ഫോർട്ടുകൊച്ചി**
YMCA Hall ചിരട്ടപ്പാലം
ഞായർ: 10 am- 1 pm (ആരാധന)
ഭവന പ്രാർത്ഥന: പ്രസീദ ടീച്ചർ ഭവനം
എല്ലാവ്യാഴാഴ്ചയും 11 am-1.30 pm
**പെരുമ്പടപ്പ്** വിൻസന്റ് ഭവനം
ഞായർ 4 pm - 6.30 pm (ആരാധന)

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ: സജി മാന്താറ്റിൽ**
Ph:9447370460
**തലയോലപ്പറമ്പ്**
പഴയകടവിൽ ബിൽഡിംഗ്
ഞായർ: 10 am- 1 pm (ആരാധന)



**പാ: ആന്റണി.പി.ആർ**
Ph:9388689735
**ചേർത്തല**
സെന്റ് ആന്റണീസ് ബിൽഡിംഗ്, മനോരമ ജംഗ്ഷൻ, നോർത്ത് വയലാർ റോഡ്
ഞായർ: 10.00 am- 1pm (ആരാധന)
വെള്ളി: 10 am to 4 pm (ഉപവാസ പ്രാർത്ഥന)



**പാ.സി.വി.ഏലിയാസ്**
Ph:9495272708
**പിറവം**
അരവിന്ദൻ ബിൽഡിംഗ് (മാതൃഭൂമി ഓഫീസിനു മുകളിൽ) പിറവം പള്ളിക്കവല, സ്കൂൾ റോഡ്.
ഞായർ:10.00 am- 1.00 pm(ആരാധന)
**പെരുവ**
ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം, കുന്നപ്പള്ളി
ഞായർ: 2.00 pm- 5.00 pm (ആരാധന) Ph:9495272708



**പാ.ജീമോൻ പി.ജെ**
Ph:9947375738
**ആലുവ**
മറ്റത്തിപ്പറമ്പിൽ റസിഡൻസി, റെയിൽവേ സ്റ്റേഷനു സമീപം
ഞായർ:10 pm -1.00 pm (ആരാധന)

## കോട്ടയം ജില്ല



**പാ:ടോമിച്ചൻ വട്ടപ്പാറയിൽ**
Ph:9744655214
**കോട്ടയം** I M A ഹാൾ
ഡി.സി. ബുക്സിനു സമീപം ലോഗോസ് ജംഗ്ഷൻ
ഞായർ:9 am - 1 pm (ആരാധന)

**പാലാ** വ്യാപാര ഭവൻ
ഞായർ: 2.00 pm - 5.00 pm (ആരാധന)
**പാമ്പാടി,** ലയൺസ്ക്ലബ്ഹാൾ(ബൈബിൾക്ലാസ്സ്) ശനി: 10.00 am - 1.00 pm
**വയല** വെള്ളി: 7.00 pm - 9.00 pm (ഭവന കൂട്ടായ്മ) യൂണിറ്റി ബിൽഡിംഗ്, ഒന്നാം നില, കോട്ടയം മെഡിക്കൽ കോളേജിനടുത്ത്
ചൊവ്വാ 10 am to 1pm (ഉപവാസ പ്രാർത്ഥന)
**വാഴൂർ** ബുധൻ 10 am to 1 pm (പ്രാർത്ഥന)
വ്യാഴം 6 pm to 10 pm (പുരുഷൻമാർ)
വെള്ളി 10 am to 1pm (ബൈബിൾ ക്ലാസ്)
**പാലാ** ടോംസ് ഓഡിറ്റോറിയം
വെള്ളി 2 pm to 5 pm (ബൈബിൾ ക്ലാസ്)
**മണർകാട്** ശനി 6 pm 9 pm (കൂട്ടായ്മ)



**പാ:ടോണി സിറിയക്**
Ph:9388608345,9400502442
പാ. രാജു ഐസക്ക്
Ph: 9744756060



Pr. Raju Issac
Ph: 9744756060

**മുണ്ടക്കയം**
അത്യാലിൽ പ്ലാസ, മൂന്നാം നില
ഞായർ: 9.30 am to 2 pm (ആരാധന)
വെള്ളി: 10 am to 1 pm (ഉപവാസ പ്രാർത്ഥന)
**ഏന്തയാർ ജംഗ്ഷൻ** (ഭവന കൂട്ടായ്മ)
ബുധൻ: 10.00 am to 1.00 pm
പഞ്ചായത്ത് ബസ്സ് സ്റ്റോപ്പിനു പിറകിൽ
**പനക്കച്ചിറ** (ഭവന കൂട്ടായ്മ)
ബുധൻ:2 pm to 5 pm
**എരുമേലി** റോട്ടറി ക്ലബ്ബ്
ഞായർ: 2 pm to 5 pm (ആരാധന)



പാ. അപ്പച്ചൻ
Mob: 9400259087



**പാ. മാനുവൽ അള്ളുംപുറത്ത്**
Mob: 9495723836
**ഈരാറ്റുപേട്ട**
പഴയപറമ്പിൽ റസിഡൻസി കോൺഫ്രൻസ് ഹാൾ
K.S.R.T.C ബസ്സ്റ്റാൻഡിന് സമീപം (കാഞ്ഞിരപ്പള്ളി റൂട്ട് തെക്കേക്കര)
ഞായർ: 10 am to 1 pm (ആരാധന)
ചൊവ്വ വ്യാഴം ദിവസങ്ങളിൽ പുരുഷകൂട്ടായ്മ 6 pm to 8 pm
ചർച്ച് ഹാളിനു സമീപമുള്ള പാസ്റ്ററുടെ ഭവനത്തിൽ
ബുധൻ, ശനി ഭവനകൂട്ടായ്മ 11 am to 2 am



**പാ. സിബിച്ചൻ മലയിക്കൽ**
Mob: 9947260420
**ഏറ്റുമാനൂർ**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, (K.S.R.T.C ബസ്സ്സ്റ്റാന്റിനു സമീപം)
ഞായർ: 9am to 1 pm (ആരാധന)
**കുറുപ്പുംതറ**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, S.H.കോളേജ് (ജറീക്കോ പ്രാർത്ഥനാലയത്തിനടുത്ത്)
ഞായർ: 3.00 pm to 6.00 pm (ആരാധന)
**പട്ടിത്താനം കവല**
ഞായർ: 6.00 pm to 9.00 pm (ആരാധന)
**കൂത്താട്ടുകുളം**
ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം
**നീണ്ടൂർ** (മാഞ്ഞൂർ) മാന്താറ്റിൽ സജി ഭവനം
വ്യാഴം 5.00 pm to 8.00 pm (പ്രാർത്ഥന)
**കടുത്തുരുത്തി**
നന്ദാവനം ബിൽഡിംഗ്, മാർക്കറ്റ്ജംഗ്ഷൻ
വെള്ളി 10 am to 1.00 pm (ഉപവാസ പ്രാർത്ഥന)
ശനി 6.00 pm to 9.00 pm (പുരുഷകൂട്ടായ്മ)
**പുന്നത്തറ കവല**
അഡ്വ.സിജ ജോസഫ്ഭവനം വെള്ളി 6 pm to 8.30 pm



**പാ. സണ്ണി മുണ്ടക്കയം**
Mob:9400931331
**കൂത്താട്ടുകുളം**
ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം
ഞായർ:10 am to 1pm (ആരാധന)



**പാ. സണ്ണി കല്ലറ**
Mob:9747162519, 9946122890
**കടുത്തുരുത്തി**
നന്ദാവനം ബിൽഡിംഗ്
ഞായർ:10am to 1pm(ആരാധന)



**പാ:സൈമൺ കെ. ഡാനിയേൽ**
Mob:9387841020
**കറുകച്ചാൽ**
വ്യാപാര ഭവൻ, കോൺഫ്രൻസ് ഹാൾ
ഞായർ: 10 am to 1pm (ആരാധന)
വെള്ളി:10 am to 1pm (ഉപവാസ പ്രാർത്ഥന)
**പുതുപ്പള്ളി,** ചൊവ്വ 6 pm to 9 pm (പ്രാർത്ഥന)
**മാമ്മൂട്,** ബുധൻ: 10 am to 1 pm (പ്രാർത്ഥന)



Mrs.&Mr. **വിസി. മാത്യു** (പാസ്റ്റർ)
(ജോയിച്ചൻ വണ്ടനാനിക്കൽ)Mob: 9048222384
**പൊൻകുന്നം**
സ്വദേശി റസിഡൻസി
ഞായർ: 9 am 12.30 pm(ആരാധന)



**ചങ്ങനാശ്ശേരി, പാ:യേശുദാസ് പുളിക്കൽ ,** Ph: 9446745148
YWCA ഓഡിറ്റോറിയം
ഞായർ: 8.00 am to 10 am (ആരാധന)
**പാ. ബിജു** Ph: 9447116820
വെള്ളി: 10 am 1pm (ഉപവാസപ്രാർത്ഥന)
**മണിമല**
**പാ.സിറിൾ** Mob: 9400333164
അഴകത്ത് ബിൽഡിംഗ്, മണിമല പാലത്തിനടുത്ത്
വ്യാഴം: 10 am 1pm(പ്രാർത്ഥന)

## ഇടുക്കി ജില്ല



**പാ: ബിജു പി.സാം**
Mob: 9495876219, 9744741907
**അടിമാലി**
വ്യാപാരഭവൻ
ഞായർ 10 am-1pm (ആരാധന)
**പഴംപള്ളിച്ചാൽ**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ വായനശാലയ്ക്ക് സമീപം
ഞായർ 2.30 pm -5.30 pm (ആരാധന)
**ചാറ്റുപാറ** സേവ്യർ ഭവനം.
വെള്ളി 10.00 am- 1.00 pm (പ്രാർത്ഥന) (ഉപവാസ പ്രാർത്ഥന)
**മാങ്കുളം(വിരിപാറ)**
വെട്ടിക്കാപ്പിള്ളി ഭവനം
വെള്ളി 6 pm- 8.30 pm (പ്രാർത്ഥന)
**ചെങ്കുളം** പീറ്റർ ഭവനം
ശനി 10 am- 1.00 pm (ബൈബിൾക്ലാസ്സ്)
**പാറത്തോട്** ആത്മാഭിഷേകം വർഷിപ്പ് സെന്റർ (R.C. ചർച്ചിന് മുൻവശം)
ശനി 10.00 am- 1.00 pm (പ്രാർത്ഥന)
**മുക്കാലേക്കർ** എസ്തപ്പാൻ ഭവനം
ആദ്യവെള്ളിയാഴ്ചകളിൽ 10.00 am- 1 pm
**200ഏക്കർ** റോയി ഭവനം ശനി 6 pm-9pm
ബൈബിൾ ക്ലാസ്സ്



**പാ:ജോസഫ് വി.റ്റി**
(രാജു മുണ്ടക്കയം)
Ph:9446379625, 9747499619
**തൊടുപുഴ**
വ്യാപാരഭവൻ കാഞ്ഞിരമറ്റം ജംഗ്ഷൻ
ഞായർ: 10 am- 1 pm (ആരാധന)



**പാ.സിറിൾ**
Mob: 9400333164
**കട്ടപ്പന**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, സാഗര തീയേറ്റർ റോഡ്, ആൽവിൻ പെയിന്റ്സിന് പുറകുവശം
ഞായർ 10 am- 1pm (ആരാധന)



**പാ:സാജു**
Mob:9447981274
**ചേലച്ചുവട്**
ആത്മാഭിഷേകം വർഷിപ്പ്സെന്റർ
Opp. വ്യാപാരഭവൻ
ഞായർ 10 am to 1pm (ആരാധന)

## പത്തനംതിട്ട ജില്ല





Mrs.& Mr.
**യേശുദാസ് പുളിക്കൽ**
(പാസ്റ്റർ)
Ph:9446745148
**തിരുവല്ല**
ആത്മാഭിഷേകം സഭാഹാൾ, മഞ്ഞാടി, ആമല്ലൂർ റോഡ്
ഞായർ: 10.00 am- 1.00 pm (ആരാധന)
വെള്ളി: 10 am -1pm ഉപവാസ പ്രാർത്ഥന
ശനി: 10 am -3 pm കൗൺസിലിംഗ്
**പന്തളം**
കന്യകാ ടെക്സ്റ്റയിൽസിന്റെ ഗ്രൗണ്ട് ഫ്ളോർ, ഗവ: ആശുപത്രിക്കു സമീപം
ചൊവ്വ: 10.00 am- 1.00 pm

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



പാ:സി.വി. ജോസ്കുട്ടി
Ph:9847052185
**പത്തനംതിട്ട**
നന്നുവക്കാട് YMCA ഹാൾ
(ചുരുളിക്കോട്)

ഞായർ: 10.00 am-1.00 pm (ആരാധന)
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)



പാ. ബിജു
Ph: 9447116820
**റാന്നി**
ഇട്ടിയപ്പാറ
തേൻമഠത്തിൽ ബിൽഡിംഗ്

ഞായർ: 10.30 am to 1pm (ആരാധന)
ബുധൻ (പ്രാർത്ഥന)



പാ. ബിനോജ്
Mob: 9539769595
**അടൂർ**
കച്ചേരി മാർക്കറ്റ്

ഞായർ: 10 am to 1 pm (ആരാധന)

## ആലപ്പുഴ ജില്ല



പാ. ബിജു
Ph: 9447116820
**ആലപ്പുഴ**
YWCA ഹാൾ near വഴിച്ചേരി ജംഗ്ഷൻ
ഞായർ 9.30 am to 1 pm (ആരാധന)

സൺഡേസ്കൂൾ: എല്ലാ ഞായറാഴ്ചയും 12.30 pm

**പുന്നപ്ര**
തിങ്കൾ 6 pm to 9 pm (ബൈബിൾക്ലാസ്)
എല്ലാ വെള്ളിയാഴ്ചയും (ഉപവാസപ്രാർത്ഥന) 10 am

**ഹരിപ്പാട്** സബ് റെജിസ്ട്രാർ ഓഫീസ് ബിൽഡിംഗ്, കവല, നങ്ങ്യാർകുളങ്ങര
ഞായർ :2 pm to 5 pm (ആരാധന)
എല്ലാ മാസത്തിലെയും നിശ്ചിത അവധി ദിവസങ്ങളിൽ 10 am to 3 pm(ബൈബിൾക്ലാസ്)

**കായംകുളം** വൈ.എം.സി.എ ഗോൾഡൻ ജൂബിലി, ഓഡിറ്റോറിയം, (പാർക്ക് ജംഗ്ഷൻ)
ശനി: 9.30 am to 1.00 pm (ആരാധന)
സൺഡേ സ്കൂൾ: എല്ലാ ശനിയാഴ്ചയും 12.30 pm

**കറ്റാനം**
മാംകാവിൽ ഗാർഡൻസിന് സമീപം, വില്ലേജ് ഓഫീസ് റോഡ് (കുടുംബകൂട്ടായ്മ)
എല്ലാ 2-ാം ശനിയാഴ്ചയും: 2 pm to 5 pm

## കൊല്ലം ജില്ല



പാ:ജോസ് മാത്യു
Ph:9847872731, 9946586728
**കൊല്ലം** YMCA ഹാൾ, ചിന്നക്കട, റെയിൽവെ ക്രോസിന് സമീപം
ഞായർ: 10 am to 1 pm (ആരാധന)

**കരുനാഗപ്പള്ളി** Ph:9847872731, 9946586728
YMCA ഹാൾ,
ഞായർ: 7 am to 10 am (ആരാധന)

**പൂയപ്പള്ളി** Ph:9847872731, 9946586728
കിഴക്കേടത്ത് ബിൽഡിംഗ്
ഞായർ: 4.00 pm 7.00 pm (ആരാധന)

ഭവന കൂട്ടായ്മകൾ: -
ആശ്രാമം 1-ാം തിങ്കൾ 4.00 pm to 6.00 pm
തങ്കശ്ശേരി 2-ാം തിങ്കൾ 4.00 pm to 6.00 pm
ഹൈസ്കൂൾ Jn. 3-ാം തിങ്കൾ 4.00 pm to 6 pm
മുണ്ടാലും മൂട് 4-ാം തിങ്കൾ 4.00 pm to 6.00 pm
പരവൂർ 1-ാം ചൊവ്വ 4.00 pm to 6.00 pm
മയ്യനാട് 2-ാം ചൊവ്വ 4.00 pm to 6.00 pm
ഇളമ്പള്ളൂർ 3-ാം ചൊവ്വ 4.00 pm to 6.00 pm
കൊട്ടിയം 4-ാം ചൊവ്വ 4.00 pm to 6.00 pm
ശങ്കരമംഗലം 1-ാം ബുധൻ 4.00 pm to 6.00 pm
നീണ്ടകര 2-ാം ബുധൻ 4.00 pm to 6.00 pm
കുറ്റിവട്ടം 3-ാം ബുധൻ 4 pm to 6 pm
പുന്നക്കോട് 4-ാം ബുധൻ 4.00 pm to 6.00 pm
ചെറുവക്കൽ 1-ാം വ്യാഴം 4.00 pm to 6.00 pm
ഓടനാവട്ടം 2-ാം വ്യാഴം 4.00 pm to 6.00 pm
ഓയൂർ 3-ാം വ്യാഴം 4.00 pm to 6.00 pm
ഇളമാട് 4-ാം വ്യാഴം 4.00 pm to 6.00 pm
മുഖത്തല 1-ാം വെള്ളി 4.00pm 6.00 pm
അഞ്ചാലും മൂട് 2-ാം വെള്ളി 4.00 pm to 6 pm
കരിക്കോട് 3-ാം വെള്ളി 4.00 pm to 6.00 pm
വർക്കല 4-ാം വെള്ളി 4.00pm to 6.00 pm
2-ാം ശനി ചർച്ചുകളുടെ സംയുക്ത കൂട്ടായ്മ.



പാ.കെ.സി. ദേവസ്യാ(ദാസ്)
Ph:9633227925
**പത്തനാപുരം**
സായാന്നാ ടൂറിസ്റ്റ്ഹോം opp.ജനത ഹോസ്പിറ്റൽ

ഞായർ : 10 am to 1 pm (ആരാധന)
ഒന്നാം ശനി മുറിഞ്ഞകൽ ഷീബ ഭവൻ 3 pm to 5 pm, രണ്ടാം ശനി **നെടുമൺകാവ്** രാധാമണിഭവനം 3 pm to 5 pm, മൂന്നാം ശനി പ്ലാന്റേഷൻ, വൽസലാമ്മഭവനം 3 pm to 5 pm നാലാം ശനി **കൂടൽ** മണി ഭവനം 3 pm to 5 pm



പാ:ബിജു സ്കറിയ കുണ്ടറ
Mob:9447248425
**പുനലൂർ**
എം.ജെ.എസ്. ടൂറിസ്റ്റ് ഹോം (Opp. Market)

ഞായർ:10.00 am to 1.00 pm (ആരാധന)
**കുണ്ടറ** (എല്ലാ ശനിയാഴ്ചകളിലും (പ്രാർത്ഥന) ആറുമുറിക്കട. മേലതിൽ ഓഡിറ്റോറിയം 3.00 pm - 5 pm
**ഭരണിക്കാവ് , പുത്തൂർ, ചാത്തന്നൂർ കുളത്തൂപ്പുഴ** (ഭവനകൂട്ടായ്മ)

## തിരുവനന്തപുരം ജില്ല



പാസ്റ്റർ:ജോർജ്ജ് തോമസ് കുടിപ്പാറ
Mob:9446718242
**പരുത്തിപ്പാറ**
ഗ്രേസ് മിനിഹാൾ

ഞായർ 10.30 am to 12.30 pm (ആരാധന)
ആരാധന:എല്ലാ ശനിയാഴ്ചയും YMCA ഹാൾ 10.30 am-12.30 pm തൊഴുക്കൽ. നെയ്യാറ്റിൻകര
യൂത്ത് കൂട്ടായ്മ എല്ലാ ഞായർ 12.30 pm
ഒന്നിടവിട്ട മാസങ്ങളിൽ ഏകദിന കൂട്ടായ്മ
ലേഡീസ് കൂട്ടായ്മ രണ്ടാം ഞായർ (4.30 pm), 4-ാം ഞായർ (12.30 pm to 1 pm)
പുരുഷ കൂട്ടായ്മ 2-ാം ഞായർ, 4-ാം ഞായർ 12.30 pm - 1 pm
സൺഡേ സ്കൂൾ :
എല്ലാ ഞായറാഴ്ചയും 12.30 pm

**പൂവ്വാർ**,ബെഥേൽ ഭവനം പ്രയർ ഹാൾ, പത്തനാവിള ആർ.സി. ചർച്ച് റോഡ്
ഞായർ 4.00 pm to 6.00 pm (ആരാധന)
**കാട്ടാക്കട**,അംബികാ ഭവനംഎല്ലാ ശനിയാഴ്ചയും 10 am to 1pm (ആരാധന)

കുടുംബ കൂട്ടായ്മകൾ:-
വലിയതുറ, 1-ാം ചൊവ്വ മാത്യൂസ് ഭവനം 5.30 pm
ആനാട്, 2-ാം ചൊവ്വ ബാബുഭവനം 10.30 am
ചന്തവിള 3-ാം ചൊവ്വ സാംബശിവൻ ഭവനം 6.00 pm
കുടപ്പനക്കുന്ന്, 4-ാം ചൊവ്വ ശശിഭവനം 6.30 pm
മുട്ടട, ആത്മാഭിഷേകം ഓഫീസ് എല്ലാ ബുധനാഴ്ചയും ഉപവാസ പ്രാർത്ഥന.10.30 am
L.M.S.Nagar, എല്ലാ വെള്ളിയാഴ്ചയും ബൈബിൾ സ്റ്റഡി 6.00 pm to 9.00 pm
ഊരുട്ടമ്പലം, 1-ാം ബുധൻ ചിനിവിള ജോർജ്ജ് 5 pm
വലിയവിള, 2-ാംബുധൻ ജയചന്ദ്രൻ ഭവനം 4.30 pm
കരമന,3-ാം ബുധൻ ശാന്തഭവനം3 pm
3-ാം ബുധൻ ജോർജ്ജ് ഫിലിപ്പ് ഭവനം 5.00pm
കിള്ളി, 4-ാം ബുധൻ ബിജുഭവനം 6 pm
വെങ്ങാന്നൂർ, 1-ാം വ്യാഴം ജസ്റ്റസ് ഭവനം 5 pm
ഉദിയൻകുളങ്ങര, 2-ാം വ്യാഴം ശശിഭവനം 4.30 pm
പേരൂർക്കട, 2-ാം വ്യാഴം സാവിത്രിഭവനം10.30am
ഞണ്ടൂർകോണം 3-ാം വ്യാഴം ആന്റണി ഭവനം 4.30 pm
കുറ്റ്യാനി, 4-ാം വ്യാഴം രാജൻ ഭവനം4.30pm
മരുതൂർ, 1-ാം ശനി സദാശിവൻ ഭവനം 5.30 pm
സന്തോഷ് നഗർ, 2-ാം ശനി മുരളിസാർ ഭവനം 5.30 pm
2-ാം ശനി യൂത്ത് നൈറ്റ് പ്രയർ 7.30 pm
നെട്ടയം, 3-ാം ശനി ജോർജ്ജ് ഭവനം 5.30 pm, പാറോട്ട്കോണം,4-ാം ശനി മനോജ് ഭവനം 5.30 pm



പാസ്റ്റർ വിനു നടയ്ക്കൽ
Mob: 9744569559
**പാറശാല**
ആത്മാഭിഷേകംവർഷിപ്പ് സെന്റർ (ഷീലാ കോട്ടേജ് റെയിൽവെപാലത്തിന് സമീപം, കാരക്കോണം റൂട്ട്)
ഞായർ 10 am to 1.00 pm (ആരാധന)
**വെള്ളറട,** ജെ.എം. ഹാൾ
ഞായർ 3 pm to to 5 pm (ആരാധന)
**അമരവിള,** എസ്ഥേർഭവനം
രണ്ടാം ശനി 2 pm to to 4 pm (ആരാധന)

## OUR CHURCHES OUT OF KERALA



**Pr. Raj Mohan**
Ph: 09958328119, 07838681789

### DELHI

Delhi - Athmabhishekam prayer hall
Plot no: 11. Nawada housing complex
Near metro pillar no: 786
and Dwaraka mor Red light
Dwaraka mor (Metro) NewDelhi-59

Sunday school- 9am - 10am
Worship 10am-1pm (Hindi & Malayalam)
Tuesday- 6pm-8.30pm. Mohan Garden (Hindi)
Wednesday - 6.30pm- 9pm. Bible study (malayalam)
At Athmabhishekam prayer hall
Thursday- 6pm-8pm. Kalkaji (Malayalam)
Friday- Palam-Rajnagar II-6.30pm-8pm. (Hindi)
10am- 1.00pm - Fasting Prayer. Fasting prayer
At Athmabhishekam prayer hall
Saturday-R.R Hospital (Army church) 4.30pm-6.30pm (Hindi)
Every second saturday- 9am - 2pm-Youth Meeting
At Athmabhishekam prayer hall

## MAHARASHTRA (Kamothe)



Pr. Radhakrishnan
Ph: 8086425080

Navi Mumbai Athmabhishekam Worship Centre
Sushmapatil School& Junior College.
Kamothe Sector 11.Near Manasorowar.
Sunday Worship 10 am-1pm





## GUJARAT

Mrs. & Mr. Samachen (Pastor)
Mob: 09737930414
09904422339, 08460985339
Sunday Worship 10 am- 1 pm



Pr. Francis

## KARNATAKA

Moodubidri
Manglore worship centre
Seldhanacompound
Near Forest office
Moodubidri
Ph: 940078917
9880862932

## CHENNAI



Pr. Tony Cyriac
Ph: 9400502442



Pr. Raju Issac
Ph: 9744756060

Grace Matriculation School
Near Hot Chips Bus Stop & Shanthi Colony Road,No. 4, L Block, 12th main Road. Ist Street, Anna Nagar
Sunday Worship 10.00 am - 1.00 am

## Coimbatore (Pothannur)





Mrs. & Mr. Wilson (Pastor)
Ph: 09585290142

M.G.Community Hall, Opp. Railway Hospital. Sunday Worship 10 am- 1 pm

**Selem** Ammini Home
Ranganadar Street
Worship: Tuesday 10 am to 2 pm
Ph: 9443820626

## FELLOWSHIPS IN ABROAD

### AMERICA

**Newyork (Hicksville)**
**Every Fridays**
**4pm -7pm**
**For your PrayerRequest**
**Ph.: 001 5166432037**

### CANADA



**908-1585**
**Ernest Ave**

Pr. Dollet Zacharia
Ph: 0012262241417

### UAE Sharja



Friday
10 am to
12.30 noon
Praise and
Worship

Pr.Jiji
Ph:00971503631158

### QATAR



Regional Church Complex
Tuesday 8 pm to 9.30 pm
Prayer Meeting
Ph:00974 30693987

Pr.Alwin

### YEMEN(SANA)



Pr.Lal Kumar R
Ph:00967777741554

Friday 9.30 am to 12.30 pm
at Athmabhishekam Worship Center,
Near Kuwait Hospital, Sana'a.
Thursday 5 pm to 7 pm
at Athmabhishekam Worship Center,
Near Kuwait Hospital, Sana'a
And Athmabishekam worship center, Safia.Sana'a
Sunday
prayer 5pm to 6.30pm at
Kuwait Hospital and
Saudi German Hospital. sana'a.

### BAHRAIN..

Pr. Raju Issac
Ph: 00973 3235 5290
0097333234007



Every Thursday
8 pm to 10 pm

South Park, Gwudhebia
(Friday 9.30 am to 12 pm)
Tuesday 7.30 pm to 9 pm)
Prayer Meeting

### KUWAIT



Pr. Sojan Zacharias
Ph: 0096597711237
N E C K Kuwait City
Church Auditorium
(Monday, 7.00 pm- 9.30 pm)

### SALMIYA

Pr. Sabu Francis
Ph: 00965 97711267



**Friday**
**9 am to 12 noon**

**Caesar's Travel & Tourism Basement**

Dr. Viji
Ph:0096566394954



**English worship (Friday)**
**6.30 pm to 9 pm**

**Indian PublicSchool**

### ABBASSIYA





Pr. jomon & Pr.Samson
Ph: 00965 97207125
00965 66311234
ACE Hall, Near Subway
Friday 9 am to 12.30pm

### MANGAF



Pr.Roy
Ph:00965 65929880
**Friday**
**9 am to 12 noon**

Pr.Tomy Mannoor
Ph:00965 96035928



### MAHBULA

**Saturday**
**7 pm to 9 pm**





Pr. Sojan & Br.Jijo
Ph: 00965 97711237
00965 66970496

### FORWANIA

**Friday 7 Pm to9 PM**




15-ാം പേജിൽ നിന്നും തുടർച്ച

ക്കുന്നു. എന്റെ വചനം കേട്ട് പ്രമാണിക്കാത്തവനെ ഞാൻ വിധിക്കുന്നില്ല; ലോകത്തെ വിധിപ്പാനല്ല; ലോകത്തെ രക്ഷിപ്പാനത്രെ ഞാൻ വന്നിരിക്കുന്നത്. എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട്; ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും".

"യഹോവ" എന്റെ പാറ എന്ന് സങ്കീ. 18:2-ലും 95:1-ലും പറയുമ്പോൾ 1 കൊറി. 10:4-ലും 1 പത്രോ.2:6,8-ലും ക്രിസ്തുവിനെയും പാറ അഥവാ കല്ല് എന്ന് വിളിച്ചിരിക്കുന്നു.

യിര.31:34-ലും സങ്കീ. 13:4-ലും യഹോവയാണ് പാപം ക്ഷമിക്കുന്നവൻ എന്നുണ്ടെങ്കിൽ, അപ്പൊസ്തലന്മാർ യേശുക്രിസ്തുവിലൂടെ മാത്രമെ പാപവിമോചനം ലഭിക്കൂ എന്ന് ധൈര്യത്തോടെ പ്രസംഗിച്ചു അപ്പൊ.5:31-ലും കൊളോ.3:13-ലും.

ഞാൻ, യഹോവ അതു തന്നെ എന്റെ നാമം, ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടുകൊടുക്കുകയില്ല എന്ന് ഏശ.42:8-ൽ പറഞ്ഞുവെങ്കിൽ "ഞാൻ ഇത്രകാലം നിങ്ങളുടെ കൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ, പീലിപ്പോസെ?" "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു. പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം എന്ന് നീ പറയുന്നതെങ്ങനെ? ഞാൻ പിതാവിലും പിതാവ് എന്നിലുമാകുന്നു എന്ന് നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോട് പറയുന്ന വചനം സ്വയമായിട്ടല്ല സംസാരിക്കുന്നത്. പിതാവ് എന്നിൽ വസിച്ചുകൊണ്ട് തന്റെ പ്രവൃത്തി ചെയ്യുന്നു. ഞാൻ പിതാവിലും പിതാവ് എന്നിലും എന്ന് എന്നെ വിശ്വസിപ്പിൻ; അല്ലെങ്കിൽ പ്രവൃത്തി നിമിത്തം എന്നെ വിശ്വസിപ്പിൻ. ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു. ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും, ഞാൻ പിതാവിന്റെയടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയവയും അവൻ ചെയ്യും" (യോഹ.14:9-12) എന്നു പറഞ്ഞുകൊണ്ട് മറ്റാർക്കും മഹത്വം വിട്ടുകൊടുക്കാത്തവൻ പുതിയനിയമത്തിൽ യേശുക്രിസ്തുവാണെന്ന് തെളിയുകയാണ്.






സെഖര്യാ പ്രവാചകൻ 12 -ന്റെ 10-ൽ "ഞാൻ ദാവീദു ഗൃഹത്തിന്മേലും യരുശലേം നിവാസികളുടെമേലും കൃപയുടെയും യാചനകളുടെയും ആത്മാവിനെയും പകരും; തങ്ങൾ **കുത്തീട്ടുള്ളവങ്കലേയ്ക്ക്** അവർ നോക്കും; ഏകജാതനേക്കുറിച്ച് വിലപിക്കുന്നതുപോലെ അവർ അവനേക്കുറിച്ച് വിലപിക്കും. ആദ്യജാതനേക്കുറിച്ച് വ്യസനിക്കുന്നതുപോലെ അവർ അവനേക്കുറിച്ച് വ്യസനിക്കും". പുതിയനിയമ എഴുത്തുകാരൻ ക്രിസ്തുവാണ് ആ കുത്തേറ്റവൻ എന്ന് തെളിയിക്കുകയുണ്ടായി.

യോഹ.12:36,37-ൽ അവന്റെ ഒരസ്ഥിയും ഒടിഞ്ഞുപോവുകയില്ല എന്നുള്ള തിരുവെഴുത്ത് നിവൃത്തിയാകേണ്ടതിന് ഇത് സംഭവിച്ചു. "അവർ കുത്തിയവങ്കലേയ്ക്ക് നോക്കും" എന്ന് മറ്റൊരു തിരുവെഴുത്തും പറയുന്നു. മാത്രമല്ല വെളിപാട് പുസ്തകം 1:7-ൽ "ഇതാ അവൻ മേഘാരൂഢനായി വരുന്നു. ഏതു കണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങളൊക്കെയും അവനെച്ചൊല്ലി വിലപിക്കും."

ഏശ.45:22,23-ൽ "സകല ഭൂവാസികളുമായുള്ളോരെ, എങ്കലേയ്ക്ക് തിരിഞ്ഞ് രക്ഷപ്പെടുവിൻ. ഞാനല്ലാതെ വേറൊരു ദൈവവുമില്ലല്ലോ എന്നാണ. എന്റെ മുമ്പിൽ ഏതു മുഴങ്കാലും മടങ്ങും, ഏത് നാവും സത്യം ചെയ്യും എന്നിങ്ങനെ എന്റെ വായിൽ നിന്ന് നീതിയും മടങ്ങാത്ത ഒരു വചനവും പുറപ്പെട്ടിരിക്കുന്നു". ഈ തിരുവെഴുത്തിൽ നിന്നാണ് പൗലോസപ്പൊസ്തലൻ ഫിലി.2:10,11-ന്റെ ആശയസ്രോതസ്സ് കണ്ടെത്തിയത്. "യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാലൊക്കെയും മടങ്ങുകയും എല്ലാനാവും യേശുക്രിസ്തു കർത്താവെന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റു പറയുകയും ചെയ്യേണ്ടി വരും".

സ്വർഗ്ഗത്തിൽ നടക്കുന്ന ആരാധനയുടെ ഒരു ചെറിയ വിവരണം വെളി.5:12,13-ൽ യോഹന്നാൻ നൽകുന്നുണ്ട്. "അവർ അത്യുച്ചത്തിൽ, അറുക്കപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും







ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ എന്നു പറഞ്ഞു. സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിലുമുള്ള സകല സൃഷ്ടിയും അവയിലുള്ളതൊക്കെയും: സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നന്നേയ്ക്കും ഉണ്ടാകട്ടെ, എന്നു പറയുന്നത് ഞാൻ കേട്ടു".

പഴയനിയമത്തിൽ ദൈവം സ്വയം വെളിപ്പെടുത്തിയത് പുറ.3:14 -ൽ ഞാൻ ആകുന്നവൻ ഞാൻ ആകുന്നു എന്നായിരുന്നു. ക്രിസ്തുവും പല പ്രാവശ്യം ഞാൻ ആകുന്നു എന്ന പദപ്രയോഗം നടത്തിയിട്ടുണ്ട്.

യേശുവിന്റെ ദൈവത്വം വചനാനുസാരിയാണെന്ന് ഇനിയും എത്രയോ വചനാധിഷ്ഠിത തെളിവുകൾ നൽകുവാൻ കഴിയും.

**യേശുക്രിസ്തു പ്രപഞ്ചസൃഷ്ടിതാവോ?**

ഉല്പത്തി 1-ാം അദ്ധ്യായം വായിക്കുമ്പോൾ യഹോവയാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചതെന്ന് തന്നെ മനസ്സിലാകും. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിനുമീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവു വെള്ളത്തിൻ മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു. വെളിച്ചം ഉണ്ടാകട്ടെ എന്ന് ദൈവം കല്പിച്ചു; വെളിച്ചം ഉണ്ടായി. വെളിച്ചം നല്ലതുതന്നെ എന്നു ദൈവം കണ്ടു; ദൈവം വെളിച്ചവും ഇരുളും തമ്മിൽ വേർപിരിച്ചു. ദൈവം വെളിച്ചത്തിനു പകൽ എന്നും ഇരുളിനു രാത്രി എന്നും പേരിട്ടു. സന്ധ്യയായി ഉഷസ്സുമായി, ഒന്നാം ദിവസം. ദൈവം, വെള്ളങ്ങളുടെ മദ്ധ്യേ ഒരു വിതാനം ഉണ്ടാകട്ടെ; അതു വെള്ളത്തിനും വെള്ളത്തിനും തമ്മിൽ വേർപിരിവായിരിക്കട്ടെ എന്നു കല്പിച്ചു. വിതാനം ഉണ്ടാക്കിയിട്ടു ദൈവം വിതാനത്തിൻ കീഴുള്ള വെള്ളവും വിതാനത്തിൻ മീതെയുള്ള വെള്ളവും തമ്മിൽ വേർപിരിച്ചു; അങ്ങനെ സംഭവിച്ചു. ദൈവം വിതാനത്തിന്നു ആകാശം എന്നു പേരിട്ടു. സന്ധ്യയായി ഉഷസ്സുമായി, രണ്ടാം ദിവസം. ദൈവം, ആകാശത്തിൻ കീഴുള്ള വെള്ളം ഒരു സ്ഥലത്ത് കൂടട്ടെ എന്ന് കല്പിച്ചു. അങ്ങനെ സംഭവിച്ചു". യെശ.40:28 മുതൽ വായിക്കുമ്പോൾ "യഹോവ നിത്യദൈവം. ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നെ; അവൻ ക്ഷീണിക്കുന്നില്ല, തളർന്നു പോകുന്നതുമില്ല, അവന്റെ ബുദ്ധി അപ്രമേയമത്രെ". ഇവിടെയും പ്രപഞ്ചസൃഷ്ടിതാവ് യഹോവ തന്നെ എന്ന് സംശയാതീതമായി നമുക്ക് മനസ്സിലാക്കാം. സങ്കീ.8-ൽ 3 മുതലുള്ള തിരുവെഴുത്തുകളിൽ "നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ മർത്യനെ നീ നോക്കേണ്ടതിന് അവൻ എന്ത്"?

എന്നാൽ ഈ യഹോവ അപ്പൊസ്തലന്മാരായ യോഹന്നാന്റെയും പൗലോസിന്റെയും ശരിയായ കണ്ടെത്തലുകളിൽ യേശുവാണ്. യോഹ.1:3 സകലവും അവൻ മുഖാന്തരം ഉളവായി. കൊളോ.1:16,17 സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു. അവൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സകലത്തിനും ആധാരമായിരിക്കുന്നു. അതുപോലെ തന്നെ എബ്രാ.1:2-ലും 1:10-ലും നാം ഇങ്ങനെ വായിക്കുന്നു "അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി. അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ട് പാപങ്ങൾക്ക് പരിഹാരമുണ്ടാക്കിയ ശേഷം ഉയരത്തിൽ മഹിമയുടെ വലതുഭാഗത്തിരിക്കുന്നു." 1:10- "കർത്താവെ, നീ പൂർവ്വകാലത്ത് ഭൂമിക്ക് അടിസ്ഥാനമിട്ടു. ആകാശവും നിന്റെ കൈകളുടെ പ്രവൃത്തിയാകുന്നു, അവ നശിക്കും നീയോ നിലനിൽക്കും". യേശുക്രിസ്തുവാണ് ദൃശ്യമായതിന്റെയും അദൃശ്യമായതിന്റെയും സകലത്തിന്റെയും സൃഷ്ടിതാവ്. ഉളവായതൊന്നും അവനെക്കൂടാതെ ഉളവായിട്ടില്ല. യേശു സ്വയംഭൂവായ ദൈവമാണ്.




എഫേ.1:20 മുതലുള്ള വചനങ്ങൾ രേഖപ്പെടുത്താം. "അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ച് അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗ്ഗത്തിൽ തന്റെ വലതുഭാഗത്ത് എല്ലാ വാഴ്ചയ്ക്കും, അധികാരത്തിനും, ശക്തിക്കും, കർത്തൃത്വത്തിനും, ഈ ലോകത്തിൽ മാത്രമല്ല, വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും സകലവും അവന്റെ കാൽക്കീഴിലാക്കിവെച്ച് അവനെ സകലത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭയ്ക്ക് കൊടുക്കുകയും ചെയ്തിരിക്കുന്നു". എബ്രായലേഖനം 1:6 പ്രകാരം, ദൈവത്തിന്റെ സകല ദൂതന്മാരും (യേശുവിനെ) അവനെ നമസ്ക്കരിക്കണം.

ക്രിസ്തു ചെയ്ത എല്ലാ പ്രവർത്തനങ്ങൾ വഴിയും അവൻ ദൈവമാണെന്ന് തെളിയിക്കപ്പെടുന്നു. അവൻ ചെയ്ത അത്ഭുതപ്രവർത്തനങ്ങൾ മറ്റാർക്കും ചെയ്യാൻ കഴിയുന്നവയല്ലായിരുന്നു. രണ്ടാമത്തേത് യേശുക്രിസ്തുവഴി നിവൃത്തിയായ പ്രവചനങ്ങളാണ്. അതോടൊപ്പം അവന്റെ പാപരഹിതജീവിതം, ഉയിർത്തെഴുന്നേൽപ്പ് എന്നിവയൊക്കെ ദൈവപുത്രനും മനുഷ്യപുത്രനുമായ ദൈവം തന്നെയായ യേശുവിലേയ്ക്കാണെത്തിനിൽക്കുന്നത്. മൂന്നാമത്തേത് അവനേപ്പറ്റി പറഞ്ഞിരിക്കുന്ന പ്രവചനങ്ങൾ എല്ലാം നിറവേറി എന്നതാണ്.

ക്രിസ്തുവിൽ നിവൃത്തിയായ പഴയനിയമപ്രവചനങ്ങൾ പരിശോധിക്കുന്നത് പരിശുദ്ധാത്മാവിന് ഹിതകരമാണ്. ഗലാ.4:4-ൽ "കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നു ജനിച്ചവനായി ന്യാപ്രമാണത്തിൻകീഴ് ജനിച്ചവനായി നിയോഗിച്ചയച്ചു". പഴയനിയമപ്രവചനമോ? ഉല്പ.3:15 "ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും".

മത്താ.1:27-ൽ "അവളൊരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്ന് രക്ഷിക്കാനിരിക്കകൊണ്ട് നീ അവന് യേശു എന്ന് പേർ ഇടേണം എന്നു പറഞ്ഞു". പഴയനിയമപ്രവചനം ഏതായിരുന്നുവെന്ന് നോക്കാം. "കന്യക ഗർഭണിയായി ഒരു മകനെ പ്രസവിക്കും; അവന് ഇമ്മാനുവേൽ എന്ന് പേർ വിളിക്കും".

ലൂക്കോ. 2-ൽ അങ്ങനെ ജോസഫും ദാവീദിന്റെ ഗൃഹത്തിലും കുലത്തിലുമുള്ളവനാകകൊണ്ട് തനിക്ക് വിവാഹം നിശ്ചയിച്ചിരുന്ന മറിയ എന്ന ഗർഭിണിയായ ഭാര്യയോടുംകൂടെ ചാർത്തപ്പെടേണ്ടതിന് ഗലീലയിലെ നസ്രത്ത്പട്ടണം വിട്ട്, യഹൂദ്യയിൽ ബേത്ലഹേം എന്ന ദാവീദിൻ പട്ടണത്തിലേയ്ക്ക് പോയി. മീഖാ പ്രവാചകൻ 5:2-ൽ "നീയോ ബത്‌ലഹേം, എഫ്രാത്തേ, നീ യഹൂദസഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രയേലിന് അധിപതിയായിരിക്കേണ്ടവൻ എനിക്ക് നിന്നിൽ നിന്നുത്ഭവിച്ചുവരും. അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നെ".

മത്താ.3-ൽ 1-3 "ആ കാലത്ത് യോഹന്നാൻ സ്നാപകൻ വന്ന് യഹൂദ്യ മരുഭൂമിയിൽ പ്രസംഗിച്ചു. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു പറഞ്ഞു; മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ വാക്കാവിത്: കർത്താവിന്റെ വഴിയൊരുക്കുവിൻ, അവന്റെ പാത നിരപ്പാക്കുവിൻ" എന്നിങ്ങനെ യെശയ്യാപ്രവാചകൻ പറഞ്ഞവൻ ഇവൻ തന്നെ. യേശയ്യാവ് 40:3 "മരുഭൂമിയിൽ യഹോവയ്ക്ക് വഴിയൊരുക്കുവിൻ. നിർജ്ജനപ്രദേശത്ത് നമ്മുടെ ദൈവത്തിന് ഒരു പെരുവഴി നിരപ്പാക്കുവിൻ". "എനിക്കുമുമ്പായി വഴി നിരത്തേണ്ടതിന് ഞാൻ എന്റെ ദൂതനെ അയയ്ക്കുന്നു" (മലാഖി.3:1).

യേശുവിന് പരിശുദ്ധാത്മാവിൻ അഭിഷേകം വേണമല്ലോ. മത്താ.3:16,17-ൽ "യേശു സ്നാനമേറ്റയുടനെ വെള്ളത്തിൽ നിന്നു കയറി; അപ്പോൾ സ്വർഗ്ഗം തുറന്നു. ദൈവാത്മാവ് പ്രാവെന്ന പോലെ ഇറങ്ങി തന്റെ മേൽ വരുന്നത് അവൻ കണ്ടു. ഇവൻ എന്റെ പ്രിയ




പുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദവുമുണ്ടായി". പഴയനിയമപ്രവചനം നോക്കാം. "അവന്റെ മേൽ യഹോവയുടെ ആത്മാവ് ആവസിക്കും. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്; ആലോചനയുടെയും ബലത്തിന്റെയും ആത്മാവ്; പരിജ്ഞാനത്തിന്റെയും യഹോവഭക്തിയുടെയും ആത്മാവു തന്നെ".

യേശു അത്ഭുതങ്ങൾ പ്രവർത്തിച്ചതും പ്രവർത്തിക്കുമെന്ന് പ്രവചനമുണ്ടായിരുന്നതും നമുക്ക് നോക്കാം. "യേശു പട്ടണംതോറും ഗ്രാമംതോറും സഞ്ചരിച്ച് അവരുടെ പള്ളികളിൽ ഉപദേശിച്ച് രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും സകലവിധ ദീനവും വ്യാധിയും സൗഖ്യമാക്കുകയും ചെയ്തു" (മത്താ.10:35). "അന്ന് കുരുടന്മാരുടെ കണ്ണ് തുറന്നുവരും. ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കുകയുമില്ല, അന്ന് മുടന്തൻ മാനിനേപ്പോലെ ചാടും; ഊമന്റെ നാവും ഉല്ലസിച്ച് ഘോഷിക്കും; മരുഭൂമിയിൽ വെള്ളവും നിർജ്ജനപ്രദേശത്ത് തോടുകളും പൊട്ടിപ്പുറപ്പെടും" (യെശ.35:5,6).

യേശുവിന്റെ ലജ്ജാകരമായ മരണത്തിലേയ്ക്ക് ഒന്നെത്തിനോക്കാം. മത്താ.27:33-മുതൽ "തലയോടിടം എന്നർത്ഥമുള്ള ഗൊൽഗോഥാ എന്ന സ്ഥലത്ത് എത്തിയപ്പോൾ അവന് കയ്പ്പു കൽത്തിയ വീഞ്ഞ് കുടിപ്പാൻ കൊടുത്തു. അത് രുചി നോക്കിയാറെ അവന് കുടിപ്പാൻ മനസ്സായില്ല. അവനെ ക്രൂശിൽ തറച്ച ശേഷം അവർ ചീട്ടിട്ട് അവന്റെ വസ്ത്രം പകുത്തെടുത്തു. യഹൂദന്മാരുടെ രാജാവായ യേശുവെന്ന് അവന്റെ കുറ്റസംഗതി എഴുതി അവന്റെ തലക്കുമീതെ വെച്ചു. വലതും ഇടതുമായി രണ്ട് കള്ളന്മാരെയും അവനോടുകൂടെ ക്രൂശിച്ചു." സങ്കീ.22-ൽ 12 മുതൽ "അനേകം കാളകൾ എന്നെ വളഞ്ഞു. ബാശാൻ കൂറ്റന്മാർഎന്നെ ചുറ്റിയിരിക്കുന്നു. വിശന്ന് അലറുന്ന സിംഹംപോലെ അവർ എന്റെ നേരെ വായ് പിളർക്കുന്നു. ഞാൻ വെള്ളം പോലെ തൂകിപ്പോകുന്നു. എന്റെ അസ്ഥികളെല്ലാം ബന്ധം വിട്ടിരിക്കുന്നു. എന്റെ ഹൃദയം മെഴുകുപോലെ ആയി, എന്റെ കുടലിന്റെ നടുവെ ഉരുകിയിരിക്കുന്നു. എന്റെ ശക്തി ഓട്ടു കഷണം പോലെ ഉണങ്ങിയിരിക്കുന്നു. എന്റെ നാവ് അണ്ണാക്കോടു പറ്റിയിരിക്കുന്നു. നീ എന്നെ മരണത്തിന്റെ പൊടിയിൽ ഇട്ടുമിരിക്കുന്നു. നായ്ക്കൾ എന്നെ വളഞ്ഞു. ദുഷ്ടന്മാരുടെ കൂട്ടം എന്നെ ചുറ്റിയിരിക്കുന്നു. അവർ എന്റെ കൈകളെയും കാലുകളെയും തുളച്ചു. എന്റെ അസ്ഥികളൊക്കെയും എനിക്കെണ്ണാം. അവർ എന്നെ ഉറ്റുനോക്കുന്നു.



ഞാൻ മേരി വർഗ്ഗീസ്. വീട്ടുപേര് കാരമംഗലത്ത്. കോഴിക്കോട് ജില്ലയിൽ കോടഞ്ചേരി എന്ന സ്ഥലത്ത് താമസിക്കുന്നു. എന്റെ മോളുടെ കുട്ടികളാണ് കൂടെയുള്ളത്. മോളുടെ മോൾ ഏബലിന് (7 വയസ്സ്) കാലിന്റെ ഉപ്പൂറ്റിക്ക് വളരെ നാളുകളായി വേദനയായിരുന്നു. സ്പോര്ട്സിനും ഡാൻസ് പ്രോഗ്രാമിനുമൊക്കെ പങ്കെടുക്കുന്നതുകൊണ്ട് വളരെയധികം പ്രയാസത്തിലായിരുന്നു. കാൽ നിലത്തുകുത്താൻ വയ്യാത്ത വിധത്തിൽ ഒക്കി ഒക്കിയാണ് ഞങ്ങൾ താമരശ്ശേരി വ്യാപാരഭവനിൽ ഏപ്രിൽമാസം 21-ാം തീയ്യതി ദേവസ്യാ മുല്ലക്കരസാറിന്റെ ധ്യാനത്തിനുവന്നത്. അവിടെവെച്ചുള്ള പ്രാർത്ഥനയിൽ മോളുടെ കാൽ പൂർണ്ണമായും സുഖപ്പെട്ടു. ഇപ്പോൾ യാതൊരു കുഴപ്പവുമില്ല. അതുപോലെ തന്നെ ചെറിയ മകന് കാൽ ആസകലം സോറിയാസിസ് പോലെ വന്നു. ചെറു കുമിളകൾ പൊട്ടി ആകെ വേദനയിലും പ്രയാസത്തിലുമായിരുന്നു. പ്രാർത്ഥനയിൽ അതിനും നല്ല വിടുതൽ കിട്ടി. യേശു എന്ന ജീവിക്കുന്ന ദൈവം തന്റെ ദാസന്റെ പ്രാർത്ഥനയിലൂടെ എന്റെ ചെറുമക്കളെ രണ്ടുപേരെയും സുഖപ്പെടുത്തി. ഇതു ഞാൻ വിശ്വസിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

മേരി വർഗ്ഗീസ്, കോടഞ്ചേരി,
കോഴിക്കോട്
Ph: 9048202800




എന്റെ വസ്ത്രം അവർ പകുത്തെടുത്തു. എന്റെ അങ്കിക്കായ് അവർ ചീട്ടിട്ടു".

യേശുവിനെ സ്വന്തക്കാർ പോലും തള്ളിക്കളഞ്ഞു. യോഹ.1:10,11 തിരുവചനങ്ങളിൽ "അവൻ ലോകത്തിലുണ്ടായിരുന്നു; ലോകം അവൻ മുഖാന്തരം ഉളവായി, ലോകമോ അവനെ അറിഞ്ഞില്ല; അവൻ സ്വന്തത്തിലേയ്ക്കു വന്നു. സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല". അതുപോലെ യോഹ.7:5-ൽ "അവന്റെ സഹോദരന്മാരും അവനിൽ വിശ്വസിച്ചില്ല" എന്ന് നാം വായിക്കുന്നു. യെശ.53:3-ൽ "അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും, ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു". മത്താ.27-ൽ 12-ാം വാക്യത്തിൽ "മഹാപുരോഹിതന്മാരും മൂപ്പന്മാരും കുറ്റം ചുമത്തുകയാൽ അവൻ ഒന്നും ഉത്തരം പറഞ്ഞില്ല" (മത്താ.27:12). പഴയനിയമത്തിൽ യെശ.53:7-ൽ "തന്നെത്താൻ താഴ്ത്തി വായ് തുറക്കാതെയിരുന്നിട്ടും, അവൻ പീഡിപ്പിക്കപ്പെട്ടു. കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെ പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതിരിക്കുന്ന ആടിനെപ്പോലെയും അവൻ വായ് തുറന്നില്ല" എന്ന് രണ്ടിടങ്ങളിലും ഒരു പോലെ പറഞ്ഞിരിക്കുന്നു. അതേപോലെ മത്താ.27:28 "അവന്റെ വസ്ത്രം അഴിച്ച് ഒരു ചുമന്ന മേലങ്കി ധരിപ്പിച്ചു. മുള്ളുകൊണ്ട് ഒരു കിരീടം മെനഞ്ഞ് അവന്റെ തലയിൽ വെച്ചു. വലംകയ്യിൽ ഒരു കോലും കൊടുത്തു. അവന്റെ മുമ്പിൽ മുട്ടുകുത്തി: യഹൂദന്മാരുടെ രാജാവെ ജയ ജയ എന്ന് പരിഹസിച്ചു പറഞ്ഞു. പിന്നെ അവന്റെ മേൽ തുപ്പി; കോലെടുത്ത് അവന്റെ തലയിൽ അടിച്ചു. അവനെ പരിഹസിച്ചു". "അവരുടെ അകൃത്യങ്ങളെ അവൻ വഹിക്കും. അതുകൊണ്ട് ഞാൻ അവന് മഹാന്മാരോടുകൂടി ഓഹരി കൊടുക്കും; ബലവാന്മാരോടുകൂടെ അവൻ കൊള്ള പങ്കിടും; അവൻ തന്റെ പ്രാണനെ മരണത്തിന് ഒഴുക്കിക്കളയുകയും അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കു വേണ്ടി ഇടനിന്നു കൊണ്ടും അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും ചെയ്കയാൽ തന്നെ".

"എങ്കിലും പടയാളികളിലൊരുത്തൻ കുന്തംകൊണ്ട് അവന്റെ വിലാപ്പുറത്ത് കുത്തി; ഉടനെ രക്തവുംവെള്ളവും പുറപ്പെട്ടു". യോഹ.19:34-ൽ നാം എന്തൊക്കെയാണോ വേദനാജനകമായി കാണുന്നത്, അത് സെഖര്യാവ് 12:10 -ൽ കാണുന്നതു തന്നെയാണ്. "തങ്ങൾ കുത്തിയിട്ടുള്ളവങ്കലേയ്ക്ക് അവർ നോക്കും".

## ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ്

ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്നത് അവന്റെ ദൈവത്വത്തിന്റെ അടിസ്ഥാന ഘടകമാണ്. ദൈവത്തിനു മാത്രമെ ജീവൻ നൽകുവാനും ജീവനെടുക്കുവാനും കഴിയൂ എന്ന് പഴയനിയമം പഠിപ്പിക്കുന്നു. "ഞാൻ, ഞാൻ, മാത്രമെയുള്ളു. ഞാനല്ലാതെ ദൈവമില്ല എന്ന് ഇപ്പോൾ കണ്ടുകൊള്ളുവിൻ. ഞാൻ കൊല്ലുന്നു; ഞാൻ ജീവിപ്പിക്കുന്നു. ഞാൻ തകർക്കുന്നു; ഞാൻ സൗഖ്യമാക്കുന്നു. എന്റെ കയ്യിൽനിന്ന് വിടുവിക്കുന്നവനില്ല" (ആവ.32:39). മാത്രമല്ല 1 ശമു.2:6 പ്രകാരവും "യഹോവ കൊല്ലുകയും ജീവിപ്പിക്കുകയും ചെയ്യുന്നു. പാതാളത്തിൽ ഇറക്കുകയും ഉദ്ധരിക്കുകയും ചെയ്യുന്നു" എന്ന് ആവർത്തിച്ചുറപ്പിക്കുകയും ചെയ്യുന്നു.

മറ്റൊരു പ്രധാന കാര്യം അപ്പ.2:27-ൽ "നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല; നിന്റെ പരിശുദ്ധനെ ദ്രവത്വം കാണുവാൻ സമ്മതിക്കുകയുമില്ല" എന്നു നാം കണ്ടുമുട്ടുന്നു. മാത്രമല്ല എബ്രാ.1:5-ൽ "നീ എന്റെ പുത്രൻ, ഞാൻ ഇന്ന് നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്നും "ഞാൻ അവന്റെ പിതാവും അവൻ എനിക്ക് പുത്രനുമായിരിക്കും" എന്നും നാം വായിക്കുന്നു. യെശ.53:12 "അവൻ തന്റെ പ്രാണനെ മരണത്തിന് ഒഴുക്കിക്കളയുകയും" എന്നുണ്ടല്ലോ. സങ്കീ.22:15-ൽ "നീ എന്നെ മരണത്തിന്റെ പൊടിയിലിട്ടിരിക്കുന്നു". എന്നീ തിരുവെഴുത്തുകളിൽ നിന്നും യേശു ലോകത്തിൽ വന്ന് മരിക്കുമെന്ന് നാം കാണുന്നു.



## ക്രിസ്തീയ ന്യായവാദശാസ്ത്രം
## Christian Apologetics

പക്ഷെ യെശ.9:6-ൽ "ആധിപത്യം യേശുവിന്റെ തോളിലിരിക്കുമെന്നുള്ള വാഗ്ദാനമുണ്ട്...........അവന്റെ ആധിപത്യത്തിന്റെ വർദ്ധനയ്ക്കും സമാധാനത്തിനും അവസാനമുണ്ടാവുകയില്ല." യേശുക്രിസ്തു മരിക്കുക മാത്രം ചെയ്താൽ എങ്ങനെ ലോകത്തിൽ ഒരു ആധിപത്യമുണ്ടാക്കും. ഉയർത്താലല്ലെ കഴിയൂ. ദാനി.2:44-ൽ "സ്വർഗ്ഗസ്ഥനായ ദൈവം ഒരുനാളും നശിച്ചുപോകാത്ത ഒരു രാജ്യത്വം സ്ഥാപിക്കും. ആ രാജ്യത്വം വേറെ ഒരു ജാതിക്ക് ഏൽപ്പിക്കപ്പെടുകയില്ല. അത് ഈ രാജ്യത്വങ്ങളെയെല്ലാം തകർത്ത് നശിപ്പിക്കുകയും എന്നേയ്ക്കും നിലനിൽക്കുകയും ചെയ്യും. കൈ തൊടാതെ ഒരു കല്ല് പർവ്വതത്തിൽ നിന്ന് പറിഞ്ഞുവന്ന് ഇരുമ്പും താമ്രവും കളിമണ്ണും വെള്ളിയും പൊന്നും തകർത്ത് കളഞ്ഞതായി കണ്ടതിന്റെ താല്പര്യമോ!"

ഈ പ്രവചനങ്ങൾ നിവർത്തിക്കണം. ഈ ദൈവീകഭരണം എന്ന കാര്യം സാധിക്കുംമുമ്പ് മിശിഹാ മരിച്ചു. പിന്നെങ്ങനെ "അങ്ങയുടെ രാജ്യം" വരും. ഉയിർത്തെഴുന്നേൽപ്പു തന്നെ മാർഗ്ഗം!

ഇനി ജീവിച്ചിരുന്ന ക്രിസ്തു, ജീവിച്ചിരിക്കുമ്പോൾ തന്നെ തന്റെ ഉയിർപ്പിനേപ്പറ്റി പറഞ്ഞിരിക്കുന്നത് കേൾക്കേണ്ടേ? മത്താ.12:40-ൽ "യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും പകലും ഭൂമിയുടെയുള്ളിലിരിക്കും". ഇതു തന്റെ മരണാനന്തരമുള്ള മൂന്നാം ദിവസത്തെ ഉയിർപ്പിനേപ്പറ്റിയുള്ള യേശുവിന്റെ പ്രവചനമാണ്. "ഈ മന്ദിരം പൊളിപ്പിൻ! ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും" (യോഹ.2:19). ക്രിസ്തുവിന്റെ ക്രൂശിതമരണവും ഉയിർത്തെഴുന്നേൽപ്പും തന്നെയാണ് ഇവിടെ പ്രതിപാദിക്കുന്നത്. മർക്കോ.8:31-ലേയ്ക്ക് പോകാം. "മനുഷ്യപുത്രൻ പലതും സഹിക്കുകയും മൂപ്പന്മാരും മഹാപുരോഹിതന്മാരും ശാസ്ത്രിമാരും അവനെ തള്ളിക്കളഞ്ഞ് കൊല്ലുകയും മൂന്നു നാൾ കഴിഞ്ഞിട്ട് അവൻ ഉയിർത്തെഴുന്നേൽക്കുകയും വേണമെന്ന് അവരെ ഉപദേശിച്ചുതുടങ്ങി. അതിനെ കൊടുപ്പാനും എനിക്കധികാരമുണ്ട്. വീണ്ടും പ്രാപിപ്പാനും അധികാരമുണ്ട്" (യോഹ.10:18). മരിക്കുവാനും ഉയിർക്കുവാനും സ്വയം അധികാരമുള്ളവന് ദൈവമെന്നല്ലാതെ അതിനേക്കാൾ കുറഞ്ഞ





To Help us (only in india)

ഇന്ത്യയ്ക്കകത്തു നിന്നു മാത്രമുള്ള സാമ്പത്തിക സഹായങ്ങൾ ഞങ്ങളുടെ ഈ അക്കൗണ്ടിലേയ്ക്ക് അയച്ചു തരിക

ചർച്ച് ഓഫ് ഇറ്റേണിറ്റി
A/c No: 1034 0100 205 721
ഫെഡറൽ ബാങ്ക്, തൃക്കാക്കര ബ്രാഞ്ച്,
എറണാകുളം, IFSC Code : FDRL 000 1034

Church of Eternity
A/c No: 1034 0100 205 721
Federal bank, Trikkakkara Branch
Ernakulam, IFSC Code : FDRL 000 1034




സ്ഥാനപ്പേരേതാണ്?

യഥാർത്ഥത്തിൽ ക്രിസ്തു ക്രൂശിൽ മരിച്ചു. മാത്രമല്ല അരിമത്യാക്കാരൻ ജോസഫിന്റെ കല്ലറയിലടക്കപ്പെടുകയും ചെയ്തു. എന്നാൽ അനേക കൾട്ടുവാദികൾ ഇതംഗീകരിക്കുന്നില്ല. സൂറാ. 4-157-ൽ ഖുറാൻ പറയുന്നത് അവൻ മരണം നടിക്കുകയായിരുന്നുവെന്നാണ്. സ്കെപ്റ്റിക്കുകൾ പറയുന്നത് ക്രിസ്തു അബോധാവസ്ഥയിലായപ്പോൾ ശിഷ്യന്മാർ മരിച്ചെന്നു കരുതി അടക്കം ചെയ്തു. പക്ഷെ, ബോധം തിരിച്ചുകിട്ടിയപ്പോൾ എഴുന്നേറ്റു സ്ഥലംവിട്ടു എന്നാണ്. ഏതോ മയക്കുമരുന്നിന്റെ സ്വാധീനം കഴിഞ്ഞ് ക്രിസ്തു എഴുന്നേറ്റതിനെ ഉയിർത്തെഴുന്നേൽപ്പ് എന്ന് വിളിക്കുന്നു എന്ന് ചില സാങ്കൽപ്പിക സ്വഭാവക്കാരും പറയുന്നുണ്ട്.

മർക്കോ.15:15-ൽ യേശുവിനെ ചമ്മട്ടികൊണ്ട് അടിപ്പിച്ച് ക്രൂശിപ്പാൻ ഏൽപ്പിച്ചുവെന്നാണ്. രാജകല്പനയാണ് ക്രിസ്തുവിനെ കൊല്ലണമെന്നത്. മർക്കോ.15:25-ലൊ മൂന്നാം മണിനേരമായപ്പോൾ അവനെ ക്രൂശിച്ചു. മർക്കോ.15:42 മുതൽ 46 വരെ കുറിയ്ക്കാം. "വൈകുന്നേരമായപ്പോൾ, ശബ്ബത്തിന്റെ തലേനാൾ ആയ ഒരുക്കനാൾ ആകകൊണ്ട് ശ്രേഷ്ഠമന്ത്രിയും ദൈവരാജ്യത്തെ കാത്തിരുന്നവനുമായ അരിമത്യയിലെ ജോസഫ് വന്ന് ധൈര്യത്തോടെ പീലാത്തോസിന്റെയടുക്കൽ ചെന്ന് യേശുവിന്റെ ശരീരം ചോദിച്ചു. അവൻ മരിച്ചുകഴിഞ്ഞുവോ എന്ന് പീലാത്തോസ് ആശ്ചര്യപ്പെട്ട് ശതാധിപനെ വിളിച്ചു. അവൻ മരിച്ചിട്ട് ഒട്ടുനേരമായോ എന്ന് ശതാധിപനോട് വസ്തുത ചോദിച്ചറിഞ്ഞിട്ട് ഉടൽ ജോസഫിനു നൽകി. അവനൊരു ശീല വാങ്ങി അവനെ ഇറക്കി ശീലയിൽ ചുറ്റിപ്പൊതിഞ്ഞ് പാറയിൽ വെട്ടിയിട്ടുള്ള കല്ലറയിൽ വെച്ചു. കല്ലറവാതിൽക്കൽ ഒരു കല്ല് ഉരുട്ടിവെച്ചു. അവനെ വെച്ച ഇടം മഗ്ദലക്കാരത്തി മറിയയും യോസെയുടെ അമ്മ മറിയയും നോക്കിക്കണ്ടു".

യേശുക്രിസ്തു മരിച്ചുകഴിഞ്ഞിരുന്നുവെന്നും അടക്കം ചെയ്തുവെന്നും ആർക്കും മനസ്സിലാകുന്നു, അല്ലേ?

പോരെങ്കിൽ യോഹന്നാൻ 19-ാം അദ്ധ്യായത്തിലെ 28 മുതലുള്ള വചനങ്ങൾ കുറിക്കട്ടെ. "അതിന്റെ ശേഷം സകലവും തികഞ്ഞിരിക്കുന്നുവെന്ന് യേശു അറിഞ്ഞിട്ട് തിരുവെഴുത്ത് നിവൃത്തിയാകുംവണ്ണം: എനിക്കു ദാഹിക്കുന്നു എന്ന് പറഞ്ഞു" (സങ്കീ.69:3,21). "അവിടെ പുളിച്ച വീഞ്ഞ് നിറച്ച് ഒരു പാത്രം വെച്ചിട്ടുണ്ടായിരുന്നു. അവർ ഒരു സ്പോഞ്ച് പുളിച്ചവീഞ്ഞ് നിറച്ച് ഈസോപ്പ്തണ്ടിന്മേൽ ആക്കി അവന്റെ വായോട് അടുപ്പിച്ചു. യേശു പുളിച്ചവീഞ്ഞ് കുടിച്ചശേഷം നിവർത്തിയായി എന്ന് പറഞ്ഞ് തല ചായ്ച്ച് ആത്മാവിനെ ഏൽപ്പിച്ചു കൊടുത്തു".

അന്ന് ഒരുക്കനാളും ആ ശബ്ബത്ത്നാൾ വലിയതും ആയതുകൊണ്ട് ശരീരങ്ങൾ ശബ്ബത്തിൽ ക്രൂശിന്മേലിരിക്കരുത് എന്നുവെച്ച് അവരുടെ കാലൊടിച്ച് എടുപ്പിക്കേണം എന്ന് യഹൂദന്മാർ പീലാത്തോസിനോട് അപേക്ഷിച്ചു, ആകയാൽ പടയാളികൾ വന്ന് ഒന്നാമത്തവന്റെയും അവനോടുകൂടെ ക്രൂശിക്കപ്പെട്ട മറ്റവന്റെയും കലൊടിച്ചു. അവർ യേശുവിന്റെയടുക്കൽ വന്ന് 'അവൻ മരിച്ചു പോയി' എന്നു കാണുകയാൽ അവന്റെ കാലൊടിച്ചില്ല. എങ്കിലും പടയാളികളിലൊരുത്തൻ കുന്തം കൊണ്ട് അവന്റെ വിലാപ്പുറത്ത് കുത്തി; ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു. ഇത് കണ്ടവൻ സാക്ഷ്യം പറഞ്ഞിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യമാകുന്നു. നിങ്ങളും വിശ്വസിക്കേണ്ടതിന് താൻ സത്യം പറയുന്നു എന്ന് അവനറിയുന്നു. അവന്റെ ഒരസ്ഥിയും (പുറ.12:46, സംഖ്യ.9:12, സങ്കീ.34:20) ഒടിഞ്ഞുപോകയില്ല എന്നുള്ള തിരുവെഴുത്ത് നിവർത്തിയാകേണ്ടതിന് ഇത് സംഭവിച്ചു. 'അവർ കുത്തിയവങ്കലേയ്ക്ക് നോക്കും' (സെഖ.12:10) എന്ന് മറ്റൊരു തിരുവെഴുത്തും പറയുന്നു.

റോമൻ ഭരണകൂടത്തിന്റെ നിയമപ്രകാരം ക്രൂശിതരുടെ കാൽ ഒടിയ്ക്കണം. പക്ഷെ യേശു മരിച്ചുകഴിഞ്ഞതിനാൽ കാൽ ഒടിക്കേണ്ടിവന്നില്ല. യോഹ.19:39, 40-ൽ "ആദ്യം




രാത്രിയിൽ അവന്റെയടുക്കൽ വന്ന നിക്കൊദേമോസും ഏകദേശം നൂറു റാത്തൽ മൂറും അകിലും കൊണ്ടുള്ള ഒരു കൂട്ടുകൊണ്ടുവന്ന് അവർ യേശുവിന്റ ശരീരമെടുത്ത് യഹൂദന്മാർ ശവമടക്കുന്ന മര്യാദപ്രകാരം അതിനെ സുഗന്ധവർഗ്ഗത്തോടുകൂടെ ശീല പൊതിഞ്ഞുകെട്ടി. അവനെ ക്രൂശിച്ച സ്ഥലത്തുതന്നെ ഒരു തോട്ടവും ആ തോട്ടത്തിൽ മുമ്പെ ആരെയും വെച്ചിട്ടില്ലാത്ത പുതിയ ഒരു കല്ലറയുമുണ്ടായിരുന്നു. ആ കല്ലറ സമീപമാകകൊണ്ട് അവർ യഹൂദന്മാരുടെ ഒരുക്കനാൾ നിമിത്തം യേശുവിനെ അവിടെവെച്ചു".

മാത്രമല്ല കല്ലറക്കു കാവലുണ്ടായിരുന്നു. കല്ലറ ഭീമാകാരമായ കല്ലുകൊണ്ട് അടച്ചിരുന്നു. കാവൽപോലീസുമുണ്ടായിരുന്നു (മത്താ.27:66).

യേശുക്രിസ്തു തിരുവെഴുത്തുകളിൻ പ്രകാരം ഉയിർത്തെഴുന്നേറ്റു. "ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു. തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. കേഫാവിനും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചതുതന്നെ നിങ്ങൾക്ക് ആദ്യമായി ഏല്പിച്ചുതന്നുവല്ലോ" (1 കൊറി.15:3,4,5).

യേശുക്രിസ്തു ശരീരത്തോടുകൂടിയാണ് ഉയിർത്തെഴുന്നേറ്റത്. വലിയ ക്രിസ്തു ഭക്തനായിരുന്നു ജോസഫ്, നീതിമാനുമായിരുന്നു (ലൂക്കോ.23:50,51). ആ മൃതശരീരം, അതുകൊണ്ടുതന്നെ മോഷ്ടിക്കില്ല. രാത്രിയിൽ വെളിച്ചവുമായി വന്ന് മോഷ്ടിക്കാൻ ശ്രമിച്ചാൽ മറ്റുള്ളവർ കാണും. രാവിലെ ക്രിസ്തുവിന്റെ ശരീരം തേടിവന്ന് സ്ത്രീകളവിടെയുണ്ടായിരുന്നു (ലൂക്കോ.24:1). കൂടാതെ കനത്ത പോലീസ്കാവലുള്ളപ്പോൾ എങ്ങനെ മൃതശരീരം മോഷ്ടിക്കാനൊക്കും?

ക്രിസ്തുവിന്റെ ശരീരം ശിഷ്യന്മാർ മോഷ്ടിക്കാതിരിക്കാൻ അധികാരികൾ എടുത്തുമാറ്റമോ? ആരും മോഷ്ടിക്കാതിരിക്കാൻ അധികാരികൾ തന്നെയാണ് കനത്ത കാവലേർപ്പെടുത്തിയത്.

മർക്കോ.14:50-ൽ ശിഷ്യന്മാരുടെ ഭീരുത്വത്തെപ്പറ്റി പറഞ്ഞിരിക്കുന്നു. പോലീസ്കാവലുമുണ്ടായിരുന്നു. ശിഷ്യന്മാർ മോഷ്ടിച്ചു ക്രിസ്തുവിന്റെ ശരീരമെന്ന് ആരെങ്കിലും പറഞ്ഞാൽ തീർച്ചയായും അത് ഭോഷ്ക് തന്നെയായിരിക്കും.

ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിനുശേഷമാണ് അവർക്ക് ധൈര്യവും പരിശുദ്ധാത്മസ്നാനവും ലഭിച്ചത്. പിന്നെ അവർ സുവിശേഷം പ്രസംഗിച്ചതും മരണം വരെ വരിച്ചതും ക്രിസ്തു ഉയിർത്തെഴുന്നേറ്റ് അവർക്ക് കാണപ്പെട്ടതുകൊണ്ടും സത്യാത്മാവിനെ കൊടുത്തതുകൊണ്ടും അല്ലായിരുന്നോ?

പത്രോസും സ്ത്രീകളും തെറ്റായ കല്ലറയിലാണ് ചെന്നെത്തിയതെന്ന വാദവും നിലനിൽക്കുകയില്ല. "കല്ലറയ്ക്കെതിരെ മഗ്ദലക്കാരി മറിയയും മറ്റേ മറിയയും ഇരുന്നിരുന്നു" (മത്താ.21:61) എന്നു വായിക്കുന്നത് അടക്കിയ ഉടനെയാണ്. അപ്പോൾ അവർക്ക് വഴിയറിയാം. തെറ്റായ കല്ലറയിൽ സ്ത്രീകൾക്ക് ഒടുവിൽ പോകേണ്ടി വരികയില്ല. "അവനെ വെച്ച ഇടം മഗ്ദലനാക്കാരി മറിയയും യോസെയുടെ അമ്മ മറിയവും നോക്കികണ്ടു" എന്നും മർക്കോ.15:47-ൽ ഉണ്ട്.

ഇതൊന്നും പോരാഞ്ഞിട്ട് ഉയിർപ്പിനുശേഷം പകലും രാത്രിയുമായി യേശു നാല്പത് ദിവസത്തോളം അനേകർക്ക് പ്രത്യക്ഷപ്പെട്ടായിരുന്നു. "അവൻ കഷ്ടമനുഭവിച്ചശേഷം നാല്പത് നാളോളം അവർക്ക് പ്രത്യക്ഷനായി. ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞുകൊണ്ട് താൻ ജീവിച്ചിരിക്കുന്നുവെന്ന് അനേകം ദൃഷ്ടാന്തങ്ങളാൽ അവർക്ക് കാണിച്ചുകൊടുത്തു" (അപ്പൊ.1:4).

ശിഷ്യന്മാരുടെ പ്രസംഗങ്ങളാലും ശുശ്രൂഷകളാലും ആയിരങ്ങൾക്ക് മാറ്റമുണ്ടായതുതന്നെ ക്രിസ്തു ഉയിർത്തെഴുന്നേറ്റ് ജീവിച്ചിരിക്കുന്നു എന്നതിന്റെ തെളിവാണ്. 1 കൊറി.15:6-ൽ 500-ലധികം ആളുകൾക്ക് ഒരുമിച്ച് പ്രത്യക്ഷനായി എന്നാണ് നാം വായിക്കുന്നത്. ക്രിസ്തു നടക്കുകയും സംസാരിക്കുകയും ശിഷ്യന്മാരോടുകൂടെ താമസി




ക്കുകയും അവരെ പഠിപ്പിക്കുകയുമൊക്കെ ചെയ്തു (ലൂക്കോ. 24:28, യോഹ.21:4, അപ്പൊ.1:3,4).

ഇപ്രകാരമുള്ള ക്രിസ്തു "തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനുമാകകൊണ്ട് പാപങ്ങൾക്ക് പരിഹാരമുണ്ടാക്കിയശേഷം ഉയരത്തിൽ മഹിമയുടെ വലതുഭാഗത്തിരിക്കുകയും ദൈവദൂതന്മാരേക്കാൾ വിശിഷ്ടമായ നാമത്തിന് അവകാശിയായിത്തീരുകയും ചെയ്തു" (എബ്രാ.1:3,4).

### ക്രിസ്തുവിന്റെ മനുഷ്യൻ എന്ന അവസ്ഥ

ക്രൈസ്തവാദ്ധ്യാത്മികതയുടെ ഒരു വശം ക്രിസ്തുവിന്റെ ദൈവത്വമാണെങ്കിൽ മറുവശം മനുഷ്യൻ എന്ന അവസ്ഥയാണ്. ക്രിസ്തു സ്ത്രീയുടെ സന്തതിയായി ജനിച്ചു (ഗലാ.4:4). ദാവീദിന്റെ സന്തതിയായി ജനിച്ചു (മത്താ.1:1, റോമ.1:5)

ജഡം ധരിച്ച ദൈവമായ യേശുവിന് ഒരു യഥാർത്ഥ മനുഷ്യശരീരമുണ്ടായിരുന്നു. മത്താ.26:12-ൽ "അവൾ ഈ തൈലം എന്റെ ദേഹത്തിന്മേൽ ഒഴിച്ചത് എന്റെ ശവസംസ്ക്കാരത്തിനായി ചെയ്തതാകുന്നു. അവൻ ജഡരക്തങ്ങളോടുകൂടിയവനായി" (എബ്രാ.2:14). "ഒരു ശരീരം നീ എനിക്കൊരുക്കി" (എബ്രാ.10:5). "ക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗം" (എബ്രാ.10:10). "ഞാൻ തന്നെയാകുന്നു എന്ന് എന്റെ കയ്യും കാലും നോക്കി അറിവിൻ, എന്നെ തൊട്ടുനോക്കുവിൻ. എന്നിൽ കാണുന്നതുപോലെ ഭൂതത്തിന്



ഞാൻ സിൽജി. ഭർത്താവിന്റെ പേര് സിറിൽ. വയറ്റിൽ ഭയങ്കര വേദനയും പുകച്ചിലും കാരണം ഞങ്ങൾ തൊടുപുഴ കാരിക്കോട് ആശുപത്രിയിൽ പോയി സ്കാനിംഗെടുത്തു. യൂട്രസ്സിൽ മുഴയാണെന്ന് ഡോക്ടർ പറഞ്ഞു.2016 ഫെബ്രുവരി മാസം 16-ാം തീയ്യതി ദേവസ്യാസാർ കോതമംഗലത്ത് കല ഓഡിറ്റോറിയത്തിൽ ധ്യാനം നടത്തുമ്പോൾ ഞങ്ങളും ആ ധ്യാനത്തിൽ പങ്കെടുത്തു. സാർ പ്രാർത്ഥിച്ചിട്ട് മുഴയെല്ലാം മാറി, കർത്താവ് സുഖപ്പെടുത്തിയെന്ന് പറഞ്ഞു. പിറ്റെ ആഴ്ച ഞങ്ങൾ വീണ്ടും സ്കാൻ ചെയ്ത് നോക്കിയപ്പോൾ മുഴ നിശ്ശേഷം സുഖപ്പെട്ടതായി മനസ്സിലായി. ജീവനുള്ള ദൈവമെ യേശുവെ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു.

സിൽജി, മുട്ടം, തൊടുപുഴ
Ph:9744683139

**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട് (ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |




"അസ്ഥിയും ഇല്ലല്ലോ" (ലൂക്കോ.24:39).

കേവലം മനുഷ്യത്വം കൂടി ക്രിസ്തുവിനുണ്ടായിരുന്നതുകൊണ്ടാണ് ശ്കതി ലഭിക്കാൻ വേണ്ടി പ്രാർത്ഥിച്ചത് (എബ്രാ.5:7). "ക്രിസ്തു തന്റെ ഐഹീകജീവിതകാലത്തു തന്നെ മരണത്തിൽനിന്നു രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിക്കുകയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കുകയും ചെയ്തു".

മനുഷ്യപുത്രൻ, ദാവീദുപുത്രൻ, നസ്രായൻ, തച്ചന്റെമകൻ, പ്രവാചകൻ, ദാസൻ, സ്ത്രീയുടെ സന്തതി എന്നിങ്ങനെ അനേകം പേരുകൾ യേശുക്രിസ്തുവിനുണ്ടായിരുന്നു. അവൻ നിഷ്പാപനായിരുന്നു. പക്ഷെ എല്ലാവിധ പരിശോധനകളിലൂടെയും അവൻ കടന്നുപോയി വിജയം വരിച്ചു എന്ന് ബൈബിൾ പഠിപ്പിക്കുന്നു. പിശാചിനാലും പരീക്ഷിക്കപ്പെട്ടായിരുന്നു.

**ത്രിത്വോപദേശം**

ത്രിത്വം അഥവാ ത്രീയേക ദൈവമെന്നത് ദൈവത്തിന്റെ തന്നെ വ്യവസ്ഥയാണ്; മനുഷ്യന്റേതല്ല. 66 പുസ്തകങ്ങളടങ്ങിയ വിശുദ്ധ ബൈബിളിലുള്ള വ്യത്യസ്ത ഉപദേശങ്ങളിൽ സുപ്രധാനമായ, ക്രിസ്തുവിന്റെ ദൈവത്വവും മാനവികതയും നാം സ്ഥലപരിമിതിയിലൊതുങ്ങിനിന്ന് ചർച്ച ചെയ്യുകയുണ്ടായി.

ദൈവം ദൈവത്തെതന്നെ മനുഷ്യനു പകർന്നുകൊടുക്കുകയെന്നത് ദൈവത്തിന്റെ മാത്രം പദ്ധതിയാണ്. അനാദിയിലേ ഉള്ള പദ്ധതി. ലോകത്തിലെ ഏറ്റവും വലിയ സമ്പന്നർ ഒന്നിച്ചുകൂടി മുതൽ മുടക്കി ഒരു വ്യാപാരം നടത്തുകയാണെങ്കിൽ ആ സമ്പന്നരുടെ എത്ര ചിലവഴിച്ചാലും അവസാനിക്കാത്ത, സമ്പത്ത് ലാഭച്ഛേതങ്ങൾ നോക്കാതെ എന്നും മുടക്കിക്കൊണ്ടിരുന്നാലെന്നപോലെ ത്രീയേകദൈവമാകുന്ന സമ്പന്നനും, സർവ്വശക്തനും, സർവ്വജ്ഞാനിയുമായവൻ മനുഷ്യവർഗ്ഗത്തിനെന്നും തന്നെത്തന്നെ പകർന്നുകൊടുത്തുകൊണ്ടിരിക്കുക



ഞാൻ ശ്രിത. ഭർത്താവ് ശ്രീകാന്ത് ഡൽഹിയിൽ ജോലിയാണ്. 1 മാസം പ്രായമായ ഈ കുഞ്ഞിനെ കർത്താവ് എനിക്കു ദാനമായി തന്നത് സാക്ഷ്യപ്പെടുത്താനാണ് ഇതെഴുതുന്നത്. എന്റെ വിവാഹം കഴിഞ്ഞ് 3 വർഷമായിട്ടും കുഞ്ഞുങ്ങളുണ്ടാകാതെ വളരെയധികം പ്രയാസത്തിലും മനോവേദനയിലുമായിരുന്നു. അങ്ങനെയിരിക്കെ എന്റെ അച്ഛന്റെ കുടുംബസുഹൃത്തായ അഭിയേട്ടന്റെ വീട്ടിൽ പ്രാർത്ഥനയ്ക്ക് ദേവസ്യാസാർ വരുന്നുവെന്നറിഞ്ഞ് ഞങ്ങളെല്ലാവരുംകൂടി അവിടെ പോയി. സാർ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. 5 മാസത്തിനകം കുഞ്ഞിനെ ഉദരത്തിൽ ലഭിക്കുമെന്ന് യേശുവിന്റെ നാമത്തിൽ പ്രവചിച്ചു പറഞ്ഞു. ഞങ്ങൾ അത് വിശ്വസിച്ചു. സാർ പറഞ്ഞതുപോലെ തന്നെ 5 മാസം തികഞ്ഞപ്പോൾ ഞാൻ ഗർഭിണിയായി. ദൈവംഎനിക്കുതന്ന സമ്മാനവുമായി ആനമലയിലുള്ള ഈ മീറ്റിംഗിൽ സാക്ഷ്യപ്പെടുത്തുവാൻ വന്നു.

ശ്രിത & ശ്രീകാന്ത്, പാലക്കാട്.






തന്നെ വേണമെന്നത് ലോകസ്ഥാപനത്തിനുമുമ്പേയുള്ള പദ്ധതിയാണ് (എഫേ.1:4). നമുക്കറിയാം, ദൈവത്തിന് ആത്മാവായിട്ടു മാത്രമെ, മനുഷ്യരുടെ ഹൃദയത്തിൽ വസിക്കാൻ പറ്റുകയുള്ളുവെന്ന്.

"നിങ്ങളോ ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നു വരികിൽ ജഡസ്വഭാവമുള്ളവരല്ല ആത്മസ്വഭാവമുള്ളവരത്രെ. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല. ക്രിസ്തു നിങ്ങളിലുണ്ടെങ്കിലോ ശരീരം പാപം നിമിത്തം മരിക്കേണ്ടതാണെങ്കിലു ആത്മാവ് നീതി നിമിത്തം ജീവനാകുന്നു. യേശുവിനെ മരിച്ചവരിൽനിന്നുയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ ക്രിസ്തുവിനെ മരണത്തിൽ നിന്നുയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ട് നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും" (റോമ.8:9,10,11). ഈ തിരുവചനങ്ങളിലുള്ള ആശയങ്ങൾ

1. ദൈവാത്മാവുള്ളിൽ വരുന്നതോടെ ജഡികൻ പിന്നെ ജഡികനല്ല ആത്മീയനാണ്.

2. ഒരുവൻ ക്രിസ്ത്യാനിയാണെന്ന് പറയുകയും ക്രിസ്തുവിന്റെ ആത്മാവിൽ നിറഞ്ഞില്ല എന്ന് പറയുകയും ചെയ്യുന്നത് എങ്ങനെ പൊരുത്തപ്പെടും? ക്രിസ്ത്യാനിയാണൊ ക്രിസ്തു ആത്മാവായി അകത്തുണ്ടാകും. ക്രിസ്തു ആത്മാവായി അകത്തില്ലേ, അവൻ ക്രിസ്ത്യാനിയല്ല.

3. നമ്മുടെ ശരീരം പാപരസപ്രദമാണ്. ക്രിസ്തു ആത്മാവായി ഉള്ളിൽ വരുന്നതോടെ സകല ശിക്ഷയും ഒഴിവാകയും, ആത്മാവ് നീതി നിമിത്തം ജീവന്റെ ജീവനായി നമ്മെ പുണ്യരസപ്രദമാക്കുകയും ചെയ്യും.

4. യേശുവിനെ ഉയിർപ്പിച്ച പരിശുദ്ധാത്മാവ് നമ്മെയും അമർത്യനാക്കും.

അതായത് – പിതാവും പുത്രനും പരിശുദ്ധാത്മാവും, ആത്മാവായി നമ്മിൽ വസിക്കുക എന്ന സംഭവം നടക്കുക എന്നത് ദൈവത്തിന്റെ എക്കാലത്തെയും പദ്ധതിയാണ്. എല്ലാവർക്കും ദൈവവും പിതാവുമായവൻ (എഫേ.4:6). യേശുവും (2 കൊറി.13:5) പരിശുദ്ധാത്മാവും (റോമ.8:11) നമ്മിൽ ആത്മാവായി വസിക്കുന്നുവെന്ന് ബൈബിൾ പഠിപ്പിക്കുന്നു. 2 തിമോ.4:22-ൽ പറയുന്നു യേശു ക്രിസ്തു നിന്റെ ആത്മാവോടുകൂടെയിരിക്കട്ടെ.

പിതാവ് ആത്മാവിലാണല്ലോ. പരിശുദ്ധാത്മാവും ആത്മാവിലാണല്ലോ. ക്രിസ്തുവും ആത്മാവിലായാലല്ലേ നമ്മിൽ ത്രീത്വത്തിന് വസിക്കാൻ പറ്റുകയുള്ളു. 1 കൊറി.15:45-ൽ ബൈബിൾ പഠിപ്പിക്കുന്നു ഒടുവിലത്തെ ആദാം (യേശുക്രിസ്തു) മരിച്ചുയിർത്തു ആത്മാവായി തീർന്നുവെന്ന്.

ദൈവം ഏകനാണ് എന്നാൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്തങ്ങൾ (വ്യക്തിത്വങ്ങൾ) ഉള്ളവനാണ്. ദൈവത്വത്തിൽ മൂന്ന് ആളത്തങ്ങളുണ്ടെങ്കിലും സാരാംശത്തിലേകനാണ്. സുവിശേഷം നേരാംവണ്ണം അറിയണമെങ്കിലും സുവിശേഷത്തിന്റെ അർത്ഥതലങ്ങൾ മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കണമെങ്കിലും വിശ്വാസവിശുദ്ധ തത്വമീമാംസകളാൽ ഉള്ളം നിറഞ്ഞ് കവിയണമെങ്കിലും വേദപുസ്തക പരിജ്ഞാനം പൂർണ്ണമാകണമെങ്കിലും ത്രീത്വോപദേശത്തിൽ നമുക്ക് സംശയമുണ്ടാകരുത്. പഴയനിയമ വെളിപാട് ഏകദൈവമെന്നതാണ്. പുതിയനിയമവെളിപാട് ത്രീയേകദൈവമെന്നതുമാണ്. ഈ പഴയനിയമവെളിപാടിൽ പുതിയനിയമവെളിപാട് നിഗൂഹനം ചെയ്തിട്ടുണ്ട്. "ഏകദൈവമല്ലാതെ ദൈവമില്ല" എന്നും (1 കൊറി.8:4) "ഏകസത്യദൈവമായ നിന്നെയും" (യോഹ.17:3) എന്നും, "ദൈവം ഒരുവനല്ലോ" (1 തിമോ.2:5) എന്നും യഹോവ എന്ന ഏക ദൈവത്തേപ്പറ്റി പുതിയനിയമവും പഠിപ്പിക്കുന്നുണ്ട്. പക്ഷെ ആ ഏകദൈവത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് വ്യക്തികളുണ്ട് .ഈ ഉപദേശം പുതിയനിയമത്തിലെ സുപ്രധാന ഉപദേശമാണ്.

ലൂക്കോ. 3-ലേയ്ക്ക് പോയി 21,22 തിരുവെഴുത്തുകൾ നോക്കാം. "ജനം എല്ലാം സ്നാനമേൽക്കുകയിൽ യേശുവും സ്നാനമേറ്റ് പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗം തുറന്നു. പരിശുദ്ധാത്മാവ് ദേഹരൂപത്തിൽ പ്രാവെന്ന




പോല അവന്റെമേലിറങ്ങിവന്നു. നീ എന്റെ പ്രിയ പുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നുവെന്ന് സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദവുമുണ്ടായി". മത്താ. 3–ൽ 16,17 വാക്യങ്ങളിലേയ്ക്കെത്താം. "യേശു സ്നാനമേറ്റയുടനെ വെള്ളത്തിൽ നിന്ന് കയറി; അപ്പോൾ സ്വർഗ്ഗം തുറന്നു. ദൈവാത്മാവ് പ്രാവെന്നപോലെ ഇറങ്ങി തന്റെമേൽ വരുന്നത് അവൻ കണ്ടു; ഇവനെന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നുവെന്ന് സ്വർഗ്ഗത്തിൽ നിന്നൊരുശബ്ദവുമുണ്ടായി".

ഇനി നമുക്ക് മർക്കോ.1:9,10, 11 വാക്യങ്ങളിലേയ്ക്ക് പോകാം. "ആ കാലത്ത് യേശു ഗലീലയിലെ നസ്രത്തിൽ നിന്ന് വന്ന് യോഹന്നാനാൽ യോർദ്ദാനിൽ സ്നാനം ഏറ്റു. വെള്ളത്തിൽ നിന്ന് കയറിയയുടനെ ആകാശം പിളരുന്നതും ആത്മാവ് പ്രാവുപോലെ തന്റെ മേൽ വരുന്നതും കണ്ടു. നീ എന്റെ പ്രിയ പുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. എന്ന് സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദവുമുണ്ടായി."

മാനുഷികബന്ധത്തിൽ പറഞ്ഞാൽ പോലും പിതാവ്, പുത്രൻ എന്നീ പേരുകൾ രണ്ടും രണ്ട് വ്യക്തികളാണെന്നത് വ്യക്തമാണ്. അവരോടൊപ്പം മൂന്നാമനായി പറഞ്ഞിരിക്കയാൽ പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണെന്ന് ആർക്കും മനസ്സിലാകും. പിതാവിന്റെയും പുത്രന്റെയും സമസ്വഭാവത്തിലും തുല്യതയിലുമാണ് പരിശുദ്ധാത്മാവും സ്ഥിതി ചെയ്യുന്നതെന്ന് കാണാം. 1 കൊറി.12–ൽ 4,5,6 കുറിയ്ക്കട്ടെ. "എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസമുണ്ട്; ആത്മാവ് ഒന്നത്രെ, ശുശ്രൂഷകളിൽ വ്യത്യാസമുണ്ട്, കർത്താവ് ഒരുവൻ, വീര്യപ്രവൃത്തികളിൽ വ്യത്യാസമുണ്ട് എങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നെ".

ദൈവം മൂന്ന് വ്യക്തിത്വങ്ങളാണ്. ഓരോ വ്യക്തിയും സമ്പൂർണ്ണദൈവവുമാണ്. എന്നാൽ ഏകദൈവമേയുള്ളുതാനും. പിതാവ് പുത്രനോ പരിശുദ്ധാത്മാവൊ അല്ല. പുത്രൻ പിതാവൊ പരിശുദ്ധാത്മാവൊ അല്ല. പരിശുദ്ധാത്മാവ് പുത്രനൊ പിതാവൊ അല്ല. ഇവരെല്ലാം പ്രത്യേകം പ്രത്യേകം വ്യക്തികളാണ്. മത്ത.28:19–ൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കൊടുക്കുവാൻ ആവശ്യപ്പെടുന്നുവല്ലോ. യോഹന്നാൻ 15:26 –ഉം 16:14–ഉം കുറിയ്ക്കാം. "ഞാൻ പിതാവിന്റെയടുക്കൽ നിന്ന് നിങ്ങൾക്ക് അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെയടുക്കൽ നിന്ന് പുറപ്പെടുന്ന സത്യാത്മാവു വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും (യോഹ.15:26). "അവൻ എനിക്കുള്ളതിൽ നിന്നെടുത്ത് നിങ്ങൾക്കറിയിച്ചു തരുന്നതുകൊണ്ട് എന്നെ മഹത്വപ്പെടുത്തും" (യോഹ.16:14).

അതായത്, പുത്രൻ പിതാവിനെ വെളിപ്പെടുത്തുകയും മഹത്വപ്പെടുത്തുകയുമാണല്ലോ ജീവിതത്തിലൂടെ ചെയ്തത്. അതുപോലെ തന്നെ പരിശുദ്ധാത്മാവ് യേശുക്രിസ്തുവിനെ വെളിപ്പെടുത്തുകയത്രെ ചെയ്തത്. യോഹ.3:3, 3:5 വചനങ്ങളിൽ പറയുന്ന പുതുജനനം നടത്തുന്നതൊക്കെയും പരിശുദ്ധാത്മാവാണല്ലോ. യോഹ.16:8 അനുസരിച്ച് പാപബോധം വരുത്തുന്നതെല്ലാം പരിശുദ്ധാത്മാവാണ്. സകലതും പരിശുദ്ധാത്മാവാണ് ചെയ്യുന്നത്.

പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നുവെന്ന് അനേകം വചനങ്ങളിൽ കാണുന്നു. 1 കൊറി.3:16, കൊളോ.6:6, ഗലാ.2:29, യോഹ.14:23. പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നതിന്റെ അർത്ഥമെന്ത്? ത്രീയേക ദൈവം നമ്മിൽ വസിക്കുന്നു എന്നു തന്നെയാണ്.

പിതാവിനോടും പുത്രനോടുമൊപ്പം സകല അനുഗ്രഹങ്ങളുടെയും കലവറയായും പരിശുദ്ധാത്മാവ് നിലകൊള്ളുന്നു. "യിസ്രയേലെ കേൾക്ക, യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻ തന്നെ" (ആവ.6:4)എന്നിടത്ത് മാത്രമല്ല "ഞാനാദ്യനും അന്ത്യനുമാകുന്നു. ഞാനല്ലാതെ ഒരു ദൈവവുമില്ല" (യെശ.44:6).

"ഞാനല്ലാതെ വേറൊരു ദൈവവുമില്ലല്ലോ" (യെശ.45:5). എന്നിടത്തൊക്കെയും ഏകദൈവമേയുള്ളു എന്നത് മാത്രം കാണുന്നവർ മനസ്സിലാക്കേണ്ട മർമ്മമാണ്, ദൈവം ത്രീയേക ദൈവമാണെന്നത്.

(അടുത്ത ലക്കം തുടർച്ച)




യു.എസ്.എ: 2017 ഓടുകൂടി അമേരിക്കയിലെ എല്ലാ വ്യക്തികളുടെയും ശരീരത്തിൽ RFID എന്ന മൈക്രോചിപ്പ് ഘടിപ്പിക്കുമെന്ന് NBC ന്യൂസ് ചെയ്യുന്നു. വ്യക്തികളെ തിരിച്ചറിയുക എന്നതാണ് പ്രഖ്യാപിത ലക്ഷ്യം. 'ഞാൻ ആരാണെന്ന് പറയുക' എന്നതാണ് ഈ സാങ്കേതിക വദ്യയ്ക്ക് ശാസ്ത്രജ്ഞർ ഇട്ടിരിക്കുന്ന പേര്. ഈ ചിപ്പ ശരീരത്തിൽ ഘടിപ്പിക്കുന്നതോടെ ഗവൺമെന്റിന് ആ വ്യക്തിയുടെ മേൽ പൂർണ്ണ നിയന്ത്രണം ലഭിക്കുന്നു. അദ്ദേഹം എന്തു കഴിക്കുന്നു, എത്രയളവിൽ കഴിക്കുന്നു, എത്ര തുക താൻ സ്വരൂപിക്കുന്നു, എന്തിനെല്ലാം ഉപയോഗിക്കുന്നു, താൻ എവിടെയൊക്കെ പോകുന്നു, എന്തെല്ലാം ചെയ്യുന്നു എന്നിങ്ങനെ ആ വ്യക്തിയുടെ സമസ്ത കാര്യങ്ങളെയും വ്യക്തമായി, അതത് സമയത്ത് മനസ്സിലാക്കുവാൻ ടി പി എസ്സ് സെൻസറിംഗ് സംവിധാനമുള്ള ഈ ചിപ്പ് ഉപകരിക്കുമെന്നതാണ് ഈ ചിപ്പിന്റെ പ്രത്യേകത.

എതിർക്രിസ്തുവിന്റെ ഭരണത്തിലേക്കുള്ള ചുവടുവെയ്പുകൾക്ക് നാം സാക്ഷ്യം വഹിക്കുകയാണ്. താമസം വിനാ 666 എന്ന മുദ്ര ചിപ്പുകൾ വഴി നിർബ്ബന്ധിത മുദ്രയായി എല്ലാ മനുഷ്യശരീരത്തിലും ആലേഖനം ചെയ്യപ്പെടാം.

ആഗോളവ്യാപകമായി വളർന്നു വരുന്ന തീവ്രവാദവും അജ്ഞാത മനുഷ്യചാവേർ ആക്രമണങ്ങളും നിയന്തിക്കുവാൻ ഇത്തരത്തിലൊരു സംവിധാനം ആവശ്യമാമെന്ന് എല്ലാ രാജ്യങ്ങളും ജനവിഭാഗങ്ങളും ചിന്തിക്കുന്നു. അതുകൊണ്ട് RFID ചിപ്പ് മുഖേന എല്ലാ മനുഷ്യരെയും ഒരു പൊതുനിയന്തണനസംവിധാനവുമായി ബന്ധിപ്പിക്കുവാനും എതുപയോഗിച്ച് വ്യക്തികളെ ഗവൺമെന്റിന് / ഭരണകർത്താവിന് നിയന്ത്രണത്ിൽ കൊണ്ടുവരുവാൻ വളരെ എളുപ്പത്തിൽ സാധിക്കും.

എതിർക്രിസ്തുവിന്റെ വരവിനു വഴിയൊരുക്കുന്ന സംഭവവികാസങ്ങൾ അമേരിക്കയിൽ അരങ്ങേറിത്തുടങ്ങി.

നാളെ അമേരിക്കയിൽ ബൈബിൾ തന്നെ നിരോധിക്കപ്പെടാം. എതിർക്രിസ്തുവിന്റെ ഭരണത്തിനായി ലോകത്തിലെ പ്രധാന ശക്തിയായ അമേരിക്ക ഒരുങ്ങുമ്പോൾ രക്ഷിക്കപ്പെട്ട ദൈവജനം ഒരു കാര്യം ശ്രദ്ധിക്കാൻ ആവശ്യമുണ്ട്. നമ്മുടെ യേശുവിന്റെ വരവ് ഏതുനിമിഷവും സംഭവിക്കാം. എത്രയുംവേഗം അത് സംഭവിക്കും.

ക്രിസ്തുവിന്റെ ന്യായാസനം നമുക്ക് വെളിപ്പെടുവാനുള്ള സമയം ആസന്നമായി. പ്രതിഫലനങ്ങൾ പ്രാപിക്കുവാൻ ഒരുങ്ങി നിൽക്കുവാൻ യേശു നമ്മെ സഹായിക്കട്ടെ.

കടപ്പാട്:
internet

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLYMAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O.,
   Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O
   Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O.,
   Cherupuzha
   670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara




| | | |
|---|---|---|
| ജൂൺ | 19 | കോഴിക്കോട് വ്യാപാരഭവൻ. കൺവെൻഷൻ. കുരിശുപള്ളിക്ക് സമീപം. Ph:9961854203 **10am to 3pm** |
| ജൂൺ | 20-24 | ഭവനസന്ദർശനം. പെരുമ്പാവൂർ |
| ജൂൺ | 25 | പെരുമ്പാവൂർ. കൺവെൻഷൻ. കല്ലിങ്കൽ ഓഡിറ്റോറിയം, Ph:9947142748 **10am to 3pm** |
| ജൂലൈ | 3 | എറണാകുളം. കൺവെൻഷൻ, പാലാരിവട്ടം ചർച്ച്ഹാൾ **10am to 3pm** Ph:9388487301, 9745971555, 9947217398 |
| ജൂലൈ | 4-8 | വിവിധ സഭാ ഭവനസന്ദർശനം |
| ജൂലൈ | 9 | തിരുവല്ല കൺവെൻഷൻ . ആത്മാഭിഷേകം ന്യൂ ചർച്ച് ഹാൾ മഞ്ഞാടി Ph:9446745148 |
| ജൂലൈ | 10 | പാറശ്ശാല കൺവെൻഷൻ. ആത്മാഭിഷേകം വർഷിപ്പ് സെന്റർ, ഷീലാ കോട്ടേജ്, പുത്തൻകട, റെയിൽവെപാലത്തിന് സമീപം Ph:9744569559 **10am to 1.30pm** തിരുവനന്തപുരം. കൺവെൻഷൻ. പരുത്തിപ്പാറ ഗ്രേസ്മിനിഹാൾ Ph:9446718242 **2 am to 6 pm** |
| ജൂലൈ | 11-16 | വിവിധ സഭാ ഭവനസന്ദർശനം |
| ജൂലൈ | 17 | കോഴിക്കോട് കൺവെൻഷൻ. വ്യാപാരഭവൻ. (കുരിശുപള്ളിക്ക് സമീപം). Ph:9961854203 10am 3pm |

## USA, CANADA & DUBAI Healing and Deliverance Meetings

| | | |
|---|---|---|
| ജൂലൈ 19- ആഗസ്റ്റ് 1 | | Dallas (TX.USA) cont.no: 001 469 328 0618, 001 972 226 4140 Br.Raju sunny Vayal, Rocky point Court 75182. Dallas Pr.Praveen. Dallas 001 516 666 3840 |
| ആഗസ്റ്റ് | 2-8 | Chicago. cont.no: 001 630 279 4232, Evangelist: Babu & Elsy |
| ആഗസ്റ്റ് | 9-14 | Canada. cont.no: pr.Dollet: 001 226 224 1417, 001 591 681 6607 |
| ആഗസ്റ്റ് | 15-18 | Newyork (USA) cont.no: 001 315 299 4057 (Varkey sir) |
| ആഗസ്റ്റ് | 18-26 | U.A.E (Dubai, Sharjah & Abu Dhabi) Pr. Jiji Antony, cont.no: **00971 503 631158** |
| ആഗസ്റ്റ് | 28 | എറണാകുളം കൺവെൻഷൻ. പാലാരിവട്ടം ചർച്ച് ഹാൾ. 10 am-3 pm Ph:9388487301, 9745971555, 9947217398 |

എല്ലാ രണ്ടാം ശനിയാഴ്ചകളിലും **തിരുവല്ല** കൺവെൻഷൻ. ആത്മാഭിഷേകം ന്യൂ ചർച്ച് ഹാൾ മഞ്ഞാടി. Ph:9446745148

എല്ലാ രണ്ടാംശനിയും കഴിഞ്ഞുവരുന്ന ഞായറാഴ്ചകളിൽ **തിരുവനന്തപുരം,** പാറശ്ശാല കൺവെൻഷൻ Ph:9744569559, 9446718242

എല്ലാ മൂന്നാം ഞായറാഴ്ചകളിലും **കോഴിക്കോട്** കൺവെൻഷൻ, വ്യാപാരഭവൻ (കുരിശുപള്ളിക്ക് സമീപം) Ph:9961854203

ATHMABHISHEKAM MONTHLY
2016 JUNE
RNI NO. KER - MAL/2003/12060 - KL/KNR/41/2016-18

Licence to post without pre payment
NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th June 2016

Rs.20.00




Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod (Dt).